(സി) സംസ്ഥാനത്തെ തൊഴിലില്ലായ്മ പരമാവധി കുറയ്ക്കുവാൻ വേണ്ടി സ്വയംതൊഴിൽ കണ്ടെത്താൻ പ്രോത്സാഹനം നല്കുകയാണ് ഇതിന്റെ ലക്ഷ്യം.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അർഹരായ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. ആകെ 14,343 അപേക്ഷകൾ ലഭിക്കുകയും ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നടത്തിയ പ്രാഥമിക പരിശോധനയുടെ അടിസ്ഥാനത്തിൽ 8004 അപേക്ഷകൾ പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ജില്ലാ സമിതി എറണാകുളം ജില്ലയിൽ കൂടിയിട്ടില്ല. ബാക്കിയുള്ള ജില്ലകളിൽ എല്ലാംകൂടി ജില്ലാ സമിതി പാസ്സാക്കിയ അപേക്ഷകളുടെ എണ്ണം 4810 ആണ്. ജില്ലാ സമിതി പാസ്സാക്കിയ ഗുണഭോക്താക്കളുടെ അപേക്ഷകൾ വായ്പ അനുവദിക്കുന്നതിനായി ബാങ്കുകളിലേയ്ക്കും മറ്റ് ധനകാര്യസ്ഥാപനങ്ങളിലേയ്ക്കും അയച്ചുകൊണ്ടിരിക്കുകയാണ്. ഇതുവരെ 207 ഗുണഭോക്താക്കൾക്ക് വായ്പ നല്കിയിട്ടുണ്ട്. കെസ്റുവിന്റെ സംസ്ഥാനതല ഉദ്ഘാടനം 9.10.2000-ൽ പാലക്കാട് വെച്ച് നടന്നു. ഈ പദ്ധതിയിലേയ്ക്ക് കൂടുതൽ പ്രചാരം നല്കുന്നതിനായി ജില്ലാതലത്തിലും താലൂക്ക്തലത്തിലും ശില്പശാലകൾ നടന്നുകൊണ്ടിരിക്കുകയാണ്. അപേക്ഷ സമർപ്പിക്കുവാൻ അവസരം നല്കണമെന്ന യുവജനങ്ങളുടെ ആവശ്യപ്രകാരം 1.12.2000 മുതൽ 31.12.2000 വരെ അപേക്ഷകൾ സ്വീകരിക്കുന്നതിന് അവസരം നല്കിയിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെസ്റു പദ്ധതിയുടെ പ്രചാരണത്തിനായി ബഹുവർണ പോസ്റ്ററുകളും ആകർഷകങ്ങളായ വർണബ്രോഷറുകളും അച്ചടിച്ചു വിതരണം ചെയ്തു കഴിഞ്ഞു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ, പ്രധാനപ്പെട്ട ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷൻ, ജനങ്ങൾ ധാരാളമായി എത്തുന്ന സർക്കാർ ഓഫീസുകൾ (കളക്ടറേറ്റുകൾ, താലൂക്ക് ഓഫീസുകൾ, പഞ്ചായത്ത് ഓഫീസുകൾ) എന്നിവിടങ്ങളിൽ പോസ്റ്ററുകൾ പതിച്ചിട്ടുണ്ട്. കൂടാതെ വിവിധ കേന്ദ്രങ്ങളിൽ ബോധവത്കരണ സമ്മേളനങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

(എഫ്) ഒരു വ്യക്തിക്ക് 30,000 രൂപ മുതൽ പരമാവധി 50,000 രൂപ വരെ വായ്പ നല്കുന്നുണ്ട്. കൂടാതെ ഒന്നിൽ കൂടുതൽ വ്യക്തികൾക്ക് കൂട്ടായും സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. സംഖ്യയുടെ 15% സർക്കാർ സബ്സിഡി നല്കുന്നു. കൂടാതെ 5% വരെ ഇന്ററസ്റ്റ് സബ്സിഡിയും നല്കുന്നു.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

(എച്ച്) ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഈ വർഷം 1.12.2000 മുതൽ 31.12.2000 വരെ അപേക്ഷകൾ സ്വീകരിക്കുവാൻ അവസരം നല്കിയിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

II. അടിയന്തിര പ്രമേയം

(1) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ വിഷമദ്യദുരന്തം

മി.സ്പീക്കർ : ഓർഡർ, ഓർഡർ.....

LIBRARY ARCHIVES Kerala Legislative Assembly

വളരെയധികം പേർ മരിക്കുന്നതിനും അനവധി ആളുകളുടെ കാഴ്ച നഷ്ടപ്പെടുന്നതിനും ഇടയാക്കിക്കൊണ്ട് കല്ലുവാതുക്കൽ, പള്ളിക്കൽ ഉൾപ്പെടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായ വിഷമദ്യദുരന്തവും, അതിനുത്തരവാദികളായ മദ്യമാഫിയയേയും അവർക്ക് അരു നിന്ന അധികാരികളേയും പിടികൂടി നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന വീഴ്ചയും കാരണം സംസ്ഥാനത്ത് ആകമാനം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ആർ.ബാലകൃഷ്ണപിള്ള, പി.കെ.കുഞ്ഞാലിക്കുട്ടി, കെ.എം.മാണി. ടി.എം.ജേക്കബ്, ബാബു ദിവാകരൻ, ജി. കാർത്തികേയൻ, ശ്രീമതി കെ.ആർ.ഗൗരിയമ്മ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് ചെയറിന് ഒരു നോട്ടീസ് നല്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി.....

ശ്രീ. എൻ.അനിരുദ്ധൻ : സർ, എന്റെ നിയോജകമണ്ഡലത്തിലാണ് ഈ സംഭവം നടന്നത് .....

മി.സ്പീക്കർ : ശ്രീ. എൻ. അനിരുദ്ധൻ രണ്ടു ദിവസം മുമ്പ് ഒരു നോട്ടീസ് കല്ലുവാതുക്കൽ ദുരന്തങ്ങളെ സംബന്ധിച്ച് ചെയറിന് നല്കിയിട്ടുണ്ട്.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി.ശിവദാസമേനോൻ) : സർ, 2000 ഒക്ടോബർ 22-ാം തീയതി കൊല്ലം ജില്ലയിലെ കല്ലുവാതുക്കൽ, പള്ളിക്കൽ, മൈലം, പട്ടാഴി എന്നിവിടങ്ങളിലും തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറത്തുമായി 31 പേർ വിഷമദ്യം കഴിച്ച് മരിക്കാനുണ്ടായ ദാരുണമായസംഭവം ഏവർക്കും ദുഃഖകരമാണ്. 1996-ൽ ചാരായ നിരോധനം ഏർപ്പെടുത്തിയതിനുശേഷം പോലീസ്, റവന്യൂ, എക്സൈസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാർക്ക് കൂടുതൽ അധികാരങ്ങൾ നല്കിക്കൊണ്ടും അബ്കാരി ആക്ടിലെ എല്ലാ വകുപ്പുകളിലും കുറ്റകൃത്യങ്ങൾക്കുള്ള ശിക്ഷ വർദ്ധിപ്പിച്ചുകൊണ്ടും വ്യാജമദ്യ ഉത്പാദനവും ശേഖരണവും വില്പനയും തടയുന്നതിനുവേണ്ടിയുള്ള ശക്തമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. വാഹന പരിശോധന കർശനമാക്കുകയും രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തുകയുംചെയ്തു. ചെക്ക് പോസ്റ്റുകളിലെ വാഹന പരിശോധന കർശനമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചാരായ നിരോധനം ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി സംസ്ഥാന ജില്ലാ ബ്ലോക്ക് തലങ്ങളിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്രയൊക്കെ സംവിധാനങ്ങളുണ്ടായിട്ടും കേരളത്തിൽ 12.2.1981 ൽ പുനലൂരിൽ 41 പേരുടെ മരണത്തിനും 2.9.1982 ൽ വൈപ്പിനിൽ 76 പേരുടെ മരണത്തിനും 3.9.1993 ൽ അഞ്ചലിൽ 6 പേരുടെ മരണത്തിനും 1.10.1995 ൽ മട്ടാഞ്ചേരിയിൽ 13 പേരുടെ മരണത്തിനും ഇടയായ ദുരന്തം പോലെ 2000 ഒക്ടോബറിൽ കല്ലുവാതുക്കലിൽ 18 പേരും പള്ളിക്കൽ -മൈലം പ്രദേശങ്ങളിൽ 9 പേരും പട്ടാഴിയിൽ 2 പേരും തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറത്ത് 2 പേരും ഉൾപ്പെടെ 31 പേരുടെ മരണത്തിനിടയാക്കിയ ദാരുണ സംഭവം ആവർത്തിച്ചിരിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തന്നെ ചാരായ നിരോധനം നടപ്പിലാക്കുന്നതിനു വേണ്ട ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 1998 ൽ 3920 കേസുകളും 1999-ൽ 4339 കേസുകളും എക്സൈസ് വകുപ്പു കണ്ടുപിടിച്ചിട്ടുണ്ട്. കേസുകളുടെ എണ്ണത്തിൽ 1998 നേക്കാൾ വലിയ വർദ്ധന 1999 ൽ ഉണ്ടായിട്ടുണ്ട്.ഈ വർദ്ധനവ് നടപ്പുവർഷത്തിലും ഉണ്ടായിട്ടുണ്ട്. 2000 ഒക്ടോ

LIBRARY ARCHIVES Kerala Legislative Assembly

ബർ മാസം വരെ 3613 കേസ്സുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. പോലീസ് വകുപ്പ് പിടിച്ചെടുത്ത കേസുകളിലും വൻ വർദ്ധനവുണ്ടായിട്ടുണ്ട്. 1998 ൽ 5032 കേസുകളായിരുന്നെങ്കിൽ 1999 ൽ അത് 5256 ആയി ഉയർന്നിട്ടുണ്ട്. വ്യാജ മദ്യം പിടിച്ചെടുക്കുന്ന കാര്യത്തിലും എക്സൈസ് വകുപ്പ് കാര്യമായി പ്രവർത്തിച്ചതായി കാണാവുന്നതാണ്. 1996-ൽ 81256 ലിറ്റർ സ്പിരിറ്റ് പിടിച്ചപ്പോൾ 1997 ൽ 103024 ലിറ്ററും ഈ വർഷം ഇതുവരെ 304340 ലിറ്ററും പിടിച്ചെടുത്തിട്ടുണ്ട്. പിടിച്ചെടുത്ത സ്പിരിറ്റിന്റെ അളവ് മൂന്നിരട്ടിയായതായി കാണാവുന്നതാണ്. പിടിച്ചെടുത്തതോ നശിപ്പിച്ചതോ ആയ വ്യാജ ചാരായത്തിന്റെ അളവും കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ വർദ്ധിച്ചിട്ടുണ്ട്. വാഹനങ്ങളുടെ കാര്യത്തിലും ഇതാണ് സ്ഥിതി. 1998 ൽ 152 വാഹനങ്ങൾ പിടിച്ചെടുത്തപ്പോൾ 1999 ൽ 192 വാഹനങ്ങളും ഈ വർഷം ഇതുവരെ 233 വാഹനങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. കോടതികളിൽ നിരവധി കേസുകൾ വിചാരണ കാത്ത് കെട്ടിക്കിടക്കുന്നുണ്ട്. ചാർജ് ചെയ്ത കേസുകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഫലത്തിൽ ഈ ശ്രമങ്ങളെ പരാജയപ്പെടുത്തുകയാണ്. ഇത്തരം കേസ്സുകൾ പെട്ടെന്ന് തീർപ്പു കല്പിക്കുന്നതിനായി പ്രത്യേക കോടതികൾ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ സജീവപരിഗണനയിലാണ്. എന്റെ തന്നെ പ്രത്യേക നിർദ്ദേശ പ്രകാരം പത്തനംതിട്ടയിലും തൃശ്ശൂരിലും നടത്തിയ പ്രത്യേക റെയ്ഡുകളും കണ്ടുപിടിക്കപ്പെട്ട തൊണ്ടിസാധനങ്ങളും വമ്പൻമാരായ അബ്കാരി കോൺട്രാക്ടർമാരെ ജയിലിലടച്ച സംഭവങ്ങളുമെല്ലാംതന്നെ ഈ സഭയിൽ തന്നെ ഞാൻ പല പ്രാവശ്യം സൂചിപ്പിച്ചിട്ടുള്ളതാണല്ലോ. ഇപ്പോഴത്തെ മദ്യദുരന്തത്തിനു മുൻപുതന്നെ ഇതിൽ പ്രധാന പ്രതികളായ ഹൈറുന്നീസയുടെ വീടും മണിച്ചന്റെ ഗോഡൗണും ഉൾപ്പെടെ പരിശോധിക്കുന്നതിന്, അനോണിമസ് കാൾ കിട്ടിയതനുസരിച്ച് ഞാൻ തന്നെ നേരിട്ടും എന്റെ ഓഫീസിൽ നിന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഹൈറുന്നീസയുടെ പേരിൽ 67 അബ്കാരി കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. 8.4.1996 ൽ വ്യാജമദ്യം കഴിച്ചുമരിച്ച അപ്പു എന്ന ആളുടെ മരണവുമായി ബന്ധപ്പെട്ട കേസിൽ ഇവർക്ക് ആറു വർഷവും ഭർത്താവു രാജന് അഞ്ചു വർഷവും കഠിന തടവ് ലഭിച്ചതാണ്. ഇപ്പോഴത്തെ ദുരന്ത സമയത്ത് ഇവർ ഹൈക്കോടിതിയുടെ ജാമ്യത്തിലായിരുന്നു. 70 റെയ്ഡുകൾ കൊല്ലം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ നടത്തിയതായും 5 റെയ്ഡുകൾ ചാത്തന്നൂർ റെയ്ഞ്ച് ഇൻസ്പെക്ടർ നടത്തിയതായും 19 റെയ്ഡുകൾ സ്പെഷ്യൽസ്കാഡുകൾ നടത്തിയതായും റിപ്പോർട്ടുണ്ട്. 1999 ഫെബ്രുവരിയിൽ കിട്ടിയ ഒരു പരാതിയുടെ അടിസ്ഥാനത്തിൽ എക്സൈസ് വിജിലൻസ് ഓഫീസർ രഹസ്യമായി അന്വേഷിച്ചപ്പോൾ വ്യാജമദ്യ വില്പന നടക്കുന്നതായി അറിവ് ലഭിച്ചതനുസരിച്ച് 5.11.1999 ൽ അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ മിന്നൽ പരിശോധന നടത്തി എന്നാൽ ഒന്നും കണ്ടെത്താൻ കഴിഞ്ഞില്ല എന്നായിരുന്നു റിപ്പോർട്ട് 2.9.2000 ൽ ഞാൻ തന്നെ നിർദ്ദേശിച്ചതനുസരിച്ച് അസിസ്റ്റന്റ് എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിൽ റെയ്ഡ് നടത്തുവാൻ അഡീഷണൽ എക്സൈസ് കമ്മീഷണർ ഉത്തരവിടുകയുണ്ടായി. അന്നും കാര്യമായ തെളിവുകളൊന്നും ലഭിച്ചിട്ടില്ല എന്ന റിപ്പോർട്ട് തൃപ്തികരമല്ലാത്തതിനാൽ ഡെപ്യൂട്ടി കമ്മീഷണറോട് വീണ്ടും അന്വേഷിക്കാൻ 6.9.2000 ത്തിൽ നിർദ്ദേശിച്ചു. അതിലും തെളിവുകളൊന്നും ഇല്ലെന്നായിരുന്നു റിപ്പോർട്ട്. അതുകൊണ്ടുതന്നെയാണ് ദുരന്തമുണ്ടായപ്പോൾ കൃത്യവിലോപം കാണിച്ചു എന്ന് ബോദ്ധ്യമായ ഡെപ്യൂട്ടി കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ, സർക്കിൾ ഇൻസ്പെക്ടർ ഉൾപ്പെടെ 10 പേരെ 23.10.2000 ത്തിലും

LIBRARY ARCHIVES Kerala Legislative Assembly

27.10.2000 ത്തിലുമായി സസ്പെന്റ് ചെയ്തത്. അവരുടെ പേരിൽ അന്വേഷണം നടത്തി ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതാണ്.

സർ, അതുപോലെതന്നെ മണിച്ചന്റെ ഗോഡൗണുകളിലും 1.4.2000 മുതൽ 30-6-2000 വരെ എക്സൈസ് ഡിപ്പാർട്ട്മെന്റ് വിവിധ റെയിഡുകൾ നടത്തിയിട്ടും ഒന്നും കണ്ടെത്തിയിട്ടില്ലെന്നാണ് തിരുവനന്തപുരം അസിസ്റ്റന്റ് എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 25 ലിറ്റർ സ്പിരിറ്റും 15 ലിറ്റർ വ്യാജ ചാരായവും മണിച്ചന്റെ ബന്ധുവായ ഒരു ശ്രീകണ്ഠന്റെ വീട്ടിൽ നിന്നും കണ്ടെടുത്തതല്ലാതെ മറ്റൊന്നും ലഭിച്ചിട്ടില്ലെന്നാണ് അവരുടെ റിപ്പോർട്ട് . അതിനാലാണ് വിഷമദ്യദുരന്തത്തിനുശേഷം ശ്രീ. സിബി മാത്യുവിന്റെ നേതൃത്വത്തിലുള്ള പ്രത്യേക അന്വേഷണസംഘം മണിച്ചന്റെ ഭൂഗർഭ അറ കണ്ടെത്തുകയും 90000 ലിറ്റർ സ്പിരിറ്റ് പിടിച്ചെടുക്കുകയും ചെയ്ത സാഹചര്യത്തിൽ ബന്ധപ്പെട്ട എല്ലാ എക്സൈസ് ഉദ്യോഗസ്ഥൻമാരേയും 20.11.2000 ത്തിൽ സസ്പെന്റ് ചെയ്ത് അവരുടെ പേരിലും കുറ്റങ്ങൾ ചുമത്തി അന്വേഷണം നടത്തി തെറ്റായ റിപ്പോർട്ട് നല്കിയതിന് മാതൃകാപരമായി ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്. വ്യാജമദ്യ ദുരന്തത്തിനുശേഷം സർക്കാർ നടപടികൾ കൂടുതൽ ശക്തമാക്കിയിട്ടുണ്ട്. അനധികൃത മദ്യോല്പാദനം, കടത്തൽ, ശേഖരം, വില്പന എന്നിവ കണ്ടെത്തുന്നതിനായി സംശയമുള്ള സ്ഥലങ്ങളിൽ രഹസ്യാന്വേഷണവും റെയിഡും വാഹന പരിശോധനയും ഊർജ്ജിതമായി നടത്തി കുറ്റക്കാർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. ഇതു സംബന്ധിച്ച് വിശദവിവരങ്ങൾ എല്ലാ ദിവസവും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥൻമാർ ഡി.ജി.പി.ക്കും എക്സൈസ് ഉദ്യോഗസ്ഥർ എക്സൈസ് കമ്മീഷണർക്കും റിപ്പോർട്ട് ചെയ്യുന്നുണ്ട്. കൂടാതെ അബ്കാരി നിയമലംഘനങ്ങൾ കർശനമായി തടയുന്നതിനും അബ്കാരി ലൈസൻസ് നിയമങ്ങൾ ശരിയായി പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനുമായി എല്ലാ ജില്ലകളിലും പ്രത്യേക അബ്കാരി മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ച് നിയമ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് സ്റ്റാൻഡിംഗ് ഓർഡേഴ്സ് നല്കിയിട്ടുണ്ട്. ദുരന്തത്തിന് ഇരയായവർക്ക് വിദഗ്ധമായ വൈദ്യപരിശോധന നല്കുന്നതിന് പ്രത്യേക താല്പര്യമെടുത്തു. മരിച്ചവരുടെ കുടുംബാംഗങ്ങൾക്ക് 30000 രൂപ വീതവും ചികിത്സയിൽ കഴിയുന്നവർക്ക് 15000 രൂപ വീതവും ധനസഹായം നല്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഐ.ജി. സിബി മാത്യുവിന്റെ നേതൃത്വത്തിൽ കല്ലുവാതുക്കൽ മൈലം, പട്ടാഴി, കൊട്ടാരക്കര എന്നിവിടങ്ങളിലെ ദുരന്തങ്ങൾ അന്വേഷിക്കുവാൻ പ്രത്യേക അന്വേഷണ സംഘത്തെ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറം ദുരന്തം അന്വേഷിക്കുന്നതിന് ഡി.ഐ.ജി. വിൽസൺ എം. പോളിന്റെ നേതൃത്വത്തിൽ അന്വേഷണ സംഘം പ്രവർത്തിച്ചു വരുന്നു. കൂടാതെ സംസ്ഥാനത്ത് സ്പിരിറ്റുകടത്തും വിതരണവും സംബന്ധിച്ച കേസ്സുകളിൽ അന്വേഷണം നടത്തുന്നതിന് ഐ.ജി.ശ്രീ രാജൻ മഥേക്കറുടെ നേതൃത്വത്തിൽ ഒരന്വേഷണസംഘം രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു. കേസ്സുമായി ബന്ധപ്പെട്ട പ്രധാന പ്രതികളെയെല്ലാം അറസ്റ്റുചെയ്തുകഴിഞ്ഞു. അന്വേഷണം കാര്യമായി പുരോഗമിച്ചുവരുന്നു. ഇതിനു പുറമേ വിഷമദ്യദുരന്തത്തെക്കുറിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുന്നതിന് സിറ്റിംഗ് ജഡ്ജിയെ വേണമെന്ന എല്ലാവരുടെയും അഭിപ്രായം മാനിച്ചാണ് കർണാടക ഹൈക്കോടതി സിറ്റിംഗ് ജഡ്ജി ജസ്റ്റിസ് മോഹൻകുമാറിനെ അന്വേഷണ കമ്മീഷനായി നിയമിച്ചത്. ബഹുമാന്യനായ പ്രതിപക്ഷനേതാവ്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് എഴുതിയിരുന്നു, കേരളത്തിൽ ഹൈക്കോടതി ജഡ്ജിയെ ലഭ്യമല്ലെങ്കിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നോ സുപ്രീം കോടതിയിൽ നിന്നോ ഒരു സിറ്റിംഗ് ഹൈക്കോടതി ജഡ്ജിയെ ലഭിക്കാൻ ഗവൺമെന്റ് ശ്രമിക്കണമെന്ന്. ആ ആവശ്യം പരിഗണിച്ച് ശ്രമിച്ച് ഇപ്പോൾ കർണാടകയിൽ നിന്ന് ജസ്റ്റീസ് മോഹൻകുമാറിനെ നിയമിച്ചു. അന്വേഷണത്തിന്റെ പരിശോധന വിഷയങ്ങളിൽ താഴെപറയുന്ന ഒൻപതു കാര്യങ്ങളാണുള്ളത്. പ്രധാനമായി ഇവിടെ ഡിസ്പ്യൂട്ട് ചെയ്തിട്ടുള്ള ഒരു റഫറൻസ് പൊളിറ്റിക്കൽ പാർട്ടീസിന് ഇവരുമായിട്ടുള്ള ലിങ്ക്, that is nexus ഇവരുമായുള്ള ബന്ധം പുറത്തുകൊണ്ടുവരാനുള്ള അന്വേഷണം ടേംസ് ഓഫ് റഫറൻസിലില്ല എന്നുള്ളതാണ് . ഞൻ ഇവിടെ പറഞ്ഞതുപോലെ The person or person and factors.....

ശ്രീ. കെ.എം.മാണി : സർ, മുഖ്യമന്ത്രി സമ്മതിച്ചുകഴിഞ്ഞു. പിന്നെ എന്തിനാണ്.....

ശ്രീ. ടി.ശിവദാസമേനോൻ : സർ, നൊ, നൊ, പ്ലീസ്, പ്ലീസ് എന്റെ പ്രസംഗം കഴിഞ്ഞോട്ടേ.

ശ്രീ. കെ.എം.മാണി : സർ, രാഷ്ട്രീയ പാർട്ടിയെ .....

ശ്രീ. ടി.ശിവദാസമേനോൻ : സർ, അങ്ങനെ പറഞ്ഞിട്ടില്ല..... (ബഹളം).....ഞാൻ ഒന്ന് പറഞ്ഞോട്ടെ മറുപടി പറയാൻ സമ്മതിക്കില്ലേ പ്രധാനപ്പെട്ട കാര്യമാണ്.

ശ്രീ. ജി. കാർത്തികേയൻ : സർ,.....

(ബഹളം)

ശ്രീ. ടി.ശിവദാസമേനോൻ : സർ, ബഹുമാനപ്പെട്ട കാർത്തികേയൻ, പ്രധാനപ്പെട്ട കാര്യമാണ്. ഞാൻ ഒന്ന് പറഞ്ഞോട്ടെ, ഒന്ന് പറഞ്ഞിട്ട് വഴങ്ങാമല്ലോ, പറയാമല്ലോ നിങ്ങൾക്ക്..... (ബഹളം).....മുഖ്യമന്ത്രി പാർട്ടിയില്ല എന്നാണ് പറഞ്ഞത്. ഇതു പാർട്ടിയല്ല The person or persons and factors responsible for the said tragedy..... അതു ആറാമത്തേതാണ്.അതിൽ വേറെയും പറഞ്ഞിട്ടുണ്ട്. പാർട്ടി അതിനകത്ത് പേഴ്സൺസാണ്. ഏഴാമത് Whether in preparing, smuggling, storing, distributing and selling, illicit liquor, there was any patronage or involvement of any public or political personalities. പേഴ്സണാലിറ്റീസ് എന്നുവച്ചാൽ, പാർട്ടിക്കെതിരായി കേസ് കൊടുക്കുകയെന്നു പറഞ്ഞാൽ വ്യക്തിക്കെതിരെ തന്നെയാണ് കൊടുക്കുക, അല്ലാതെ പാർട്ടിയെന്നു പറഞ്ഞാൽ അമൂർത്തമല്ല. ലോകായുക്തയിൽ ഒരു കേസ് കൊടുക്കുകയെന്നുവച്ചാൽ സെക്രട്ടറിക്കെതിരായിട്ടോ പ്രസിഡന്റിനെതിരായിട്ടോ കൊടുക്കണം. കമ്മ്യൂണിസ്റ്റു പാർട്ടിക്കെതിരായിട്ടോ കോൺഗ്രസിനെതിരായിട്ടോ കൊടുക്കാൻ പറ്റുമോ അതല്ല ഇതിന്റെ സ്ഥിതി. കോൺഗ്രസിന്റെ പ്രസിഡന്റോ സി.പി.ഐ.(എം) ന്റെ സെക്രട്ടറിയോ ആരാണോ അതിന്റെ ആൾ അവരുടെ പേർക്കാണ് കേസ് കൊടുക്കുക. (ബഹളം)..... ടേംസ് ഓഫ് റഫറൻസിൽ സാധാരണ വയ്ക്കാറുള്ള ഒരു കാര്യമുണ്ട്. ....on such other matters incidental to or arising out of the matters under such enquiry. This gives wide scope for the Enquiry Commission to enquire into anything arising out of it.

അപ്പോൾ ഇതിൽ പൊളിറ്റിക്കൽ പേഴ്സണാലിറ്റീസിന്റെ വല്ല സംശയവും വന്നാൽ it is open for the commission to Enquire everything.

LIBRARY ARCHIVES Kerala Legislative Assembly

വളരെ wide ആണ്. ഏതായാലും ഇത് വളരെ ദുഃഖകരമായ സംഭവമാണ്. ഈ സംഭവത്തിൽ അങ്ങേയറ്റം അഗാധമായ ദുഃഖം ഞാൻ രേഖപ്പെടുത്തുന്നു. ഇപ്പോൾ താഴെ തലം മുതൽ ജാഗ്രത കമ്മിറ്റികൾ ഉണ്ടാക്കിയിട്ടുണ്ട്. എല്ലാ രാഷ്ട്രീയക്കാരും സഹകരിക്കുന്നുണ്ട്. അങ്ങനെ എല്ലാവരുംകൂടി ഈ ദുരന്തം ഇല്ലാതാക്കാൻ ശ്രമിക്കണം. മെയിൻ സർക്കാർ തന്നെയാണ്. സർക്കാരിന്റെ ശ്രമങ്ങളെ വിജയിപ്പിക്കാൻ എല്ലാ ഭാഗത്തുനിന്നും സഹായസഹകരണങ്ങളുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അല്ലാതെ സഭ നിറുത്തി വച്ച് ഇത് ചർച്ച ചെയ്യേണ്ട കാര്യമില്ല. എല്ലാം ചെയ്തിട്ടുണ്ടെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയം ഈ സഭയിൽ ചർച്ച ചെയ്യേണ്ടതില്ലെന്ന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി എടുത്ത സമീപനം ഞങ്ങളെ സംബന്ധിച്ചിടത്തോളവും ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളവും അസ്വീകാര്യമാണ്. ഇതിനേക്കാൾ പ്രധാനമായ ഒരു കാര്യം ഈ സഭ ഇതുവരെ ചർച്ചചെയ്യേണ്ടി വന്നിട്ടില്ല; അടുത്ത കാലത്തൊന്നും ചർച്ച ചെയ്യേണ്ടി വരുമെന്ന് ഞാൻ കരുതുന്നുമില്ല. ഇത്രയും നിന്ദ്യവും നീചവുമായരീതിയിൽ ഈ രാജ്യത്തിലെ ജനങ്ങൾ മരിച്ചുവീണുകൊണ്ടിരിക്കുന്ന ഈ സാഹചര്യമുണ്ടായതിനെ സംബന്ധിച്ചിടത്തോളം എന്ത് നടപടികളാണ് ഈ സർക്കാർ സ്വീകരിക്കുന്നതെന്നറിയാൻ ഈ രാജ്യത്തെ ജനങ്ങൾ കാതോർത്തിരിക്കുകയാണ്. ഈ സഭയിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിന് എന്താണ് തടസ്സം? കേരളത്തിലെ മൂന്നു കോടി ജനങ്ങളും ഇൻഡ്യയിലെ ചിന്തിക്കുന്ന ജനങ്ങളും ഈ പ്രശ്നത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ധനകാര്യ വകുപ്പു മന്ത്രി പല ന്യായങ്ങളും പറഞ്ഞു. പക്ഷേ അദ്ദേഹം അവസാനം പറഞ്ഞ ഭാഗത്തുനിന്നും ഞാൻ ആരംഭിക്കുകയാണ്. അദ്ദേഹം പറഞ്ഞു അതിൽ അദ്ദേഹത്തിന് വലിയ ദുഃഖമുണ്ടെന്ന്. അങ്ങ് ഓർക്കുന്നുണ്ടോ ഈ നിയമസഭയിൽ കൊട്ടാരക്കര താലൂക്കിൽപ്പെട്ട ശ്രീ. എഴുകോൺ നാരായണന്റെ മണ്ഡലത്തിൽ മൂന്നു പട്ടികജാതിക്കാരായ ആളുകളെ അങ്ങയുടെ വകുപ്പിൽപ്പെട്ട എക്സൈസുകാർ ഓടിച്ചു. അവർ ഭയന്നോടി. ജോലി കഴിഞ്ഞ് വീട്ടിലേയ്ക്ക് പോകാൻ വന്ന അവർ ഭയന്നോടി കുളത്തിൽച്ചാടി മരിച്ചതു സംബന്ധിച്ച് ഈ നിയമസഭയിൽ അടിയന്തിര പ്രമേയം അവതരിപ്പിച്ചപ്പോൾ അങ്ങ് ദുഃഖം പ്രകടിപ്പിച്ചു. വർഷം രണ്ടുകഴിഞ്ഞു. ഒരു ചെറുവിരലെങ്കിലും അനക്കാനോ അതിനെതിരായി ഒരു പോലീസ് കേസ് എക്സൈസ് ഉദ്യോഗസ്ഥരുടെ പേരിലെടുക്കാനോ കൊലപാതകത്തിന് കേസ്സ് എടുക്കണമെന്നുള്ള ജനങ്ങളുടെ ആവശ്യം അംഗീകരിക്കാനോ അങ്ങോ ഈ ഗവൺമെന്റോ തയ്യാറായില്ലെന്നുമാത്രമല്ല, എക്സൈസ് ഉദ്യോഗസ്ഥരെ സ്ഥലം മാറ്റിയില്ലെന്നുമാത്രമല്ല, അവർക്ക് പ്രൊമോഷൻ കൊടുത്ത് കോൺട്രാക്ടർമാരും രാഷ്ട്രീയക്കാരും പറഞ്ഞ കീ പൊസിഷനിൽ അവരെ വയ്ക്കുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. ഈ നിയമസഭയിൽ അങ്ങ് തന്ന ഉറപ്പ് മറിച്ചു നോക്കണം. അതിനെ സംബന്ധിച്ച് അടിയന്തിരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ഞാൻ തന്നെ സംസാരിച്ചപ്പോൾ ഭരണകക്ഷിയിലെ പല ആളുകളും അതു ക്രൂരതയാണെന്നുപറഞ്ഞു. ആരാണ് സർ, അവർ? പട്ടികജാതിയിൽപ്പെട്ട പാവപ്പെട്ട കൂലിവേല ചെയ്ത് ജീവിക്കുന്ന മൂന്നുപേരാണ്. അവരുടെ കുടുംബം ഇന്ന് പട്ടിണിയിലാണ്. ആ കുടുംബത്തിൽപ്പെട്ട കുട്ടികൾ ഇന്ന് വിദ്യാലയങ്ങളിൽ പോകാതെ അഞ്ചു

LIBRARY ARCHIVES Kerala Legislative Assembly

രൂപക്കും പത്തുരൂപയ്ക്കും തീപ്പെട്ടി കമ്പനികളിലും കശുവണ്ടിഫാക്ടറികളിലും പോയി ജോലിചെയ്ത് ജീവിക്കുകയാണ്. സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന അവരുടെ കുട്ടികൾ ഇന്ന് ദാരിദ്ര്യദുഃഖം അനുഭവിച്ച് ജീവിക്കുകയാണ്. അങ്ങ് പറഞ്ഞു, ദുഃഖമുണ്ടെന്ന് ആ ദുഃഖം കഴിഞ്ഞു ഇന്നിപ്പോൾ ഈ ദുഃഖത്തിലേയ്ക്ക് വന്നിരിക്കുന്നു. അങ്ങ് പറഞ്ഞതും മുഖ്യമന്ത്രി പറഞ്ഞതും തമ്മിൽ മരണസംഖ്യ എന്തു മാത്രം വ്യത്യാസമാണ്. ഇന്ന് മുഖ്യമന്ത്രി പറഞ്ഞത് 51 ആളുകൾ എന്നാണ്. ശ്രീ. ശിവദാസമേനോൻ പറഞ്ഞ 29 ഉം ഇപ്പോൾ സർക്കാർ പറയുന്ന 32 ഉം ചേർന്നാൽ തന്നെ എത്രയായി? അപ്പോൾ തന്നെ 61 ആയില്ലേ? നിങ്ങൾ രണ്ടുപേരും പറയുന്നതു തമ്മിൽ തന്നെ മരണസംഖ്യയിൽ തന്നെ വ്യത്യാസം വന്നിരിക്കുന്നു. ഈ നിയമസഭയിൽ പറഞ്ഞതാണ് സത്യത്തിൽ അതാണോ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിഷച്ചാരായം കുടിച്ച് ആദ്യം മരണം സംഭവിച്ചത് കാസർഗോഡ് ജില്ലയിലാണ്. എല്ലാ ജില്ലകളിലും മരണമുണ്ടായി. ആളിന്റെ പേര് എനിക്ക് ഓർമ്മയില്ല. ഇവിടെ രേഖയിലുള്ളതാണ്. ഈ നിയമസഭയിൽ മറുപടി പറഞ്ഞതാണ്. പത്രങ്ങളിൽ വന്നതാണ്. എല്ലാ ജില്ലകളിലും മരണമുണ്ടായി. മരണമുണ്ടാകാൻ ഇടയാകുന്ന കാരണങ്ങളിലേയ്ക്ക് പോകുന്നതിനുമുമ്പ്, ഈ വിഷച്ചാരായം കുടിച്ച് മരിച്ച മുഴുവൻ ആളുകളും പാവപ്പെട്ട പട്ടികജാതിക്കാരും കർഷകത്തൊഴിലാളികളുമാണ്. നിങ്ങൾ മരണമടഞ്ഞ ഓരോരുത്തരേയും പറ്റി അന്വേഷിച്ചാൽ പണക്കാരൊന്നും വിഷമദ്യം കുടിച്ച് മരിച്ചിട്ടില്ല. ഉദ്യോഗസ്ഥൻമാരും മരിച്ചിട്ടില്ല. ഈ വിഷമദ്യം കുടിച്ചു മരിച്ചവരിൽ 95 ശതമാനവും പട്ടികജാതി വിഭാഗത്തിലെ കൂലിവേലക്കാരും തൊഴിലാളികളുമാണ്. വിഷമദ്യം കഴിച്ച് ഈ പാവപ്പെട്ടവർ മരിച്ച ഉത്തരവാദിത്വത്തിൽ നിന്നും ഒരു കാരണവശാലും ഈ ഗവൺമെന്റിന് ഒഴിഞ്ഞു മാറാൻ കഴിയുകയില്ല. ഈ ഗവൺമെന്റിന് ഉത്തരവാദിത്വമില്ലെന്ന് പറയാൻ കഴിയുമോ? ഇവിടെ ഡി.ജി.പി.യുടെ സർക്കുലറിനെക്കുറിച്ചു പറഞ്ഞു. പത്തനംതിട്ട ജില്ലയിലെ അബ്കാരിയെക്കുറിച്ചു പറഞ്ഞു. പത്തനംതിട്ടയിൽ റെയ്ഡ് നടത്തിയെന്ന് അങ്ങ് പറഞ്ഞു. ആരാണ് റെയ്ഡ് നടത്തിയത്? ശ്രീമതി ശ്രീലേഖ ഐ.പി.എസ്. രക്ഷയില്ലാതെ സംസ്ഥാന ഗവൺമെന്റിൽ നിന്നും സി.ബി.ഐ.യിലേയ്ക്ക് ചേക്കേറി. എന്താണ് ശ്രീമതി ശ്രീലേഖ ഹിന്ദുദിനപ്പത്രത്തിലെ അഭിമുഖത്തിൽ പറഞ്ഞിരിക്കുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഹിന്ദു ദിനപ്പത്രത്തിൽ എന്താണ് അവർ പറഞ്ഞിരിക്കുന്നത്? ഇതു ശ്രീലേഖയുടെ അഭിമുഖമാണ്. ഈ അബ്കാരി കോൺട്രാക്ടർമാർ ഒരു കോടി രൂപ എനിക്ക് നല്കാമെന്ന് വാഗ്ദാനം ചെയ്ത് എന്നെ സമീപിച്ചു. അതിനു വഴങ്ങാതായപ്പോൾ എന്റെ ഏക മകളെ തട്ടിക്കൊണ്ടുപോകുമെന്ന് എന്നെ ഭീഷണിപ്പെടുത്തി. അവർ ഒരു എസ്.പി.യാണ്, ചാർജ് വച്ചിരുന്ന ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥയാണ്. പത്തനംതിട്ട ജില്ലയുടെ സൂപ്രണ്ട് ഓഫ് പോലീസ് അവർ പറയുകയാണ്, എന്റെ ഭർത്താവിനെ രണ്ടു പ്രാവശ്യം കാർ കയറ്റി കൊല്ലാൻ ശ്രമിച്ചു. എന്നിട്ടും ഗുരുതരമായ ഈ കേസ്സുമായി ഞാൻ മുന്നോട്ടുപോയപ്പോൾ എന്നെ അവിടെനിന്നും സ്ഥലംമാറ്റി. ഇന്ന് എന്താണ് ആ കേസ്സിന്റെ സ്ഥിതി .....(ബഹളം)..... ഞാൻ ഹിന്ദുദിനപ്പത്രത്തിലെ ശ്രീലേഖയുടെ അഭിമുഖം കാട്ട് ചെയ്തുകൊണ്ട് പറയുകയാണ് ഇന്ന് ആ കേസ്സ് തേഞ്ഞുമാഞ്ഞു പോയിരിക്കുന്നു. ആ കേസ്സിലെ മുഖ്യപ്രതി ഈ സഭയിലെ അംഗമായിരുന്ന നെടുമങ്ങാട് മുനിസിപ്പൽ ചെയർപേഴ്സണായി കഴിഞ്ഞ ഒക്ടോബർ 2-ാം തീയതി വരെ ഇരുന്ന ശ്രീമതി നബീസാ ഉമ്മാളിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും അടുത്ത ബന്ധുവായ റാഫി എന്നുപറയുന്ന മദ്യരാജാവ് അല്ലെങ്കിൽ കള്ളക്കടത്ത് രാജാവാണ് .....(ബഹളം)..... എനിക്കു കിട്ടിയ വിവരം വച്ചുകൊണ്ട് പറയുകയാണ് ഈ റാഫി കൊല്ലം, ചടയമംഗലം റെയ്ഞ്ചുകൾ ഇപ്പോഴും പിടിച്ചിരിക്കുന്ന കോൺട്രാക്ടർ ആണ്, ഈ റാഫിയുടെ ഗോഡൗണിൽ നിന്നും കഴിഞ്ഞ നാലഞ്ചാറു മാസങ്ങൾക്കുമുമ്പ് കൊല്ലം എസ്.പി. നേരിട്ട് പതിനായിരക്കണക്കിന് ലിറ്റർ വിഷക്കള്ളും പതിനായിരക്കണക്കിന് ലിറ്റർ ചാരായവും സ്പിരിറ്റും പിടിച്ചെടുത്തു. ഈ റാഫി ഇവിടെ സൈരമായി നടക്കുകയല്ലായിരുന്നോ. ആ സംഭവവുമായി ബന്ധപ്പെടുത്തി പോലീസ് ഒരു കേസ്സ് എടുത്തിട്ടും ഇത്രയും ചിരപരിചിതനായ മദ്യരാജാവ് എന്തുകൊണ്ടാണ് അന്ന് പിടിക്കപ്പെടാതെ പോയത്? പിടിച്ചത് എപ്പോഴാണ്. രാജ്യം മുഴുവൻ ബഹളമുണ്ടായപ്പോൾ വീണ്ടും വീണ്ടും വിഷമദ്യം പിടികൂടിയപ്പോൾ നിവൃത്തികേട്കൊണ്ട് പോലീസ് ഈ മദ്യരാജാവിനെ അറസ്റ്റ് ചെയ്തു. ഉദാഹരണത്തിന് വേണ്ടി ഞാൻ പറയുകയാണ്. അത്യുന്നതങ്ങളിലുള്ള സ്വാധീനം ഈ രാജ്യത്ത് ഉപയോഗിച്ചു. കൊല്ലം എസ്.പി തന്നെ നേരിട്ട് മുന്നിട്ടിറങ്ങി. അദ്ദേഹം വലിയ വിദഗ്ദ്ധനാണ്. പത്രസമ്മേളനം നടത്തുന്നതിന് പത്രക്കാരെ വിളിച്ചുകൂട്ടി. അങ്ങനെ വലിയ ബഹളമായിരുന്നു. ഇതെല്ലാം ടി.വി.യിൽ കൂടി കാണിച്ചു. പത്രങ്ങളുടെ ഫ്രണ്ട് പേജിൽ കളർ ഫോട്ടോഗ്രാഫ്സ് വന്നു. ഗോഡൗണിന്റെ റെയ്ഡും, മറ്റ് കാര്യങ്ങളും ദൃശ്യങ്ങളും എല്ലാം വന്നു. പക്ഷേ അതിനുശേഷം ഒരു ചലനം പോലും കൊല്ലം എസ്.പി.യിൽ നിന്നും ഈ കാര്യത്തിൽ പിന്നീടുണ്ടായിട്ടില്ല. ഇവിടെ ഡി.ജി.പിയുടെ സർക്കുലറിനെക്കുറിച്ച് പറഞ്ഞു, ഇന്ന് പോലീസിന്റെ സ്ഥിതിയെന്താണ്? ഡി.ജി.പി സർക്കുലർ അയച്ചാൽ പോലീസിന് ഒരിഞ്ചു പോലും മുന്നോട്ടു നീങ്ങാൻ കഴിയുന്നില്ല, അതല്ലേ വസ്തുത? പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ഇന്ന് സ്വാധീനമുണ്ടോ? സിബി മാത്യൂവിനെ വച്ചു പിന്നെ എന്തിനാണ് ഒരുപാട് അന്വേഷണം? അദ്ദേഹം ഒരു ഐ.ജി. അല്ലേ? അന്വേഷണത്തിന്റെ ദിശ മാറ്റാൻ രാജൻ മഥേക്കറെ വച്ചു. കേരളത്തിൽ ചാരായം ഉണ്ടാക്കുന്നില്ല. വെളിയിൽ നിന്നാണ് ചാരായം വരുന്നത്, വിഷച്ചാരായം വന്നതും വെളിയിൽ നിന്നാണ്. നമുക്ക് ഡിസ്റ്റിലറിയില്ല. ഇപ്പോൾ അനുവദിച്ചിട്ടേയുള്ളൂ. ഇപ്പോൾ തുടങ്ങിയിട്ടുണ്ട്. വെളിയിൽ നിന്നുള്ള വിഷച്ചാരായത്തിന്റെ സോഴ്സ് കണ്ടുപിടിച്ചാൽ പിന്നെ സിബി മാത്യൂവിന് മുന്നോട്ടു പോകാൻ കഴിയും. അതിന് പ്രത്യേക അന്വേഷണം എന്തിനാണ്? ചാരായം വരുന്ന വഴി അറിഞ്ഞുകൂടാത്തത് ആർക്കാണ്? എല്ലാവർക്കും അറിയില്ലേ? ശ്രീ. ശിവദാസമേനോൻ, അങ്ങയുടെ നിയോജകമണ്ഡലത്തിൽ തന്നെ ദേശീയ പാതയ്ക്ക് സമാന്തരമായി ഒരു റോഡ് പ്രവർത്തിക്കുന്നു, നാല് ചെക്ക് പോസ്റ്റുകൾ ഒഴിവാക്കി. ദേശീയപാതയ്ക്ക് സമാന്തരമായി എത്രയോ വർഷമായി സ്പിരിറ്റ് കള്ളക്കടത്ത് നടത്തുകയും ശേഖരിക്കുകയും ചെയ്യുന്നു. അങ്ങയുടെ നിയോജകമണ്ഡലത്തിൽത്തന്നെ പാരലലായിട്ടുള്ള ഒരു ദേശീയപാതയുണ്ട്. ആ പാരലലായിട്ടുള്ള ദേശീയ പാതയിൽ ഗൗണ്ടറുടെ സ്പിരിറ്റ് ശേഖരിക്കുന്ന തിയേറ്ററും അനുബന്ധ കെട്ടിടങ്ങളുമുണ്ട്. എനിക്ക് ഗൗണ്ടറുടെ രാഷ്ട്രീയത്തിൽ ഒരു താല്പര്യവുമില്ല, ഞാൻ വസ്തുതകൾ പറയുകയാണ്. ശ്രീ.ശിവദാസമേനോന്റെ നിയോജകമണ്ഡലമായ മലമ്പുഴയിലെ വാളയാർ പഞ്ചായത്തിൽ ഒരു പാത, മുഴുവൻ ആളുകൾക്കും അറിയാവുന്ന പരസ്യമായ ഒരു ദേശീയപാത തന്നെ തുറന്നു പ്രവർത്തിക്കുന്നു. ഇത് പോലീസിന് അറിയില്ലേ? ഈ സംഭവം നടന്നപ്പോൾ രണ്ടു ദിവസത്തിനകം പോലീസ് പിടിച്ചല്ലോ? എന്താണ് ഡി.ജി.പി. പറഞ്ഞിരിക്കുന്നത്? ഇന്ന്

LIBRARY ARCHIVES Kerala Legislative Assembly

[10 A.M] അദ്ദേഹത്തിന് വേറെ എന്തോ ജോലിയുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല.. ശ്രീ. ശാസ്ത്രി എന്താണ് പറഞ്ഞിരിക്കുന്നത്. നമ്മുടെ ഷാപ്പ് ലേലം 1995-1996-ൽ 22 കോടി 51 ലക്ഷം രൂപയായിരുന്നു. ശ്രീ.എ.കെ.ആന്റണിയുടെ മന്ത്രിസഭ ചാരായനിരോധനം ഏർപ്പെടുത്തിയതിനു ശേഷം കേരളത്തിൽ നടന്ന അബ്കാരി ലേലത്തിൽ കള്ളുഷാപ്പുകൾ പോയത് 2000 രൂപ പോലും ലേലം വരാത്ത കള്ളുഷാപ്പുകൾക്കാണ്. 22 കോടി 51 ലക്ഷം രൂപയാണ് ഈ അഞ്ചു കൊല്ലം മുമ്പുള്ള ലേലത്തിൽ പോയത്. ഡി.ജി.പി. പറഞ്ഞിരിക്കുന്നത് 125 എന്നാണ്, പക്ഷേ വസ്തുത 1999-ലെയാണ്. ഈ വർഷത്തെ വസ്തുത എന്താണ്? 147 കോടി. 22 കോടിയിൽ നിന്നും 147 കോടിയിലേക്ക് വർദ്ധിച്ചിരിക്കുകയാണ്. ഏതാണ്ട് 125 കോടി വർദ്ധിച്ചപ്പോൾ നമ്മുടെ കള്ള്ഷാപ്പുകളിൽ സ്പിരിറ്റ് ചേർത്ത് ചാരായമുണ്ടാക്കി വിൽക്കുകയാണെന്ന് ഏത് കുട്ടിക്കും അറിയില്ലേ? ഗവൺമെന്റ് അറിയാതെയാണോ ഈ തൊഴിൽ ഇങ്ങനെ മുന്നോട്ടു പോകുന്നത്? ഏത് ആളിനാണ് അറിയാത്തത്? പോലീസിലേയും എക്സൈസിലെയും ഉദ്യോഗസ്ഥൻമാർക്ക് അറിഞ്ഞുകൂടെ? ഈ കോൺട്രാക്ടർക്ക് ഒത്താശ ചെയ്തതിന് എക്സൈസ് ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്തുവെന്നു പറഞ്ഞു. ഇതേ കേസിൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്തതായി പത്രത്തിൽ കണ്ടു. റവന്യൂ വകുപ്പിൽ നിന്നും കൊടുത്ത ഈ രേഖകൾ ആരുടെ ശുപാർശപ്രകാരമാണ് കൊടുത്തത്? സോൾവൻസി സർട്ടിഫിക്കറ്റ്, ഇത്രയും വികൃതമായ രീതിയിൽ, തെറ്റായ രീതിയിൽ സോൾവൻസി സർട്ടിഫിക്കറ്റ് കഴിഞ്ഞ 4 കൊല്ലമായി കൊടുത്തു കൊണ്ടിരിക്കുന്നു എന്നത് അംഗീകരിക്കാൻ കഴിയുമോ? പോലീസ്, എക്സൈസ്, റവന്യൂ ഇവരെല്ലാം ഇൻവോൾവ്ഡാണെന്ന് ഗവൺമെന്റു തന്നെ സമ്മതിച്ചിരിക്കുന്നു. ഡി.ജി.പി. പറഞ്ഞിരിക്കുന്നതെന്താണ്? വളരെ കൂടുതൽ വർദ്ധനവുണ്ടായിരുന്നു. ഡിസ്പ്രൊപ്പോഷേണറ്റായിട്ടുള്ള വർദ്ധനവുണ്ടായിരിക്കുന്നു. ആ വർദ്ധനവ് ഉള്ളതു കൊണ്ട് ഇതും പരിശോധിക്കപ്പെടേണ്ടതാണ്. അതിനുശേഷം എവിടെയെങ്കിലും പരിശോധിച്ചിട്ടുണ്ടോ? ഉയർന്ന പോലീസുദ്യോഗസ്ഥൻമാർക്ക് സർക്കുലർ അയച്ചു. ആറു മാസങ്ങൾക്കു ശേഷം ദുരന്തമുണ്ടായി. അതിഭീകരമായ ദുരന്തം. ഇവിടെ മരിച്ചവരുടെ കാര്യം മാത്രമല്ലേ പറഞ്ഞുള്ളു. ജീവിച്ചിരിക്കുന്ന രക്തസാക്ഷികൾ എത്രപേരാണ്? അന്ധത, അവയവങ്ങൾ നഷ്ടപ്പെട്ടത്..... നിങ്ങൾ ബാലകൃഷ്ണപിള്ള എന്നു പറഞ്ഞു നിൽക്കരുത്. ഇത് ഈ സംസ്ഥാനത്തുണ്ടായ ഒരു ദുരന്തമാണ്. പറയുന്ന ആളിനോട് പ്രതികരിച്ചിട്ടു കാര്യമില്ല. സ്വന്തം ചെയ്തിയുടെ ഫലമായി ഉണ്ടായ ദുരവസ്ഥയ്ക്ക്..... നിങ്ങളാരെങ്കിലും ഈ നിയമസഭയിൽ വന്നു പറഞ്ഞാൽ ..... ഈ സഭ ചർച്ച ചെയ്യാൻ പോകുന്ന കാര്യമാണിത്. ഈ കീഴുദ്യോഗസ്ഥർക്ക് ആർക്കെങ്കിലും ഗവൺമെന്റിൽ നിന്നും റിപ്പോർട്ട് വല്ലതും തിരിച്ചു വന്നിട്ടുണ്ടോ? വന്നിട്ടില്ല. അപ്പോൾ ഡി.ജി.പി. യുടെ നടപടി ശരിയല്ല. തിരുവനന്തപുരം ജില്ലയിൽ നിന്നുമല്ലേ ഈ സ്പിരിറ്റു മുഴുവൻ പോയത്? ചിറയിൻകീഴു നിന്നുമാണല്ലോ. എന്താണ് ഇവിടത്തെ പോലീസും പത്രങ്ങളും പറഞ്ഞത്. ഇവിടെ മാത്രമല്ല കേരളാ ഹൈക്കോടതിയിലെ ഡിവിഷൻ ബഞ്ച് പറഞ്ഞു, നിങ്ങളൊന്നും ചെയ്യേണ്ട കാര്യമില്ല. ആഴ്ചയിലൊരിക്കൽ ഈ ഭീകരമായ സംഭവത്തെക്കുറിച്ചും കേസിന്റെ ഗതിയെക്കുറിച്ചും ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിനെക്കുറിച്ചും രജിസ്ട്രാർക്ക് കൊടുത്തിരിക്കണം. എന്താണ് കാരണം? ഇതിന്റെ ഗുരുതരമായ സ്ഥിതി കണക്കിലെടുത്ത് നേരിട്ട് ഹൈക്കോടതിയിൽ കൊടുത്ത

LIBRARY ARCHIVES Kerala Legislative Assembly

റിപ്പോർട്ടിൽ എന്താണ് പറഞ്ഞിരിക്കുന്നത്? തിരുവനന്തപുരം ജില്ലയിലെ..... പേരൊന്നും ഞാൻ പറയുന്നില്ല. അറിയാമെങ്കിലും ഞാൻ പേരു പറയുന്നില്ല. ഒരു റൂറൽ എസ്.പി ഈ സംസ്ഥാനത്ത് വ്യാജ മദ്യക്കാരുമായി ബന്ധപ്പെട്ട് മുഴുവൻ സ്പിരിറ്റ് ശേഖരണത്തിനും ഒത്താശ ചെയ്തുകൊടുത്തുവെന്നാണ്. ആ ഉദ്യോഗസ്ഥനെതിരായി എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ? ഒന്നു കൂടി പറഞ്ഞിട്ടുണ്ട്. വിഷച്ചാരായം വരുന്ന ദിവസം ഈ എസ്.പി നേരത്തെ അറിഞ്ഞു കൊണ്ട് തിരുവനന്തപുരം റൂറലിലുള്ള എല്ലാ പോലീസ് ഉദ്യോഗസ്ഥൻമാരുടെയും സമ്മേളനം വിളിക്കും. എന്തിനാണെന്നു വച്ചാൽ ഇത് ഗോഡൗണിൽ എത്താൻ. ഇത് ഗോഡൗണിൽ എത്തി എന്നു ബോധ്യപ്പെട്ടാൽ മാത്രമേ രാത്രി ഇരുട്ടിയാലും കോൺഫറൻസ് അവസാനിക്കൂ. ഇത് പത്രങ്ങളിൽ വന്ന വാർത്തയാണ്. നിഷേധിക്കാനാകാത്ത വാർത്തയാണ്. പോലീസിലെ ചില ഉന്നതരുടെ ഒത്താശയും പൂർണ്ണമായ സഹകരണവും ഈ സ്പിരിറ്റു ശേഖരണത്തിനുണ്ട്. വിഷമാണോ ഇല്ലയോ എന്നു ചോദിച്ചാൽ അവർ പരിശോധിച്ചുകാണില്ല. ഈ ഗവൺമെന്റിന് വേറൊരു നിർദ്ദേശം നമ്മുടെ എക്സൈസ് വകുപ്പു സമർപ്പിച്ചു. അതെന്താണെന്നു അങ്ങും അറിഞ്ഞിരിക്കണം. തമിഴ്നാട്ടിൽ വ്യാജമദ്യം തടയാൻ വേണ്ടി ഉപയോഗിച്ച മാർഗ്ഗം. അതായത് മദ്യത്തിന്റെ പുറത്ത് ഹോളോഗ്രാം മുദ്ര വയ്ക്കണം എന്ന നിർദ്ദേശം. ഞാൻ ഇതിന്റെ അത്മാർത്ഥതയെക്കുറിച്ചാണ് പറയുന്നത്. എന്താണ് ഹോളോഗ്രാം. 10 പൈസ ചെലവിൽ ഐഡന്റിറ്റി കാർഡു പോലെ ത്രീഡയമെൻഷൻസ് അടിസ്ഥാനത്തിൽ ഈ ടെക്നോളജി ഉപയോഗിച്ച് യഥാർത്ഥ മദ്യത്തിന്റെ പുറത്ത് ഒട്ടിക്കുന്ന ലേബലാണ് ഹോളോഗ്രാം മുദ്ര. തമിഴ്നാട് ബിവറേജസ് കോർപ്പറേഷൻ മദ്യക്കുപ്പിക്കുള്ളിൽ ഹോളോഗ്രാം മുദ്ര പതിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി വിജയമാണെന്ന് വിശദമാക്കുന്ന കത്ത് അവർ സി-ഡിറ്റിന് നൽകുകയും ചെയ്തു. എന്നാൽ ഹോളോഗ്രാം മുദ്ര മദ്യത്തിന്റെ കാര്യത്തിൽ പ്രായോഗികമല്ല എന്ന നിലപാടിലാണ് കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ. എം.പി യോഗേഷ് ഗുപ്ത, ബാർ കോഡിനെ അപേക്ഷിച്ച് ചെലവു കൂടും, മദ്യലോബികൾ ഇതിന്റെ വ്യാജമുദ്രകൾ പുറത്തിറക്കാൻ സാധ്യതയേറെയാണ്, അതുകൊണ്ട് മുദ്രകളെക്കാൾ നല്ലത് ബാർ കോഡാണെന്നും പറഞ്ഞു. ഈ ഗവൺമെന്റിന്റെ ആത്മാർത്ഥതയെക്കുറിച്ച് അറിയാനാണ് ഞാനിത് പറഞ്ഞത്. ബാർ കോഡ് ഏർപ്പെടുത്തിയോ? ബാർ കോഡും ഏർപ്പെടുത്തിയില്ല. അപ്പോൾ എന്തു വന്നു? ഇൻഡ്യൻ നിർമ്മിത വിദേശ മദ്യം കളർ ചേർത്ത് ഈ രാജ്യത്ത് ആവശ്യംപോലെ വിതരണം ചെയ്യാനുള്ള സംവിധാനം ഗവൺമെന്റിന്റെയും ഉദ്യോഗസ്ഥൻമാരുടെയും ഒത്താശയോടുകൂടി ചെയ്തുകൊടുത്തു. ഇതിന്റെ ഫലമായി നടന്നിട്ടുള്ള അപകടമാണ് ഇന്നിവിടെ സംഭവിച്ചിരിക്കുന്നത്. ഇനി നമ്മുടെ കോൺട്രാക്ടർമാരുടെ നിലപാട് അറിയില്ലേ? നിഷേധിക്കാൻ പറ്റുമോ? ഈ നിയമസഭയിൽ ചോദ്യം ഉണ്ടെന്നാണ് എനിക്കു തോന്നുന്നത്. എന്താണ്? 100കോടി രൂപയാണ് 'കിസ്ത്' ഇനത്തിൽ ഇളവ് ചെയ്തു കൊടുത്തത് പലിശയും പിഴപ്പലിശയും. ഈ രാജ്യത്ത് പലിശയും പിഴപ്പലിശയും ഇളവു ചെയ്തു. ഈ പറയുന്ന കോൺട്രാക്ടർമാർക്കുൾപ്പെടെ ഇതുമായി ബന്ധപ്പെട്ടവർക്കുൾപ്പെടെ 100 കോടി രൂപ ഇളവു ചെയ്തു കൊടുത്തു എന്നാണ് രേഖകളിൽ കാണുന്നത്. മന്ത്രിക്ക് നിഷേധിക്കുകയോ, നിഷേധിക്കാതിരിക്കുകയോ ചെയ്യാം. ഞാൻ അതിലേയ്ക്കു കടക്കുന്നില്ല. ഗവൺമെന്റിനു കിട്ടാനുള്ള പണം നഷ്ടപ്പെട്ടു എന്നുള്ളതിൽ സംശയമില്ല. കോൺട്രാക്ടർമാരും ഗവൺമെന്റും തമ്മിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ബന്ധം. ഈ വ്യാജമദ്യക്കേസിൽ പിടിച്ച ആളുകൾ ആരാണ്? രാഷ്ട്രീയ കക്ഷികളുമായി ബന്ധപ്പെട്ടവരല്ലേ? മണിച്ചൻ എന്നു പറയുന്ന മദ്യരാജാവിന്റെ മകളുടെ കല്യാണത്തിന് പങ്കെടുത്ത രാഷ്ട്രീയ നേതാക്കളുടെ ചിത്രം വീഡിയോ വരുത്തി അങ്ങ് ഒന്നു കാണുമോ? ഞാൻ ആരുടെയും പേരു പറയുന്നില്ല. അങ്ങ് ഒന്നു കാണണം. അങ്ങ് ഞങ്ങളുടെയൊക്കെ രക്ഷിതാവാണ്. അങ്ങയെ വിളിച്ചോ എന്ന് ഞങ്ങൾക്കറിയില്ല. അങ്ങ് പോയതായിട്ട് കണ്ടില്ല. ഞങ്ങൾ വാങ്ങിയ ടേപ്പിലൊന്നും കണ്ടില്ല. ആ ടേപ്പ് എല്ലാവരുടെയും കൈയിലുണ്ട്. ആരൊക്കെയാണ് അതിൽ പങ്കെടുത്തത്? അത് ഏത് രാഷ്ട്രീയ നേതാവാണെങ്കിലും ശരി. ഒരു രാഷ്ട്രീയ കക്ഷിയേയും പറ്റി ഞാൻ പറയുന്നില്ല. ആരൊക്കെയാണ് പങ്കെടുത്തത് എന്നന്വേഷിക്കേണ്ടേ? ആരാണ് മണിച്ചന്റെ മദ്യസംഭരണിയെ രക്ഷിച്ചത് ആ മദ്യ രാജാവുമായിട്ടുള്ള ബന്ധം വളരെ ക്ളിയറായി പത്രങ്ങളെല്ലാം എഴുതി. മുഖ്യമന്ത്രി പറഞ്ഞു മലയാള മനോരമ പറഞ്ഞാൽ അന്വേഷിക്കരുതെന്ന്. മലയാള മനോരമ പറഞ്ഞാൽ അങ്ങ് അന്വേഷിക്കില്ല; എങ്കിലും 85 ലക്ഷം ആളുകൾ വായിക്കുന്ന പത്രമാണ് മലയാള മനോരമ. ഈ രാജ്യം അംഗീകരിക്കുന്നുണ്ട് എന്ന് അങ്ങ് ഓർത്തിരിക്കുന്നത് നന്നായിരിക്കും എന്നു മാത്രമേ ഇപ്പോൾ ഞാൻ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ഈ നാട് അംഗീകരിക്കുന്നുണ്ട്. എല്ലാവരും അംഗീകരിക്കുന്നുണ്ട്. അപ്പോൾ ഈ സംഭരണി സംരക്ഷിച്ചത് ആരാണെന്ന് ചോദ്യത്തിന് ഒരു എഡിറ്റോറിയൽ വന്നിട്ടുണ്ട്. മലയാള മനോരമയിൽ മാത്രമല്ല എല്ലാ പത്രങ്ങളിലും വന്നു. ദേശാഭിമാനി പറഞ്ഞത് അങ്ങ് അംഗീകരിക്കുമോ? അത് അംഗീകരിക്കാമല്ലോ. ആരാണ് ഈ മണിച്ചനെന്ന് പറയുന്നോ. ഈ മണിച്ചൻ മണിച്ചനായത് എങ്ങനെയാണെന്ന് ദേശാഭിമാനി പറഞ്ഞു. എങ്ങനെയാണെന്നറിയാമോ? നാലരക്കൊല്ലം മുൻപ് ചിറയിൻകീഴ് താലൂക്കാശുപത്രിയിൽ അങ്ങ് മുഖ്യമന്ത്രിയായി 6 മാസം കഴിഞ്ഞിട്ടും രോഗികൾക്ക് കഞ്ഞിവിറ്റ് ഉപജീവനം നടത്തിയ മണിച്ചന്റെ ആദായനികുതി വകുപ്പിന്റെ റെയ്ഡിൽ കണ്ടെടുത്ത ഒരു കൊല്ലത്തെ അംഗീകരമില്ലാത്ത വരുമാനം 20 കോടി രൂപയാണ്. മുഖ്യമന്ത്രി അങ്ങ് അറിഞ്ഞിരിക്കണം. എന്നിട്ട് ആ മാസപ്പടി രജിസ്റ്ററിലുള്ള ആരുടേയും പേരിൽ നടപടിയില്ല. ഉദ്യോഗസ്ഥന്മാരുൾപ്പെടെ. ആ ഉദ്യോഗസ്ഥന്മാരുടെ ലിസ്റ്റൊന്നും ഞാൻ പറയുന്നില്ല. പത്രത്തിൽ വായിച്ചതാണ്. പറയാൻ സമയമില്ല. 20 കോടി രൂപയാണ് ഒരു വ്യക്തി ആദായമുണ്ടാക്കിയത്. ബഹുമാനപ്പെട്ട ശിവദാസമേനോൻ, ആദായ നികുതി വകുപ്പിന്റെ റിപ്പോർട്ട് നിങ്ങൾക്ക് ലഭിച്ച്, വിഷമദ്യ ദുരന്തം കൊട്ടാരക്കരയിലും കല്ലുവാതക്കലും മൈലത്തും പട്ടാഴിയിലും പള്ളിപ്പുറത്തുമൊക്കെ ഉണ്ടാകുന്നതുവരെ നിങ്ങൾക്ക് ആദായ നികുതി വകുപ്പിൽ നിന്നും മാസപ്പടിക്കാരുടെ ലിസ്റ്റ് കൃത്യമായി ലഭിച്ചിട്ടും ഈ ഗവൺമെന്റ് എന്തു ചെയ്തുവെന്ന് അറിയാൻ ഈ സഭയ്ക്ക് അവകാശമുണ്ട് എന്നാണ് എന്റെ വിശ്വാസം. ഈ സഭയ്ക്ക് അവകാശമില്ലേ? ഞങ്ങൾ തെരഞ്ഞെടുക്കപ്പെട്ടുവന്നവരാണ്. ഈ സഭയ്ക്ക് അവകാശമുണ്ട്. അതുകൊണ്ട് ഈ മണിച്ചന്റെ സംഭരണി രക്ഷിച്ചതാരെന്ന് ഞാൻ പറഞ്ഞു. റൂറൽ എസ്.പി. ഇവിടത്തെ ഡെപ്യൂട്ടി കമ്മീഷണർ. ഈ ഡെപ്യൂട്ടി കമ്മീഷണർ ഇവിടെ വന്നത് എങ്ങനെയാണ്. അങ്ങേയ്ക്ക് അറിയാമല്ലോ. തിരുവനന്തപുരത്ത് വയ്ക്കരുതെന്നു പറഞ്ഞിരുന്ന ഡെപ്യൂട്ടി കമ്മീഷണറെ.....

മി. സ്പീക്കർ : ഇത് പറഞ്ഞാൽ തീരാത്ത ഒരു കാര്യമാണേ. പറഞ്ഞാലും പറഞ്ഞാലും തീരില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.ആർ.ബാലകൃഷ്ണപിള്ള : ആരുമല്ല കുറ്റക്കാർ. ആ ഡെപ്യൂട്ടി കമ്മീഷണറെ സസ്പെന്റു ചെയ്തില്ല. പോലീസ് സ്റ്റേഷന്റെ തൊട്ടടുത്തുള്ള ഹയറുന്നീസ നടത്തിയതെന്താണ്? ഇവിടെ ശ്രീ.ടി.ശിവദാസമേനോൻ പറഞ്ഞ ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. മദ്യ ദുരന്തം മുമ്പും ഉണ്ടായി. എവിടെയാണുണ്ടായത്? കേരളത്തിലെ ചാരായഷോപ്പുകളിൽ ചാരായം നിയമാനുസൃതം ലേലം ചെയ്ത് വിറ്റുകൊണ്ടിരുന്ന കാലഘട്ടത്തിൽ ശ്രീ. ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരിക്കുമ്പോഴാണ് പുനലൂരിൽ മദ്യദുര ന്തമുണ്ടായത്. 41 പേരാണ് മരിച്ചതെന്ന് അദ്ദേഹം പറഞ്ഞു. എനിക്ക് എണ്ണം ഓർമ്മയില്ല. അന്നുതന്നെ കേസെടുത്തു. പ്രതികളെ അറസ്റ്റ് ചെയ്തു. വൈപ്പി നിലുണ്ടായത് നിയമപരമായി ചാരായം നൽകിയിരുന്ന ഷാപ്പുകളിൽക്കൂടി യാണ്. ലേലം ചെയ്ത് പിടിച്ച ഷാപ്പുകളിൽ കൂടി. അതിന്റെ പ്രതികളെ അറിയാം. പെട്ടെന്ന് അത് നിയന്ത്രിക്കാനും കഴിഞ്ഞു. ഇവിടെയോ? ചാരായനിരോധനം നിലനിൽക്കുന്ന സംസ്ഥാനമാണ് കേരളം. മാർച്ചുമാസം 31-ാം തീയതി ചാരായ നിരോധനം ഏർപ്പെടുത്തി. ശ്രീ.എ.കെ. ആന്റണി മുഖ്യമന്ത്രിയായി ഒരു മാസം ഇരുപത് ദിവസം കൂടെ തുടർന്നു. ഞാൻ അഭിമാനത്തോടുകൂടി പറയുന്നു, ഒരു തുള്ളി ചാരായം മേയ് മാസം 20-ാം തീയതിവരെ കേര ളത്തിൽ വിതരണം ചെയ്തിട്ടില്ല. ഉണ്ടെങ്കിൽ പറയൂ. നിങ്ങൾ കേസെടുത്തോ? ഒരിടത്തെങ്കിലും പിടിച്ചോ? കേസെടുത്തിട്ടുണ്ടോ? ഉണ്ടെങ്കിൽ പറയൂ. ഒരു മാസം ഇരുപതു ദിവസം ഒരു തുള്ളി ചാരായമെങ്കിലും അനധികൃതമായി വിറ്റ തിന് എക്സൈസോ പോലീസോ കേസെടുത്തില്ല. മാത്രമല്ല കേരളത്തിന്റെ ചരിത്ര ത്തിൽ പോലീസ് സ്റ്റേഷനുകളിൽ ഏറ്റവും കുറച്ച് ക്രിമിനൽ കേസ്സുകൾ രജി സ്റ്റർ ചെയ്യപ്പെട്ട കാലഘട്ടം ഈ ഒരു മാസം ഇരുപത് ദിവസമാണ്. വാഹനാപ കടങ്ങൾ തീരെ കുറഞ്ഞു. ഇതൊക്കെ 'മാതൃഭൂമി' പത്രമെഴുതിയതാണ്. പോലീസ് സ്റ്റേഷനുകളിൽ കേസില്ലാതായിരിക്കുന്നു. ചാരായം നിരോധിച്ചതു കൊണ്ട് പാവപ്പെട്ടവന്റെ കുടുംബങ്ങളിൽ തീ പുകയുന്നു. അതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതു മുഴുവൻ നാലര വർഷം കൊണ്ട് തകർത്ത് തരി പ്പണമാക്കി. ഷാപ്പുകളിൽ ചാരായം കൊടുത്ത് അപകടമുണ്ടായപ്പോൾ അബ്കാരികൾ നിയമപരമായ നടപടിയെടുത്തു. ഈ വിഷച്ചാരായം വിറ്റ് ഇത്രയും കുഴപ്പമുണ്ടാക്കിയതിന്റെ ഉത്തരാദിത്വം ഏറ്റെടുക്കണമെന്ന് ശ്രീ.ടി. കെ. രാമകൃഷ്ണൻ പറഞ്ഞത്, അദ്ദേഹത്തിന് പ്രായമായതുകൊണ്ടും, കുറച്ച് മാന്യതയുള്ളതുകൊണ്ടുമാണ്. പക്ഷേ മുഖ്യമന്ത്രി പറഞ്ഞത് 'ഞാൻ ടി.കെ. യുടെ അഭിപ്രായത്തോട് യോജിക്കുന്നില്ല' എന്നാണ്. അത് കുറേനാൾ കൊണ്ടേ യോജിപ്പില്ല എന്നുള്ള കാര്യം ഞങ്ങൾക്കറിയാം. അതൊരു പുതിയ കാര്യമല്ല. പക്ഷേ, ഈ രാജ്യത്ത് ഇതിന്റെ ഉത്തരവാദിത്വം ആരെങ്കിലും ഏറ്റെ ടുക്കണ്ടേ? വിഷച്ചാരായം വിറ്റ സ്ഥലത്ത് എത്ര മന്ത്രിമാർ പോയി? എത്ര ഉദ്യോഗസ്ഥൻമാർ പോയി? ഈ കുടുംബങ്ങളെ ആശ്വസിപ്പിച്ചോ? ആ കുടും ബങ്ങളെക്കുറിച്ച് ഒരു വാക്ക് ഞാൻ പറയാം. ഇവിടെ വായിച്ച കുടുംബങ്ങ ളിൽ നിരാധരരുണ്ട്. എത്ര രൂപയാണ് അവർക്ക് കൊടുത്തത്? 30,000 രൂപ യാണ് ഈ കുടുംബങ്ങൾക്ക് കൊടുത്തത്. എന്റെ നിയോജകമണ്ഡലത്തിൽ ഇങ്ങനെ മരിച്ച പാവപ്പെട്ട പട്ടികജാതിക്കാരനായ ഒരാളിന് ഭാര്യയും 9 മക്കളു മുണ്ട്. അവിടെ ഒരാളിന് 3,000 രൂപയാണ് കിട്ടുന്നത്. മറ്റു പലർക്കും വാരി ക്കോരി കൊടുത്തതിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ഒന്നുകിൽ ഗവൺമെന്റ് ഈ ആളുകളെ കാര്യമായി സഹായിക്കണം. ഇല്ലെങ്കിൽ ഇതിനു ത്തരവാദപ്പെട്ട മദ്യമാഫിയായുടെ സ്വത്ത് കണ്ടുകെട്ടി ലേലം ചെയ്ത് ഇവർക്ക് കാര്യമായ സാമ്പത്തിക സഹായം കൊടുക്കണം. കയറിക്കിടക്കാൻ

ഇടംപോലുമില്ലാത്ത കടത്തിണ്ണയിൽ കഴിയുന്ന, സർക്കാരിന്റെ നയരാഹിത്യം മൂലം, സർക്കാരിന്റെ തെറ്റുമൂലം വിഷമദ്യദുരന്തത്തിൽപ്പെട്ട പാവപ്പെട്ടവർ ഈ രാജ്യത്ത് മരിച്ചുകൊണ്ടിരിക്കുമ്പോൾ അവർക്ക് കുറഞ്ഞത് 5 ലക്ഷം രൂപ വീതമെങ്കിലും സഹായധനം കൊടുക്കണം. മദ്യമാഫിയായിൽ നിന്ന് കണ്ടു കെട്ടിയെങ്കിലും അവർക്കു കൊടുക്കണം. സൂര്യനെല്ലിയിൽ ചെയ്ത നല്ലകാര്യംപോലെ ഇവരുടെ വീട്ടിൽ ഒരാളിനെങ്കിലും തൊഴിൽ കൊടുക്കാനുള്ള ഏർപ്പാടുണ്ടാക്കണം. നിങ്ങൾ പറഞ്ഞ കണക്കനുസരിച്ച് 32 പേരല്ലേയുള്ളൂ.

മി. സ്പീക്കർ : അതൊക്കെ ചർച്ച ചെയ്യുമ്പോൾ പറയാവുന്ന കാര്യങ്ങളാണ്.

ശ്രീ. ആർ.ബാലകൃഷ്ണപിള്ള : രണ്ടാമതായി, അന്വേഷണത്തിന്റെ വഴിയിൽ രാഷ്ട്രീയകക്ഷികളെ നിർബന്ധമായും കൊണ്ടുവരണം. ആദ്യം മുതൽ ഈ രാജ്യത്തെ ജനങ്ങൾ ആഗ്രഹിക്കുന്ന കാര്യമാണത്. പരതിപ്പിടിച്ച് ആരെങ്കിലും ഉണ്ടെന്നു പറഞ്ഞാൽ പോരാ. അങ്ങനെവന്നാൽ അവരെ പാർട്ടിയിൽ നിന്ന് മാറ്റിയാൽ മതിയല്ലോ. അപ്പോൾ പാർട്ടിയുടെ ഉത്തരവാദിത്വം തീരുമല്ലോ. ഇവിടെ ന്യായങ്ങളൊക്കെ പറഞ്ഞു. അതുകൊണ്ടാണ് പറയുന്നത്. മണിച്ചനും അങ്ങനെയാണ് പോയത്. ഇത്രയും അപകടമുണ്ടായിട്ടും നിയന്ത്രിക്കാൻ കഴിയാതെ നാലരവർഷം മന്ത്രിയായിരുന്ന ശ്രീ. ശിവദാസമേനോൻ..... ഇനി രണ്ടുമൂന്നു മാസമല്ലേയുള്ളൂ. അങ്ങ് രാജിവച്ച്, ഇതിന്റെ ധാർമ്മികമായ ഉത്തരവാദിത്വം അങ്ങ് ഏറ്റെടുക്കണം അത്ര ഭയങ്കരമാണ്. അങ്ങ് കണ്ണുകാണാൻ പാടില്ലാത്തവരെ പോയി കണ്ടിട്ടില്ല. അവയവങ്ങൾ നഷ്ടപ്പെട്ടു കിടക്കുന്നവരെ കണ്ടിട്ടില്ല. പൂർണ്ണമായും അന്ധതയുണ്ടായത് അഞ്ചുപേർക്കാണ് എന്നുപറയുന്നത് ശരിയല്ല. ഞാൻ പറഞ്ഞ രണ്ടു കാര്യങ്ങളിൽ ഒരിക്കലും വിട്ടുവീഴ്ച ഉണ്ടാകാൻ പാടില്ലായെന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിച്ചുകൊണ്ട്, 'സഭയ്ക്കുള്ള ഇതിന്റെ ധാർമ്മികമായ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് ഈ കാര്യം ഇന്ന് ചർച്ച ചെയ്യണമെന്ന് ഞാൻ ഈ അവസരത്തിൽ പറയുന്നു. അതിന് ഗവൺമെന്റ് സമ്മതിക്കണമെന്നും അങ്ങ് അത് അനുവദിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ..... ബഹളം .....

ശ്രീ. എൻ. അനിരുദ്ധൻ : .....സർ.....

മി. സ്പീക്കർ : സാധാരണ ഇത്തരം സംഭവങ്ങൾ ഒരു പ്രദേശത്തുണ്ടാകുമ്പോൾ ഇങ്ങനെ ഒരു കീഴ്വഴക്കം ഇവിടെ ഉണ്ടായിട്ടുണ്ട്. പക്ഷേ ഇത് അത്തരത്തിലുള്ള ഒരു വിഷയമായി ചെയർ കാണുന്നില്ല. കാരണം ഇവിടെ പൊതുവിലുള്ള ഒരു പ്രശ്നമായി അവതരിപ്പിച്ചതുകൊണ്ട് ഇതുപോലെ ഓരോ നിയോജകമണ്ഡലത്തിലുള്ളവർക്കും പറയേണ്ടിവരും. അതിന്റെ ആവശ്യമില്ല. തൽക്കാലം വേണ്ട..... (ബഹളം)..... കല്ലുവാതുക്കൽ മാത്രമല്ലല്ലോ. മറ്റു പല സ്ഥലങ്ങളിലുമുണ്ടായിട്ടുണ്ട് ..... (ബഹളം).....

ശ്രീ. എൻ. അനിരുദ്ധൻ : ഈ വിഷയത്തെക്കുറിച്ച്, എന്റെ നിയോജകമണ്ഡലത്തിൽ 17 പേർ മരിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് ഒരക്ഷരം പറയാൻ എന്നെ.....

മി. സ്പീക്കർ : അത് അങ്ങയുടെ നിയോജകമണ്ഡലത്തിൽ മാത്രമല്ല ഉണ്ടായത്. അതുകൊണ്ടാണ് അനുവദിക്കാതിരുന്നത്. മറ്റ് പല മണ്ഡലങ്ങളിലും ഉണ്ടായിട്ടുണ്ട്. അതുകൊണ്ടാണ്. ഒരാളിന് മാത്രമായിട്ട് അനുവദിക്കാൻ പറ്റുകയില്ലല്ലോ. ദയവുചെയ്ത് സഹകരിക്കൂ. ഇതൊരു അടിയന്തിര

LIBRARY ARCHIVES Kerala Legislative Assembly

പ്രമേയമായിട്ട്, ഒരു പൊതു പ്രശ്നമായിട്ട് കൊണ്ടുവന്നതാണ്. പ്ലസ് കോ-ഓപ്പറേറ്റ്, ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി.....

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി.ശിവദാസമേനോൻ) : സർ, ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള ഇവിടെ എനിക്കുമുമ്പ് സംസാരിച്ചപ്പോൾ കുറേ കാര്യങ്ങൾ പറയുകയുണ്ടായി. ആ കാര്യങ്ങളിലേയ്ക്ക്..... ഞങ്ങളൊക്കെ സ്പിരിറ്റു കച്ചവടക്കാരാണെന്ന മട്ടിൽ കുറെ കാര്യങ്ങൾ പറയുകയുണ്ടായി. ഞാൻ ആദ്യമായി..... ഞാൻ ഇത് പറയണ്ടായെന്ന് വിചാരിച്ചതാണ്. പക്ഷേ പറയിച്ചേ അടങ്ങൂവെന്ന് വന്നാൽ നിവൃത്തിയില്ല..... (ബഹളം)..... 'മലയാള മനോരമ'യിൽ നിന്നാണ് ഞാൻ വായിക്കുന്നത്. 1992 മേയ് 18-ാം തീയതിയിലെ മലയാള മനോരമ ..... (ബഹളം)..... ഞാൻ അവിടേയ്ക്ക് വരാം. ഞാൻ മണിച്ചനിലേയ്ക്ക് വരാം. ഞാൻ ഇതൊന്ന് വായിച്ചോട്ടെ. അതിൽ പറയുന്നത് ..... (ബഹളം)....

ശ്രീ. ജി. കാർത്തികേയൻ : സർ, മനോരമയിൽ വരുന്നത് ഉദ്ധരിക്കാൻ പറ്റുകയില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞിട്ടുണ്ട്.

ശ്രീ. ടി. ശിവദാസമേനോൻ : അത് മുഖ്യമന്ത്രിയാണ് പറഞ്ഞത്. ഞാൻ പറഞ്ഞിട്ടില്ല..... (ബഹളം)..... ഞാൻ പറയട്ടെ. ശ്രീ. കാർത്തികേയൻ ഇത് കേൾക്കണം. അതിനുവേണ്ടിയാണ് ഞാൻ പറയുന്നത്. 'വീട്ടുജോലിക്ക് കോൺഗ്രസുകാരെ കിട്ടുകയില്ല' അതാണ് ശീർഷകം. കെ.പി.സി.സി. ജനറൽ സെക്രട്ടറിയായിരുന്ന ശ്രീ. പി.ബാലന്റെ സ്റ്റേറ്റുമെന്റാണ്. അദ്ദേഹം എന്റെ സുഹൃത്താണ്. അതിൽ പറയുന്നു. പാലക്കാട് ഡി.സി.സി. ഓഫീസിൽ ഇപ്പോൾ സന്ധ്യ കഴിഞ്ഞാൽ തിരക്കാണ്. അത് നേരം പുലരുംവരെ ഉണ്ടാകും. കൊഴിഞ്ഞംപാറയിൽ നിന്നാണ് കൂടുതൽ പേരെത്തുന്നത്. ഖദർ വസ്ത്രധാരികളായ ഇവർ ഇവിടെ ചർച്ച ചെയ്യുന്നത് പാർട്ടി കാര്യമല്ല. സ്പിരിറ്റും ചന്ദനവും ഇവിടേയ്ക്ക് കടത്താനുള്ള വഴിയാണ് ..... (ബഹളം)

ഞാൻ വായിക്കട്ടെ ..... കഴിഞ്ഞിട്ടില്ല..... I am in possession of the House. ഞാൻ ഒരു വാചകം പറയട്ടെ, ഞാൻ പത്രവാർത്തയാണ് വായിക്കുന്നത്. ഇതു ശരിയാണെന്ന് ഞാൻ പറയുന്നില്ല. പത്രവാർത്തയാണ് വായിക്കുന്നത്. അപ്പുറത്തുനിന്നും ഒരു പത്രവാർത്ത വായിച്ചതുകൊണ്ട് ഞാനും വായിക്കുന്നു. ശ്രീ.ആർ. ബാലകൃഷ്ണപിള്ള ഒരു പത്രവാർത്ത വായിച്ചതുകൊണ്ട് ഞാനും പത്രവാർത്ത വായിക്കുന്നു. ശ്രീ. ബി. വിജയകുമാർ ഒരു പത്രം ഉയർത്തിക്കാട്ടുന്നു. ഞാൻ പത്രവാർത്ത വായിക്കുന്നു. അത്രയേയുള്ളൂ. പത്രവാർത്ത വായിക്കുന്നത് കേൾക്കുവാൻ എന്താണ് ഭയം? ഞാൻ പറയട്ടെ ....(ബഹളം)..... സർ, എന്നെ, സംസാരിക്കുവാൻ അനുവദിക്കണം.

മി. സ്പീക്കർ : പ്ലീസ്..... പ്ലീസ്.....

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ വായിക്കട്ടെ, ചന്ദനവും ഇവിടേയ്ക്ക് കടത്താനുള്ള വഴിയാണ്. ഈയിടെ ഡി.സി.സി.യിൽ ഉണ്ടായ കുഴപ്പം(എ) വിഭാഗം കോൺഗ്രസുകാർ ഉണ്ടാക്കിയതാണെന്ന് തെറ്റിദ്ധരിക്കരുത്. കള്ളക്കടത്തിന്റെ വിഹിതം പങ്കുവച്ചതിലുള്ള തർക്കമായിരുന്നു. എന്ന് ശ്രീ.പി. ബാലൻ ആരോപിച്ചു. ഇതു വീട്ടുജോലിക്ക് കോൺഗ്രസുകാരെ കിട്ടുകയില്ല എന്ന ഹെഡ്ഡിംഗിലുള്ളതാണ്. ഇതുപോലുള്ള പത്ത് പന്ത്രണ്ട് പത്രവാർത്തകൾ വേണമെങ്കിൽ ഞാൻ ഇപ്പോൾ തരാം. ഒന്നേ വായിച്ചുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

.....(ബഹളം).....ഇതുകേൾക്കാൻ ക്ഷമ കാണിക്കണം. ഡി.സി.സി.ഓഫീസിലാണ് കച്ചവടം.

"ഒരുത്തനെത്തന്നെ നിനച്ചിരുന്നാൽ വരുന്നതൊക്കെ
അവനെന്ന് തോന്നും"

നിങ്ങൾക്ക് സ്പിരിറ്റിന്റെ മണം ഉണ്ടാകും. നിങ്ങൾക്ക് സ്പിരിറ്റിന്റെ മണമല്ലാതെ വേറെ എന്താണ് ഉണ്ടാവുക; ശ്രീ. ആർ.ബാലകൃഷ്ണപിള്ള സ്പിരിറ്റിന്റെ മണം അല്ലാതെ വേറൊന്നും അറിഞ്ഞിട്ടില്ലല്ലോ? അതുകൊണ്ടാണ് നമ്മളൊക്കെ അങ്ങനെയാണെന്ന ധാരണ. അതുവേണ്ട. അഴിമതിയെ സംബന്ധിച്ച് എന്റെ സുഹൃത്ത് ശ്രീ. ആർ.ബാലകൃഷ്ണപിള്ള തന്നെ പറയണം. എന്നാലേ നന്നാകൂ.

ചീഫ് വിപ്പ്, ശ്രീ.ടി.കെ. ഹംസ : അദ്ദേഹം അതിൽ പി.എച്ച്.ഡി.യാണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : എന്റെ പേരിൽ ഒരു അഴിമതിക്കേസും ഇല്ല. നിങ്ങൾ എടുത്ത കേസേയുള്ളൂ.

ശ്രീ. ടി. ശിവദാസമേനോൻ : ഞാൻ കേസ് എടുക്കുമെന്ന് പറഞ്ഞില്ലല്ലോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങയെക്കുറിച്ച് ശ്രീ. ഇ.പി. ഗോപാലൻ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. അത് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ടി. ശിവദാസമേനോൻ : അറിയാം. പത്തനംതിട്ട റെയ്ഡ് നടത്തിയതിനെപ്പറ്റി ശ്രീ. ആർ. ബാലകൃഷ്ണപിള്ള ഇവിടെ പറഞ്ഞു. ഞാൻ ഉത്തരവു കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ് ശ്രീമതി ശ്രീലേഖ റെയ്ഡ് നടത്തിയത്. അതിൽ ശ്രീ.കെ.കെ. നായർ സാക്ഷിയാണ്. ഞാൻ ഉദ്ഘാടനം ചെയ്യാൻ പോയപ്പോൾ ശ്രീ. കെ.കെ. നായർ അദ്ധ്യക്ഷനായിരുന്നു. ആ വേദിയിൽ ഒരു നിവേദനം തന്നു. അതിന്റെ അടിസ്ഥാനത്തിൽ 72 മണിക്കൂറിനകം റെയ്ഡ് നടത്തണമെന്ന് കളക്ടർക്ക് എഴുതിക്കൊടുത്തു; എസ്.പി.ക്കും എഴുതിക്കൊടുത്തു. ശ്രീ. കെ.കെ. നായർ സാക്ഷിയാണ്. എന്നിട്ട് അവരുടെ റിപ്പോർട്ടു തന്നെ "as directed by the Minister, Finance and Excise" എന്നാണ്. മനസ്സിലാക്കണം. എന്റെ ഡയറക്ഷൻ പ്രകാരമാണ് റെയ്ഡ് നടത്തിയത്. അതിൽ പ്രധാനപ്പെട്ട പ്രതിയുടെ പേരിൽ ചാർജ്ജ് ഷീറ്റ് കൊടുത്തു കഴിഞ്ഞു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : എന്നിട്ട് എന്തുണ്ടായി?

ശ്രീ. ടി. ശിവദാസമേനോൻ : കേസ് കോടതിയിലാണ്. ഞാൻ ഒരു വ്യക്തിയേയും പറയുന്നില്ല. ശ്രീ. ആർ. ബാലകൃഷ്ണപിള്ള പത്രവാർത്ത വായിച്ചതുകൊണ്ടു ഞാനും വായിച്ചു. അല്ലാതെ ഞാൻ ഒന്നു പറഞ്ഞില്ല. ഡിസ്റ്റിലറി അനുവദിച്ചു എന്നുപറഞ്ഞു. ഒരു ഡിസ്റ്റിലറിപോലും ഈ ഗവൺമെന്റ് വന്നശേഷം അനുവദിച്ചിട്ടില്ല. എങ്ങനെയാണ് അനുവദിച്ചു എന്നു പറയുക? ലേലം ചെയ്ത ഷോപ്പിൽ നിന്നും വിഷമദ്യം കഴിച്ചാണ് ആളുകൾ മരിച്ചതെന്ന് പറഞ്ഞു. It makes things serious. ലേലം ചെയ്ത ഷോപ്പിൽ നിന്നും വിഷമദ്യം കഴിച്ചു മരിക്കുമ്പോഴാണ് ഗവൺമെന്റിനു കോൺസ്റ്റിറ്റ്യൂഷണൽ റെസ്പോൺസിബിലിറ്റി വരേണ്ടത്. ഞാൻ മറ്റൊന്നും പറയുന്നില്ല. 2.9.1982-ൽ വൈപ്പിൻ മദ്യദുരന്തത്തിൽ 72 പേർ മരിച്ചു. 1.10.1995-ൽ മട്ടാഞ്ചേരി വിഷമദ്യദുരന്തത്തിൽ 13 പേർ മരിച്ചു. 3.9.1993-ൽ അഞ്ചൽ വിഷമദ്യദുരന്തത്തിൽ 6 പേർ മരിച്ചു. ഇവരൊക്കെ മരിച്ചിട്ട് ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

എത്രപേർ രാജിവച്ചു? ഒരാൾ രാജിവച്ച് മാതൃക കാണിച്ചു തന്നോ? അന്ന് രാജിവയ്ക്കാത്തവർക്ക് ഇപ്പോൾ എന്നോട് രാജിവെയ്ക്കണമെന്ന് പറയുവാൻ എന്താണ് അവകാശം? ഇതുപോലുള്ള സംഭവങ്ങൾ പണ്ടും ഉണ്ടായിട്ടുണ്ട്. അന്ന് കൂടുതൽ ആളുകൾ മരിച്ചിട്ടുണ്ട്. നമ്മൾ തമ്മിൽ തർക്കിക്കണ്ട. അന്ന് രാജിവെയ്ക്കാൻ ആരുംതന്നെ തയ്യാറായിട്ടില്ല. ഇപ്പോഴും രാജിവെയ്ക്കുന്നില്ല. നിങ്ങൾ ആരെങ്കിലും രാജിവെച്ച് കാണിച്ചുതരണ്ടേ? ലൈസൻസ്ഡ് ഷോപ്പിൽ നിന്ന് മദ്യം കഴിച്ച് 72 പേർ മരിച്ചപ്പോൾ ആരെങ്കിലും രാജിവച്ചോ? അന്ന് ആരെങ്കിലും രാജി വച്ചിരുന്നുവെങ്കിൽ എനിക്ക് ഒരു പാഠം ആയിരുന്നേനേ. ശ്രീ. എ.കെ. ആന്റണിയുടെ കാലത്ത് ചാരായനിരോധനം ഏർപ്പെടുത്തിയ ഒരു മാസം ചാരായം കഴിച്ച് ആരും മരിച്ചില്ല എന്നു പറഞ്ഞു. 8.6.1996-ൽ ശ്രീമതി ഹൈറുന്നീസ വിറ്റ വിഷച്ചാരായം കഴിച്ച് അപ്പു എന്ന ഒരാൾ മരിച്ചു. അതിനു അഞ്ചുകൊല്ലം തടവുശിക്ഷ വിധിച്ചു. അതു നിങ്ങൾ നിഷേധിക്കുകയാണോ? 8.6.1996-ൽ ഇവിടത്തെ മുഖ്യമന്ത്രി ആരായിരുന്നു; ഇവിടെ ഏതു ഗവൺമെന്റാണ്. ഭരിച്ചിരുന്നത്? അതൊന്നും പറയണ്ട, ആരു ഭരിച്ചാലും ഇതൊക്കെ ഉണ്ടാകും. നമ്മൾ ആരു വിചാരിച്ചാലും അതൊന്നും മുഴുവനും തടയുവാൻ കഴിയുകയില്ല. യു.ഡി.എഫ്. ഭരിച്ചാലും എൽ.ഡി.എഫ്. ഭരിച്ചാലും ഇങ്ങനെയുള്ള ചില പ്രശ്നങ്ങളുണ്ടാകും. അതു നമ്മൾ എല്ലാപേരും കൂടി തടയുക. അതല്ലാതെ മറ്റെന്താണ് ചെയ്യുക? ഇവിടെ കിസ്ത് കുടിശ്ശിക ഒഴിവാക്കിക്കൊടുത്തു എന്നു പറഞ്ഞു. ഒരു ദിക്കിലും ഒരു കുടിശ്ശികയും ഒഴിവാക്കിക്കൊടുത്തില്ല. ഒരു കുടിശ്ശികയും എഴുതി തള്ളിയിട്ടില്ല. കാരണം, കുടിശ്ശിക എഴുതിത്തള്ളണമെങ്കിൽ അത് ഒരു രൂപ ആണെങ്കിൽ പോലും കൗൺസിൽ കാണണം. അതു നിങ്ങൾക്ക് അറിയാം. ഇന്നേവരെ ഒരു കുടിശ്ശികയും എഴുതിത്തള്ളിയിട്ടില്ല. 1970-72-ൽ ഒക്കെ no means Collector feed ചെയ്തതൊക്കെ ഏതു മന്ത്രിസഭയിലും കിട്ടാക്കടം എഴുതിത്തള്ളും. അതു സാധാരണ പതിവാണ്. ഇവിടെ ഒരു അബ്കാരി കോൺട്രാക്ടറുടെ ഒരു നയാപൈസപോലും എഴുതിത്തള്ളിയിട്ടില്ല..... (ബഹളം).....

വളരെക്കൊല്ലങ്ങൾക്ക് മുമ്പുതന്നെ കിട്ടാനുള്ള തുക, ഈടാക്കാൻ കഴിയാത്ത സംഖ്യ 31.8.2000-നു മുമ്പ് അടച്ചാൽ 25 ശതമാനം പലിശ അടച്ചാൽ മതിയെന്ന് പറഞ്ഞു. എന്നിട്ട് 200 കോടി രൂപ കിട്ടാനുള്ളിടത്ത് വെറും ആറുകോടി രൂപയാണ് കിട്ടിയത്. കർണ്ണാടക ഗവൺമെന്റിനു ഇതുപോലുള്ള അമിനിറ്റീസ് സ്കീം ഉണ്ട്. ആ സ്കീം ഇവിടെയും നടപ്പാക്കി. മൂന്നു മാസത്തേയ്ക്ക്. ഗുണമില്ലെന്ന് കണ്ട് അതു നീട്ടിക്കൊടുത്തില്ല. 15-20 വർഷം മുമ്പുള്ള പഴയ കുടിശ്ശിക തന്നാൽ 25 ശതമാനം പലിശ അടച്ചാൽ മതിയെന്ന് പറഞ്ഞു. റവന്യൂ കളക്ട് ചെയ്യുവാൻ വേണ്ടി ഞങ്ങൾ എല്ലാപേരും ചേർന്ന് എടുത്ത തീരുമാനമാണ് സെയിൽസ് ടാക്സുകാർ ഒരു സ്കീം കൊണ്ടുവന്നിട്ടുണ്ട്. അതുപോലെ കിട്ടാക്കടം പിരിക്കാൻ വേണ്ടി ചെയ്തതാണ്. അബ്കാരി കോൺട്രാക്ടർ തരാനുള്ള 100 കോടി രൂപ എഴുതിത്തള്ളി എന്നുള്ളതൊന്നും എനിക്ക് അറിയില്ല. ബഹുമാന്യനായ ആർ.ബാലകൃഷ്ണപിള്ള അത് തിരുത്തണം. പത്രത്തിൽ വാർത്ത വന്നപ്പോൾ ഞാൻ അതു നിഷേധിച്ചതാണ്. അതിനു വളരെ വ്യക്തമായ വിശദീകരണം കൊടുത്തതുമാണ്. ഞാൻ അപ്പോൾത്തന്നെ നിഷേധിച്ചതാണ്. ഏതായാലും ഒരു പ്രധാനപ്പെട്ട വിഷയം ഇവിടെ കൊണ്ടുവന്നതുകൊണ്ട് ഒരു ഡിസ്ക്ഷൻ ഉണ്ടായി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഒരു ഡിസ്ക്ഷനും ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.ശിവദാസമേനോൻ : ഏതായാലും പരാമർശവിഷയം ആയല്ലോ? അതിന്റെ ഗുണം ചെയ്യും. കുറച്ചുകൂടി ഗുണം ചെയ്യും. ഒരു കാരണവശാലും ഒരു പാർട്ടിയേയോ ഒരു വ്യക്തിയേയോ ഒന്നും പരാമർശിക്കുന്നില്ല. ഒരു പത്രവാർത്ത വായിച്ച് നമ്മുടെ പാർട്ടിയെ അപമാനിച്ചപ്പോൾ ഞാൻ പറഞ്ഞു വെന്നേയുള്ളു. പിശകാണെങ്കിൽ അത് രേഖയിൽ വരണമെന്ന് നിർബന്ധമില്ല. ഞാൻ പറഞ്ഞു എന്ന് മാത്രം. പറയുവാൻ എന്നെ പ്രേരിപ്പിച്ചത് ഈ വാചക മാണ്. അല്ലാതെ വേറൊന്നുമല്ല. ഇപ്പോൾ ജുഡീഷ്യൽ എൻക്വയറി വിപുല മായി നടക്കുകയാണ്. ഈ സംഭവം സംബന്ധിച്ച ജുഡീഷ്യൽ എൻക്വയറി, കേസും ഇൻവെസ്റ്റിഗേഷനും വളരെ ദ്രുതഗതിയിൽ നടക്കുകയാണ്. അതു കൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യുന്നത് ശരി യല്ല. ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

മുഖ്യമന്ത്രി(ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, ഇവിടെ സംസാ രിച്ചപ്പോൾ പോലീസിനെപ്പറ്റി പറഞ്ഞ ഭാഗത്തെക്കുറിച്ച് എനിക്ക് ചിലത് പറ യാനുണ്ട്.

ശ്രീ. ടി.എം. ജേക്കബ് : രണ്ടും ഒന്നല്ലേ?

ശ്രീ. ഇ.കെ. നായനാർ : രണ്ടും രണ്ടാണ്. വൈപ്പിൻ മദ്യദുരന്തത്തിൽ 76-ഉം അഞ്ചൽ മദ്യ ദുരന്തത്തിൽ 1993-ൽ മരണമടഞ്ഞവർ ആറും കമ്പളം മദ്യ ദുരന്തത്തിൽ 1994-ൽ മരണമടഞ്ഞവർ രണ്ടും മട്ടാഞ്ചേരി മദ്യദുരന്ത ത്തിൽ 1995-ൽ മരണമടഞ്ഞവർ പതിനാലും കല്ലുവാതുക്കൽ മദ്യദുരന്ത ത്തിൽ 1996 ഏപ്രിലിൽ മരണമടഞ്ഞ ഒന്നുമടക്കം യു.ഡി.എഫ്-ന്റെ ഭരണകാ ലത്ത് 99 ആളുകൾ മരിച്ചിട്ടുണ്ട്. അതു മനസ്സിലാക്കണം. മറ്റൊന്ന് പറയാനു ള്ളത്, മൂന്നുപേരുടെ മരണത്തെ സംബന്ധിച്ച്, വിഷമദ്യം കഴിച്ചവരുടെ കാര്യ ത്തെക്കുറിച്ച് ശ്രീ. ശിവദാസമേനോൻ പറഞ്ഞ കാര്യം ശരിയാണ്. അതിലേ യ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഈ സംഭവത്തെ സംബന്ധിച്ച് നടപടികളെ ടുക്കാൻ സർക്കാർ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. സംഭവത്തെ സംബ ന്ധിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ അന്വേഷിക്കുന്നതിനുവേണ്ടി പോലീസ് ഐ.ജി. സിബി മാത്യൂവിന്റെ നേതൃത്വത്തിലും പോലീസ് ഡി.ഐ.ജി. വിൻസൺ.എം.പോളിന്റെ നേതൃത്വത്തിലുമായി രണ്ടു പ്രത്യേക അന്വേഷണ സംഘങ്ങൾ രൂപീകരിച്ച് കാര്യക്ഷമമായ അന്വേഷണം നടത്തിവരുകയാണ്. ഇതിനുപുറമേ സംസ്ഥാനത്തിനകത്ത് സ്പിരിറ്റും വിവിധ രീതിയിലുള്ള വ്യാജമദ്യവും കള്ളക്കടത്തു നടത്തിയും ഉൽപ്പാദിപ്പിച്ചും വിപണനം നടത്തു ന്നത് സംബന്ധിച്ച കേസുകളിൽ അന്വേഷണം നടത്തിവരുകയാണ്. കഴിഞ്ഞ ഒന്നര മാസത്തിനകം മദ്യമാഫിയാ സംഘങ്ങൾ രഹസ്യ അറകളിലും മറ്റും ശേഖരിച്ചു വച്ച ലക്ഷക്കണക്കിന് ലിറ്റർ സ്പിരിറ്റും മറ്റു വിവിധ രീതിയിലുള്ള വ്യാജമദ്യവും പോലീസ് പിടിച്ചെടുത്തുകഴിഞ്ഞിട്ടുണ്ട്. വിഷമദ്യം കഴിച്ച് ആളുകൾ മരണമടയാനിടയായ സംഭവത്തിലെ പ്രധാന പ്രതികളെയെല്ലാം ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസന്വേഷണം കാലതാമസം കൂടാതെ പൂർത്തീകരിക്കാനും നടപടികൾ സ്വീകരിച്ചുവരികയാണ്. സംഭവത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്താൻ കർണ്ണാടക സിറ്റിംഗ് ജഡ്ജിയായ ജസ്റ്റിസ് ശ്രീ. വി.പി. മോഹൻകുമാറിനെ അന്വേഷണ കമ്മീഷനായി നിയമിച്ചി ട്ടുണ്ട്. സംഭവത്തിന്റെ നാനാവശങ്ങളും വിശദമായി പരിശോധിക്കാൻ കഴി യുന്ന തരത്തിലാണ് കമ്മീഷനുള്ളത്. അതിനെപ്പറ്റിയാണല്ലോ അഭിപ്രായ വ്യത്യാസം വന്നത്. ടേംസ് ഓഫ് റഫറൻസിനെക്കുറിച്ചാണല്ലോ? സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് നിയമസഭയിൽ രാഷ്ട്രീയ പ്രാതിനിധ്യമുള്ള

LIBRARY ARCHIVES Kerala Legislative Assembly

നേതാക്കളുടെ സംയുക്തയോഗം സംസ്ഥാനതലത്തിൽ ഞാൻ വിളിച്ചുകൂട്ടിയിരുന്നു. അതേത്തുടർന്ന് എല്ലാ ജില്ലകളിലും മന്ത്രിമാർ പങ്കെടുത്തുകൊണ്ട് ജനപ്രതിനിധികളുടേയും രാഷ്ട്രീയപാർട്ടി പ്രതിനിധികളുടേയും യോഗം ചേരുന്നതിനും നടപടിയെടുത്തിട്ടുണ്ട്. വ്യാജമദ്യ വ്യാപനം തടയുന്നതിനു വേണ്ടി ഉദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിലുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ജനങ്ങളുടെ സഹകരണവും കൂട്ടായ പ്രവർത്തനങ്ങളും അത്യന്താപേക്ഷിതമാണ്. കക്ഷിരാഷ്ട്രീയ പരിഗണനകൾക്കതീതമായി, മദ്യ വർജ്ജനം ലക്ഷ്യം വച്ചുകൊണ്ട് വിപുലമായ ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. സുംസ്ഥാനത്തിനകത്ത് നിയമവിരുദ്ധമായി സ്പിരിറ്റും വ്യാജമദ്യവും വിപണനം ചെയ്യുന്നവർക്കെതിരെ അതിശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇനിയും അതു തുടരണം. ഇതു കൂടുതൽ കർക്കശമാക്കാനാണ് ഉദ്ദേശിക്കുന്നത്. മദ്യമാഫിയയുടെ പ്രവർത്തനം ഒരു രീതിയിലും സംസ്ഥാനത്ത് അനുവദിക്കുന്നതല്ല. കുറ്റം ചെയ്യുന്നവർ ആരായാലും അവർ നിയമത്തിന്റെ പിടിയിൽ നിന്നും രക്ഷപ്പെടാൻ പോകുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതിനോടൊപ്പം ഇതുകൂടി ചേർക്കണം.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടേയും വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിനുള്ള അവതരണാനുമതി ചെയർ നിഷേധിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : ചർച്ച വേണ്ട എന്നു ബഹുമാനപ്പെട്ട മുഖ്യ മന്ത്രി പറഞ്ഞില്ല. മുഖ്യമന്ത്രിയുടെ പ്രസന്റേഷൻ കേട്ടാൽ ചർച്ച ആകാമെന്നാണ്.

ശ്രീ. ഇ.കെ. നായനാർ : ശ്രീ ആര്യാടന്റെ വേല എന്റെയടുത്തുവേണ്ട.

പ്രതിപക്ഷനേതാവ് (ശ്രീ.എ.കെ. ആന്റണി) : നിങ്ങൾ തമ്മിൽ വലിയ സ്നേഹമാണല്ലോ. എന്താണ് കാര്യം?

മി. സ്പീക്കർ : അതാണ് ഇനി പരിശോധിക്കേണ്ടത്.

ശ്രീ. എ.കെ.ആന്റണി : അതിനെക്കുറിച്ച് ഒരു അന്വേഷണ കമ്മീഷനെ വയ്ക്കേണ്ടിയിരിക്കുന്നു. സ്പീക്കർ സർ, കേരളത്തെയാകെ ഞെട്ടിപ്പിക്കുകയും ദുഃഖത്തിലാഴ്ത്തുകയും ചെയ്ത വ്യാജ മദ്യദുരന്തത്തെക്കുറിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അടിയന്തിര പ്രമേയത്തിനുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രിയുടെയും മറുപടി ശ്രദ്ധാപൂർവ്വം ഞങ്ങൾ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. രണ്ടു മറുപടികളും കേട്ടുകഴിഞ്ഞപ്പോൾ ഒരു കാര്യം വ്യക്തമായി. ഈ സർക്കാരിന് നാലര വർഷം കൊണ്ട് കേരളത്തിൽ തഴച്ചുവളർന്ന, വ്യാജമദ്യ വ്യവസായം ഇവിടെ വളർത്തിയെടുത്ത ഒന്നാം പ്രതിയെ ശിക്ഷിക്കാനല്ല. ഒന്നാം പ്രതിയെ രക്ഷിക്കാനാണ് താൽപ്പര്യമെന്ന് വ്യക്തമായിക്കഴിഞ്ഞു. നാലര വർഷം മുമ്പ് കെ. എഫ്. സി. യിൽ നിന്ന് വാങ്ങിയ ലോണിന്റെ തവണ അടയ്ക്കുന്നതിനുവേണ്ടി, അപേക്ഷകളുമായി നടന്നിരുന്ന ഒന്നാം പ്രതി ഇന്ന് ഇന്ത്യയിലെ ടാറ്റാ , ബിർള, ഡാൽമിയ, ഗോയങ്ക, അമ്പാനി തുടങ്ങിയ വ്യവസായ പ്രമുഖൻമാരുടെ പട്ടികയിലെത്തിയിരിക്കുന്നു. ഞങ്ങളാവശ്യപ്പെട്ടതുപോലെ ഒരന്വേഷണം നടത്തിയാൽ ആ പ്രതിയെ ഇന്നു നയിക്കുന്ന നേതാക്കളെല്ലാം അപകടപ്പെടുമെന്ന് ഗവൺമെന്റിനറിയാം. പ്രതിപക്ഷം തുടർച്ചയായി ആവശ്യപ്പെട്ടിട്ടും വാർത്താ മാധ്യമങ്ങൾ തുടർച്ചയായി ആവശ്യപ്പെട്ടിട്ടും കേരളത്തിലെ മദ്യവിരുദ്ധ പ്രവർത്തകർ തുടർച്ചയായി ആവശ്യപ്പെട്ടിട്ടും അന്വേഷണത്തിന്റെ പരിധിയിൽ ആ പ്രതി

LIBRARY ARCHIVES Kerala Legislative Assembly

അകപ്പെടാനുള്ള ടേംസ് ഓഫ് റഫറൻസ് ഉൾപ്പെടുത്താൻ ഗവൺമെന്റ് തയ്യാറല്ല. അതൊഴിച്ച് എല്ലാം ആകാമെന്നാണ് പറയുന്നത്. നവംബർ മാസം 4-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡർബാർ ഹാളിൽ വച്ച് അസംബ്ളിയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചുകൂട്ടി. ആ യോഗത്തിൽ പ്രതിപക്ഷത്തെ പ്രതിനിധീകരിച്ച് സംസാരിച്ചവരെല്ലാം പറഞ്ഞ ഒരു കാര്യമുണ്ട്. ആ യോഗത്തിൽ സംസാരിച്ച ഞാനും മുന്നോട്ടുവച്ച ആദ്യത്തെ ആവശ്യം എന്തായിരുന്നു? നവംബർ മാസം 4-ാം തീയതി . ഡർബാർ ഹാളിൽ ചേർന്ന യോഗത്തിൽ ഞാൻ ഉന്നയിച്ച ആദ്യത്തെ ആവശ്യം. വ്യാജ മദ്യലോബിയും കേരളത്തിലെ രാഷ്ട്രീയ പാർട്ടികളും തമ്മിലുള്ള ബന്ധം അന്വേഷണത്തിൽ ഒന്നാമത്തെ ടേംസ് ഓഫ് റഫറൻസ് ആക്കണമെന്നാണ്. മറ്റെല്ലാ പ്രതിപക്ഷകക്ഷികളും ഇതാണ് ആവശ്യപ്പെട്ടത്. ഒരു കക്ഷിയും എതിർത്തില്ല. പക്ഷേ ടേംസ് ഓഫ് റഫറൻസ് വന്നപ്പോൾ ആ ആവശ്യം മാത്രം കാണുന്നില്ല. ടേംസ് ഓഫ് റഫറൻസ് പുറത്തുവന്ന ഉടനെ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് കത്തെഴുതി. അപ്പോൾ മുഖ്യമന്ത്രി ഡൽഹിയിൽ പോയിരുന്നു. അദ്ദേഹം ചാർജ്ജ് ഏൽപ്പിച്ച ബഹുമാനപ്പെട്ട ടി. കെ. രാമകൃഷ്ണനും ഞാൻ കത്തെഴുതി. ആൾ പാർട്ടി യോഗത്തിൽ ഞങ്ങൾ ആവശ്യപ്പെട്ട ആദ്യത്തെ ഡിമാൻഡ് ഉൾപ്പെടുത്തണമെന്നു പറഞ്ഞു. അതുൾപ്പെടുത്താൻ തയ്യാറല്ല. എന്തുകൊണ്ട് ഉൾപ്പെടുത്താൻ തയ്യാറായില്ല? അവിടെയാണ് സത്യങ്ങളുടെ ചുരുളഴിയേണ്ടത്. കേരളത്തിൽ 1995-96 -ൽ, യു. ഡി. എഫ്.-ന്റെ ഭരണകാലത്ത് കള്ളുഷാപ്പുകളുടെ ലേലത്തുക കേവലം 22.51 കോടി രൂപ മാത്രമാണ്. ആ ലേലത്തുക ഇന്ന് ഏതാണ്ട് 150 കോടി രൂപയായിരിക്കുന്നു. കള്ളുഷാപ്പുകളുടെ ലേലത്തുകയാണിത്. ലേലത്തുക വർദ്ധിപ്പിച്ചത് എന്തുകൊണ്ട്? കേരളത്തിൽ കള്ളു ചെത്തുന്ന തെങ്ങിന്റെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ? കള്ളു ചെത്തുന്ന പനയുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ? ചെത്തുകാരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടോ? കള്ളിന്റെ തോത് വർദ്ധിച്ചിട്ടുണ്ടോ? തെങ്ങിന്റെ എണ്ണം വർദ്ധിച്ചില്ല, പനയുടെ എണ്ണം വർദ്ധിച്ചില്ല, ചെത്തുകാരുടെ എണ്ണം വർദ്ധിച്ചില്ല, പക്ഷേ ലേലത്തുക 22 കോടി എന്നുള്ളത് 149 കോടി രൂപയായി മാറി. എന്തുകൊണ്ട് മാറി? അവിടെയാണ് ഒന്നാം പ്രതിയും വ്യാജമദ്യവുമായിട്ടുള്ള ബന്ധം വരുന്നത്. ഈ കേസിലെ ഒന്നാം പ്രതി ചാരായ നിരോധനം പണസമ്പാദനത്തിനുള്ള അവസരമായി ഉപയോഗിച്ചു. വ്യാജമദ്യ ലോബിയെ നിർബാധം കേരളത്തിൽ വളരാൻ അനുവദിച്ചു. പോലീസ് വകുപ്പിനേയും എക്സൈസ് വകുപ്പിനേയും നിയന്ത്രിക്കുന്ന ഒന്നാം പ്രതി ഈ വ്യാജമദ്യലോബിക്ക് കേരളത്തിലൊട്ടാകെ പടർന്നു പന്തലിക്കാൻ അവസരം നൽകി. ആ വ്യാജമദ്യ ലോബി ലക്ഷങ്ങളും കോടികളും സമ്പാദിച്ചപ്പോൾ ഒന്നാം പ്രതി ചാനലുകളും വ്യവസായ സാമ്രാജ്യങ്ങളും കേരളത്തിലുണ്ടാക്കി, അതാണ് സത്യം. ഹയറുന്നീസയും മണിച്ചനും റാഫിയും മറ്റുള്ളവരും ലക്ഷങ്ങളും കോടികളും സമ്പാദിച്ചപ്പോൾ ഒന്നാം പ്രതി ചാനലുകൾ, ടൂറിസ്റ്റ് കോംപ്ലക്സുകൾ, വ്യവസായ സാമ്രാജ്യങ്ങൾ, സ്ഥാവരജംഗമസ്വത്തുക്കൾ, അമ്യൂസ്മെന്റ് പാർക്കുകൾ ഇതെല്ലാം ഇഷ്ടം പോലെയുണ്ടാക്കി. ബോധപൂർവ്വമായി ചാരായ നിരോധനത്തെ അട്ടിമറിച്ചുകൊണ്ട് കേരളത്തിൽ കള്ളച്ചാരായം വിൽക്കുവാൻ വ്യാജമദ്യ ലോബിയെ നിർബാധം സഹായിച്ചുകൊണ്ട് ഒന്നാം പ്രതി ഇവിടെ വ്യാജമദ്യ വ്യവസായത്തെ ഒരു കറവപ്പശുവായി ഉപയോഗിക്കുകയായിരുന്നു. ഇതേക്കുറിച്ച് മാതൃഭൂമി പത്രം പറയുന്നുണ്ട് . ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 'മനോരമ' യുടെ കാര്യത്തിൽ അല്പം അലർജിയുള്ളതുപോലെ തോന്നുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഞാൻ മാതൃഭൂമി പത്രം വായിക്കുകയാണ്. ..... (ബഹളം)..... ഇത് മാതൃഭൂമി പത്രമാണ്, മനോരമയല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മനോരമ പത്രം കാട്ട് ചെയ്യുന്നതിൽ പ്രശ്നമുള്ളതുകൊണ്ട് ഞാൻ മാതൃഭൂമി പത്രമാണ് കാട്ട് ചെയ്യുന്നത്. 2000 ഏപ്രിൽ 3-ലെ മാതൃഭൂമി പത്രം പറഞ്ഞു 'അബ്കാരി നിയമം അയഞ്ഞു, കള്ളുലേലം റിക്കോർഡിടുന്നു.' ഈ മാതൃഭൂമി പത്രത്തിലെ വാർത്തയുടെ അടിസ്ഥാനത്തിൽ കേരള ഹൈക്കോടതിയിലെ ബഹുമാനപ്പെട്ട ജസ്റ്റീസ് പി.കെ. ബാലസുബ്രഹ്മണ്യം സുവോമോട്ടോയായി ആ കേസ് ഫയലിൽ സ്വീകരിച്ചു. ഗവൺമെന്റ് കൊടുത്തതല്ല, മറ്റാരും കൊടുത്തതല്ല, സുവോമോട്ടോയായി ഈ വാർത്തയുടെ അടിസ്ഥാനത്തിൽ അദ്ദേഹം കേസെടുത്തു. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി, അങ്ങാണ് ഇതുകേൾക്കേണ്ടത്. ഏപ്രിൽ മൂന്നിനെടുത്ത സുവോമോട്ടോ കേസിന് കേരളാ ഗവൺമെന്റ് ഒരു അഫിഡവിറ്റ് കൊടുത്തു. അഫിഡവിറ്റിലെ മൂന്നാം പേജിലെ രണ്ടു മൂന്ന് വാചകം ഞാൻ വായിക്കാം. ഗവൺമെന്റ് പറഞ്ഞിരിക്കുന്നത് "The Contractors of the toddy shop can run their business profitably and lawfully by selling toddy," 149 കോടി രൂപയുടെ ലേലത്തുക അടച്ചുകൊണ്ട് ലാഭകരമായി വ്യാജക്കള്ളില്ലാതെ കോൺട്രാക്ടേഴ്സിന് കള്ള് വിൽക്കാമെന്ന് അങ്ങയുടെ ഗവൺമെന്റ് ഹൈക്കോടതിക്ക് അഫിഡവിറ്റ് കൊടുത്തിരിക്കുകയാണ്. ലാഭകരമായി വിൽക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. അതെങ്ങനെ സാധിക്കും? "The Excise and Police Departments are vigilant against the activities of any Contractors who may engage in unlawful activities to increase their profit. Therefore the toddy shops are subjected to frequent inspection and samples are collected and examined in the Chief Chemical Examiner's Laboratory to find out out whether the samples contain any noxious materials injurious to public health and also to ascertain the alcohol content in toddy." നിരന്തരമായി എക്സൈസ് ഡിപ്പാർട്ടുമെന്റും പോലീസ് ഡിപ്പാർട്ടുമെന്റും കാര്യങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുന്നു എന്നാണ് കേരള ഗവൺമെന്റ് ഹൈക്കോടതിയിൽ അഫിഡവിറ്റ് കൊടുത്തിരിക്കുന്നത്. ഹൈക്കോടതിയെ തെറ്റിദ്ധരിപ്പിച്ചു. അങ്ങനെ അഫിഡവിറ്റ് കൊടുത്തതിനുശേഷമാണ് ഇവിടെ കല്ലുവാതുക്കലും പള്ളിക്കലും അതുപോലെതന്നെ പള്ളിപ്പുറത്തും ആലപ്പുഴ, കോട്ടയം, കൂട്ടനാട് എന്നിവിടങ്ങളിലെല്ലാം വ്യാജമദ്യ ദുരന്തം ഉണ്ടായിട്ടുള്ളത്. അപ്പോൾ ഈ ഗവൺമെന്റിനറിയാമായിരുന്നു; കേരളത്തിൽ 149 കോടി രൂപയ്ക്ക് കള്ളുഷാപ്പ് ലേലമെടുത്താൽ, ഇവിടെ അത്രയും കള്ളില്ല, ചെത്തുകാരില്ല, തെങ്ങില്ല, എല്ലാം അറിഞ്ഞുകൊണ്ട് ഈ നിലയിൽ ഇത്രയും കൂട്ടി ലേലം വിളിക്കാൻ സാഹചര്യമുണ്ടാക്കിയത് ഈ സർക്കാരിന്റെ അറിവോടുകൂടിയാണ്. ഇത്രയും കൂടിയ തുകയ്ക്ക് ഷാപ്പുടമകൾ ലേലംവിളിച്ചത് ഷാപ്പുകളിൽ കള്ളച്ചാരായം വിൽക്കട്ടെയെന്നുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്.

ധനകാര്യ വകുപ്പുമന്ത്രി(ശ്രീ. ടി. ശിവദാസമേനോൻ) : Question of information ആയിട്ട് പറയുകയാണ്. നമ്മുടെ എക്സൈസ് ഡിപ്പാർട്ടുമെന്റിൽ പന, ചൂണ്ടപ്പന, തെങ്ങ് ഇവ എത്രയെണ്ണം ചെത്തുന്നുണ്ട് എന്നതിനെ സംബന്ധിച്ചുള്ള കണക്ക് ട്രീ ടാക്സ് അടയ്ക്കുന്നത് എത്രയെന്നു നോക്കിയാൽ കിട്ടും. ഒരു മരത്തിൽ നിന്നും കിട്ടുന്ന ടോഡി എത്രയെന്നുള്ളതിന് കണക്കുണ്ട്. അതുവച്ച് ട്രീ ടാക്സ് അടയ്ക്കുന്ന മരത്തിന്റെ എണ്ണത്തെ ഗുണിച്ചാൽ ആകെയുള്ള ലിറ്റർ കള്ളുകിട്ടും. അത് ഈ രൂപയേക്കാൾ എത്രയോ അധികമുണ്ട്..... (ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ആന്റണി ; പാലക്കാട്ടുനിന്നും വരുന്ന ശ്രീ. ടി. ശിവദാസ മേനോൻ തന്നെ ഇതുപറയണം, കാരണം അങ്ങേയ്ക്ക് അറിയാമല്ലോ കാര്യ ങ്ങളെല്ലാം: അപ്പോൾ കള്ളുഷാപ്പിലെ വ്യാജച്ചാരായവിൽപ്പനയെ ഇപ്പോഴും മന്ത്രി ന്യായീകരിക്കുന്നു, ഈ സർക്കാർ ന്യായീകരിക്കുന്നു. കാരണം കള്ളു ഷാപ്പിൽ വ്യാജച്ചാരായം വിറ്റാൽ വലിയ മാർജിൻ ലാഭമുണ്ടാകും. വ്യാജമദ്യ ലോബിക്ക് ഇവിടെ ലാഭമുണ്ടാകും. ആ ലാഭത്തിന്റെ നല്ലൊരു ഓഹരി ഒന്നാം പ്രതിക്കും കിട്ടും. അതുകൊണ്ടാണ് വിൽക്കാൽ ബോധപൂർവ്വം അനുവദിച്ച ത്. ഇത് ഒരു ദിവസം ഉണ്ടായ മുന്നറിയിപ്പില്ലായ്മയാണോ? കൊല്ലം, പത്തനം തിട്ട, തൃശ്ശൂർ എന്നിവിടങ്ങളിലെ ജില്ലാ കളക്ടർമാർ ഗവൺമെന്റിലേയ്ക്കെഴു തി, മന്ത്രിക്കെഴുതി, തങ്ങളുടെ ജില്ലകളിൽ വ്യാജമദ്യം വ്യാപകമായി വിൽക്കു ന്നു. തങ്ങൾക്ക് നടപടിയെടുക്കാൻ സാധിക്കുന്നില്ലായെന്ന്. കാരണമെന്താണ്? അവിടെ വ്യാജമദ്യം വിൽക്കുന്നുവെന്ന് ജില്ലാ കളക്ടർ മാർക്കറിയാം, പക്ഷേ ജില്ലാക ളക്ടർമാരുടെ കൈകൾ കെട്ടപ്പെട്ടിരിക്കുന്നു. തങ്ങളുടെ ജില്ലയിലുള്ള പ്രദേശ ത്തുനിന്നും വ്യാജമദ്യം പിടിച്ചാൽ ജില്ലാകളക്ടർമാർക്ക് സ്ഥലം മാറ്റം മിന്നൽ വേഗത്തിലുണ്ടാകും. അതറിയാവുന്നതുകൊണ്ട് ജില്ലാകളക്ടർമാർ പിടി ക്കാതെ നേരെ ഗവൺമെന്റിലേയ്ക്കെഴുതി. എന്നിട്ടും നടപടിയുണ്ടായില്ല അപ്പോൾ നാലരവർഷമായി ഇതെല്ലാം അറിയാമായിരുന്നിട്ടും നടപടിയു ണ്ടാകാത്തതിന്റെ ഏറ്റവും ഒടുവിലത്തെ ദുരന്തമാണ് കല്ലുവാതുക്കലുണ്ടാ യത്. തുടക്കം മേയ് 20-ാം തീയതിയാണ്. മേയ് 20-ന് നിങ്ങൾ സെക്രട്ടേറിയ റ്റിൽ സത്യവാചകം ചൊല്ലി അധികാരമേറ്റെടുത്ത അന്നുമുതൽ കേരളത്തിൽ കള്ളച്ചാരായവില്പന ആരംഭിച്ചിരിക്കുന്നു. അന്നുമുതൽ തുടങ്ങിയതാണിത്. അതിന്റെ ഓഹരി നിങ്ങളെല്ലാവരും പറ്റിയിട്ടുണ്ട്. ഒന്നാം പ്രതി ശരിക്കും പറ്റി യിട്ടുണ്ട്. ഇന്ന് കേരളമൊട്ടാകെ ഒന്നാം പ്രതിക്കുണ്ടായിരിക്കുന്ന സാമ്പത്തിക വളർച്ച കണ്ടാൽ അതറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളം പല കാര്യ ങ്ങളിലും റിക്കാർഡ് സ്ഥാപിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ കാലം സ്പീക്കറാ യിരുന്ന ബഹുമാന്യനായ സ്പീക്കർ, ഏറ്റവും കൂടുതൽ കാലം മുഖ്യമന്ത്രിയാ യിരുന്ന ബഹുമാന്യനായ മുഖ്യമന്ത്രി, അതോടൊപ്പം ഒരു റിക്കാർഡു കൂടി അങ്ങേയ്ക്കു വരാൻ പോകുന്നു. അടുത്ത വർഷത്തെ കൈരളി ചാനലിന്റെ വാർഷിക ജനറൽ ബോഡി കൂടുമ്പോൾ, ഹയറുന്നീസയോടൊപ്പം, മണിച്ച നോടൊപ്പം, റാഫിയോടൊപ്പം മുഖ്യമന്ത്രി നായനാരും പാർട്ടി ജനറൽസെക്ര ട്ടറി പിണറായി വിജയനും വാർഷിക ജനറൽ ബോഡിയിൽ ഒരുമിച്ച് വോട്ടു ചെയ്ത് പുതിയ ഡയറക്ടർമാരെ തെരഞ്ഞെടുക്കാൻ പോകുന്നു. ഇതുപോ ലൊരു നാണക്കേട്, ഗതികേട് നമ്മുടെ സംസ്ഥാനത്തിനുണ്ടായല്ലോ വ്യാജ മദ്യം വിൽക്കുന്നവർ വ്യാജമദ്യക്കേസ്സിൽ ജയിലിലായിട്ടുള്ള ആൾക്കാർ, ഇന്നും ജയിലിൽ കിടക്കുന്നവർ, ജാമ്യത്തിൽ പുറത്തുവന്നിരിക്കുന്നവർ, വ്യാജമദ്യ വ്യവസായികൾ ഇവരൊക്കെയാണ് നിങ്ങളുടെ കൈരളി ചാനലിനു പണം നൽകിയവരിൽ പകുതിപ്പേരും. ഇതുപോലൊരു ഗതികേടുണ്ടായി ട്ടുണ്ടോ? ..... (ബഹളം)..... ഒരു സംസ്ഥാനത്തെ മുഖ്യമന്ത്രി, പോലീസ് വകുപ്പും ജസ്റ്റീസും കൈകാര്യം ചെയ്യുന്ന ഒരു മുഖ്യമന്ത്രി, വ്യാജമദ്യക്കേ സിലെ പ്രതികൾക്കൊപ്പം വാർഷിക ജനറൽ ബോഡിയിൽ പങ്കെടുക്കേണ്ട ഒരു ഗതികേട് ഈ സംസ്ഥാനത്തിനുണ്ടായിട്ടുണ്ടോ? എന്തൊരു ഗതികേടാണ് ഉണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട ശിവദാസമേനോൻ പറഞ്ഞപ്പോഴാണ് ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് അതിന്റെ ഗൗരവം മനസ്സിലായത്. ശ്രീ. ടി. ശിവദാ സ്മേനോൻ പറഞ്ഞു, ഹയറുന്നീസയെ അഞ്ചു വർഷത്തിനുമുൻപ് ശിക്ഷിച്ച താണെന്ന്. 67 കേസുകളിലെ പ്രതിയാണെന്ന്. 67 കേസ്സുകളിലെ പ്രതി

LIBRARY ARCHIVES Kerala Legislative Assembly

യേയും നിങ്ങൾ പാർട്ട്നർ ആക്കിയില്ലേ? 67 കേസ്സിലെ പ്രതി, 31 കേസ്സിലെ പ്രതി, 18 കേസ്സിലെ പ്രതി, ഈ പ്രതികളെ മുഴുവൻ നിങ്ങളുടെ പാർട്ട്നർമാരാക്കിയല്ലേ നിങ്ങൾ കൈരളി ചാനലുണ്ടാക്കിയിരിക്കുന്നത്? എന്തു ഗതികേടാണിത്. ഈ സർക്കാരിന്റെ കൈകൾ ശുദ്ധമാണെങ്കിൽ, ഞങ്ങളെക്കുറിച്ച് ആക്ഷേപമുണ്ടെങ്കിൽ അന്വേഷിച്ചോളൂ. പക്ഷെ ജസ്റ്റീസ് മോഹൻകുമാർ കമ്മീഷന്റെ അന്വേഷണത്തിന്റെ പരിധിയിൽ ആദ്യത്തെ ടേംസ് ഓഫ് റഫറൻസ് കേരളത്തിലെ വ്യാജമദ്യലോബിയെ സംരക്ഷിക്കുന്നതിൽ, വളർത്തുന്നതിൽ കേരളത്തിലെ ഏതെങ്കിലും രാഷ്ട്രീയപ്പാർട്ടികൾക്ക് ബന്ധമുണ്ടോ അതായിരിക്കണം ആദ്യത്തെ ടേംസ് ഓഫ് റഫറൻസ്. എന്തിനാണ് മടിക്കുന്നത്? എന്തിനാണ് ഒളിച്ചു കളിക്കുന്നത്? അതാണ് ആർക്കും മനസ്സിലാകാത്തത്. ഇന്റർനാഷണൽ കോൺഫറൻസുകളിലൊക്കെ ഡിപ്ലോമാറ്റിക് ലാംഗ്വേജിൽ അങ്ങനേയും വ്യാഖ്യാനം നൽകാമെന്ന് ഉത്തരം നൽകാറുണ്ട്. ശ്രീ. ഉമ്മൻചാണ്ടി ചോദിച്ചപ്പോൾ രാഷ്ട്രീയപ്പാർട്ടികളെ ഉൾപ്പെടുത്തിയിട്ടില്ലെന്ന് പറഞ്ഞു. എന്താണ് പ്രശ്നം? എന്താണ് തടസ്സം? ടേംസ് ഓഫ് റഫറൻസിന്റെ പട്ടികയിൽ രാഷ്ട്രീയ പാർട്ടികളെ ഉൾപ്പെടുത്തിയാൽ എന്താണ് തകരാറ്? കേരളത്തിൽ പാർട്ടികൾ എല്ലാ കേസ്സുകളിലും പ്രതികളാണ്. പാർട്ടികളുടെ പേരിലല്ലേ കേസ് എടുക്കുന്നത്? കെ. എസ്. ആർ. ടി. സി. യുടെ കാര്യമെടുത്താലും അങ്ങനെ തന്നെ. ബന്ദിൽ കേസ്സെടുക്കുന്നത് രാഷ്ട്രീയപ്പാർട്ടികളുടെ പേരിലാണ്. ഹർത്താലിന്റെ പേരിൽ കേസ്സെടുത്തില്ലേ? ..... (ബഹളം) ..... ഹർത്താലിന്റെ പേരിൽ സുപ്രീം കോടതിയിൽ ഇപ്പോൾ കേസ് നടക്കുകയാണ്. ആരൊക്കെയാണ് പ്രതികൾ? ഇന്ത്യൻ നാഷണൽ കോൺഗ്രസ് , കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) സി. പി. ഐ. തുടങ്ങിയ പാർട്ടികളെയൊക്കെ പ്രതികളായിരിക്കുകയാണ്. ബാബറി മസ്ജിദ് തകർത്തതിന്റെ പേരിൽ, ആർ. എസ്. എസ്. നും ബി. ജെ. പി. ക്കും എതിരായിട്ട് കോടതിയിൽ കേസ് നടന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ എത്ര സന്ദർഭങ്ങളിൽ ഇങ്ങനെയുണ്ടായിട്ടുണ്ട്. ..... (ബഹളം) ..... രാഷ്ട്രീയ പാർട്ടികളുടെ പേരിൽ കേസ് നിൽക്കുന്നില്ലെങ്കിൽ നിൽക്കണ്ട കോടതി തള്ളട്ടെ. നിങ്ങൾ എന്തിനാണ് പേടിക്കുന്നത്? ..... (ബഹളം)..... മാർക്സിസ്റ്റു പാർട്ടിയുടെ പേരിൽ അന്വേഷണം വേണമെന്നല്ല ഞങ്ങൾ പറയുന്നത്. ഞങ്ങൾ പറയുന്നത്, ഈ വ്യാജമദ്യലോബിയെ കേരളത്തിൽ സംരക്ഷിക്കുന്നതിൽ ഏതെങ്കിലും പാർട്ടികൾക്ക് ബന്ധമുണ്ടോ എന്ന് അന്വേഷിക്കണമെന്നാണ്. ഏതെങ്കിലും പാർട്ടി എന്ന് പറഞ്ഞാൽ അത് മാർക്സിസ്റ്റു പാർട്ടിയാണെന്നല്ല അർത്ഥം. വ്യാജമദ്യ ലോബിയെ സംരക്ഷിക്കുന്നതിൽ ഏതെങ്കിലും പാർട്ടി ബന്ധപ്പെട്ടിട്ടുണ്ടോ എന്നതിന് ഒരു റഫറൻസ് വച്ചാൽ, അത് മാർക്സിസ്റ്റു പാർട്ടിക്കു ചേരുന്ന തൊപ്പിയാണെന്ന് നിങ്ങൾ എന്തിനാണ് പേടിക്കുന്നത്? എന്താണ് നിങ്ങൾക്കൊരു ഭയം? നിങ്ങൾക്ക് എന്തോ ഒളിച്ചു വയ്ക്കാനുണ്ട്. കേരളത്തിലെ ഏതെങ്കിലും പാർട്ടികൾക്ക് ഇതിൽ പങ്കുണ്ടോ എന്ന് അന്വേഷിക്കുന്നതിൽ നിങ്ങൾ എന്തിനാണ് ഇത്ര ഭയപ്പെടുന്നത്? നിങ്ങളെക്കുറിച്ച് മാത്രമല്ല, നമ്മളെല്ലാവരെയും കുറിച്ചാണല്ലോ അന്വേഷിക്കേണ്ടത്. നിങ്ങൾ ഇത്രമാത്രം വെപ്രാളം കാണിക്കുന്നതെന്തിനാണ്? എന്തിനാണ് ഇത്രമാത്രം ഭയപ്പെടുന്നത്? നിങ്ങൾ തന്റേടത്തോടുകൂടി പറയണ്ടേ? ..... (ബഹളം) ..... വളരെ വിനീതനായി ഞാൻ ചോദിക്കുകയാണ് എന്തിനാണ് നിങ്ങൾ ഇങ്ങനെ ഭയപ്പെടുന്നത്? ..... (ബഹളം)..... അവസാനമായി ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്, ജസ്റ്റീസ് മോഹൻ കുമാർ കമ്മീഷന്റെ അന്വേഷണ പരിധിയിൽ,

ടേംസ് ഓഫ് റഫറൻസിന്റെ കൂടെ കേരളത്തിലെ രാഷ്ട്രീയ പാർട്ടികൾക്ക് ബന്ധമുണ്ടോ എന്ന വിഷയം കൂടി ഉൾപ്പെടുത്തുമോ എന്ന് വെളിപ്പെടുത്താൻ അങ്ങ് തയ്യാറാകണം. ..... (ബഹളം)..... അതോടൊപ്പം എന്റെ ബഹുമാന്യ സുഹൃത്ത് ശിവദാസമേനോനോട് ഒരു അഭ്യർത്ഥന കൂടിയുണ്ട്. കേരളത്തെ രക്ഷിക്കാൻ വേണ്ടി, കേരളത്തിലെ ലക്ഷക്കണക്കിന് അമ്മമാരുടേയും സഹോദരിമാരുടേയും നിരന്തരമായ അഭ്യർത്ഥന മാനിച്ച്, കേരളത്തിലെ ഗവൺമെന്റ് കൊണ്ടുവന്ന ചാരായ നിരോധനത്തെയാണ് നാലരക്കൊല്ലം നിങ്ങൾ അട്ടിമറിച്ചത്. ബോധപൂർവ്വമായി, ഒരു ഗവൺമെന്റിൽ നിന്നുകൊണ്ട്, ഭരണഘടനയോടും നിയമത്തോടും നീതിയോടും കൂറു പ്രഖ്യാപിക്കുമെന്ന് പറഞ്ഞുകൊണ്ട്, സത്യവാചകം ചൊല്ലി അധികാരത്തിൽ കയറിയ അങ്ങ് സർക്കാരിനകത്ത് നിന്നുകൊണ്ട് സർക്കാരിന്റെ നയത്തെ പരാജയപ്പെടുത്തിയിരിക്കുന്നു, അട്ടിമറിച്ചിരിക്കുന്നു. ധാർമിക ബോധത്തിന്റെ, നീതി ബോധത്തിന്റെ തരിമ്പുണ്ടെങ്കിൽ അങ്ങ് മന്ത്രി സ്ഥാനം രാജി വയ്ക്കാൻ തയ്യാറാകണം. ഏതായാലും ഈ പ്രശ്നം ഈ സഭയിൽ ചർച്ച ചെയ്യണം. ഒരുപാട് കീഴ്വഴക്കങ്ങളുണ്ടാക്കിയ സഭയാണിത്. ഈ വിഷയം ഈ സഭയിൽ ചർച്ച ചെയ്യണം. ജനങ്ങൾക്കൊട്ടാകെ താല്പര്യമുള്ള വിഷയമാണ്. അതുകൊണ്ട് ഈ പ്രശ്നം ഈ സഭയിൽ ചർച്ച ചെയ്യണമെന്നും, വ്യാജമദ്യ ലോബിയും രാഷ്ട്രീയ പാർട്ടികളും തമ്മിലുള്ള ബന്ധം കൂടി അന്വേഷണത്തിന്റെ പരിധിയിലുൾപ്പെടുത്തണമെന്നുമുള്ള ഞങ്ങളുടെ ഏറ്റവും ന്യായമായ, മിതമായ ആവശ്യം അംഗീകരിക്കാൻ മുഖ്യമന്ത്രിയും ശ്രീ. ശിവദാസമേനോനും തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

11 A.M.

<u>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി</u> : സർ, ഈ സംസ്ഥാനത്ത് നടന്നിരിക്കുന്ന ഗുരുതരമായ ഒരു സംഭവത്തെക്കുറിച്ചാണ് അടിയന്തിരപ്രമേയം അവതരിപ്പിക്കാൻ അനുമതി തേടിയത്. ഇതുസംബന്ധിച്ച് വളരെയധികം സമയമായി ഈ സഭയിൽ ചർച്ച നടക്കുകയാണ്. സത്യത്തിൽ വളരെയധികം സമയമെടുത്ത് സഭയിൽ ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്, ഈ വിഷയത്തിന്റെ ഗൗരവം ഈ സഭയുൾക്കൊള്ളുന്നതുകൊണ്ടാണ് സമയത്തിൽ അസ്വസ്ഥമാകാതെ ചർച്ച വേണ്ടയെന്ന് പറഞ്ഞിട്ടുപോലും ചർച്ച നടന്നുകൊണ്ടിരിക്കുന്നത്. ചോദ്യോത്തരസമയത്തും അതുകഴിഞ്ഞുള്ള അടിയന്തിര പ്രമേയത്തിലും ഈ സഭയിൽ ഇതിനെ സംബന്ധിച്ച് ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. ശ്രീ. ആർ. ബാലകൃഷ്ണ പിള്ള അടിയന്തിര പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഒന്ന് ഒന്നൊര മാസക്കാലം ചാരായ നിരോധനം ഫലപ്രദമായി നടപ്പിലാക്കിയപ്പോൾ ഈ സംസ്ഥാനത്തുണ്ടായ സ്ഥിതിവിശേഷത്തെക്കുറിച്ച് സവിസ്തരം പറയുകയുണ്ടായി. ആ ഒന്ന് ഒന്നരമാസക്കാലം നമ്മുടെ സംസ്ഥാനത്ത് വ്യാജച്ചാരായ സംബന്ധമായ കേസുകളൊന്നും ഉണ്ടായില്ലെന്നും ആ കാലത്ത് കുറ്റകൃത്യങ്ങൾ കുറഞ്ഞുവെന്നും ഈ സംസ്ഥാനത്ത് അപകട മരണങ്ങൾപോലും കുറഞ്ഞു എന്നുമൊക്കെ വളരെ വിശദമായി ശ്രീ. ബാലകൃഷ്ണപിള്ള പറയുകയുണ്ടായി. ആ ഉദാഹരണങ്ങൾ വച്ച് ഈ ഗവൺമെന്റ് അതായത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ, അന്നത്തെ ചാരായ നിരോധനത്തിനോടുള്ള ജനങ്ങളുടെ പൊതുവായ പ്രതിബദ്ധതയും, ചാരായനിരോധനം

LIBRARY ARCHIVES Kerala Legislative Assembly

ഫലപ്രദമായി നടപ്പിലാക്കിയപ്പോൾ സംസ്ഥാനത്തുണ്ടായ മാറ്റങ്ങളും അതിനോടുള്ള ജനങ്ങളുടെ അനുകൂല മനോഭാവവുമൊക്കെയായിരിക്കണം പുതുതായി വന്ന ഗവൺമെന്റിനെക്കൊണ്ട് ചാരായ നിരോധനം പിൻവലിക്കണമെന്നുള്ള നിലപാടെടുപ്പിച്ചത്. ചാരായ നിരോധനം പിൻവലിക്കണ്ട എന്നുള്ള നിലപാടെടുത്തു മുന്നോട്ടു പോയിട്ട് പിന്നെ സംഭവിച്ച. കാര്യങ്ങളാണ് ഇപ്പോൾ വന്നിരിക്കുന്ന പ്രശ്നം. പിന്നെ സംഭവിച്ച കാര്യങ്ങളെന്ന് പറയുന്നത് ഒരു പാരലൽ ആയിട്ടുള്ള സംഗതിതന്നെ അവർ പടുത്തുയർത്തി. ഈ രംഗത്തുണ്ടായിരുന്ന ആളുകൾക്ക് നിയമപ്രകാരം ചാരായം വാങ്ങി ചെറിയ ഷാപ്പുകളിലൂടെ വിതരണം ചെയ്താൽ കിട്ടുന്നതിനേക്കാൾ ലാഭമുണ്ടാകുമെന്നുള്ളത് ഇവിടെ പറഞ്ഞ കണക്കിൽനിന്നൊക്കെ മനസ്സിലാക്കാം. കഞ്ഞി വിറ്റു നടന്ന ആൾ കോടീശ്വരനായ കഥയൊക്കെ ഇവിടെ പറഞ്ഞു. അപ്പോൾ പാരലലായി തന്നെ ചാരായനിരോധനം നടന്ന സാഹചര്യത്തിൽ അവരുണ്ടാക്കിയെന്നുള്ളതിന്റെ തെളിവാണ് സ്വന്തമായ ഗോഡൗൺ. അവരോട് ആൻസറബിളായ ഉദ്യോഗസ്ഥൻമാർ ഏതാണ് ഇനി ഇപ്പോൾ ഇവിടെ തെളിയാൻ ബാക്കിയുള്ളത്. അവർക്കിഷ്ടപ്പെട്ട ഉദ്യോഗസ്ഥൻമാരായിരുന്നു ഉണ്ടായിരുന്നതെന്നുള്ളത് വളരെ വ്യക്തമായി. പോലീസ് ഓഫീസർമാരുടെ പേരിൽ ഫലപ്രദമായ നടപടിയെടുത്തുവെന്ന് ഗവൺമെന്റ് പറഞ്ഞല്ലോ, അപ്പോൾ പോലീസ് ഓഫീസർമാർ ഫലപ്രദമായി പ്രവർത്തിച്ചില്ലായെന്ന് വ്യക്തമായി. വലിയ ഗോഡൗണുകൾ, ചെറുതൊന്നുമല്ല, ആളുകൾ കണ്ടാൽതന്നെ ഞെട്ടിപ്പോകുന്ന തരത്തിലുള്ള സംവിധാനങ്ങൾ. ഗോഡൗണിൽ നേരെ ലോറി വന്നുനിൽക്കാനുള്ള സംവിധാനം. ഗോഡൗണിൽ നിന്ന് ലോറികളിലേക്ക് നേരെ സ്പിരിറ്റ് എത്തിക്കാനുള്ള സംവിധാനം, വിതരണം ചെയ്യാനുള്ള നെറ്റ് വർക്ക് ഇതെല്ലാം ഉണ്ടായിരുന്നു. ഇതിന്റെ ഫലമായി സംസ്ഥാനത്തൊട്ടാകെ ചാരായം നിർബ്ബാധം ഒഴുകിയിരുന്നുവെന്നുള്ളത് വ്യക്തമാണ്. അത് കൈകാര്യം ചെയ്തിരുന്ന ആളുകൾക്ക് അധികാരികളുടെ എല്ലാവിധ സപ്പോർട്ടുമുണ്ടായിരുന്നുവെന്നുള്ളത് വ്യക്തമാണ്. അന്നത്തെ ഒന്നര മാസത്തിൽ നിന്നും വ്യത്യസ്തമായ സംഭവവികാസങ്ങളാണ് തുടർന്നുള്ള മൂന്ന് നാല് കൊല്ലങ്ങളിൽ ഉണ്ടായത്. മരണം മാത്രമല്ല, കുറ്റകൃത്യങ്ങളുടെ വർദ്ധനവും ഒക്കെ കണക്കിലെടുത്ത് പരിശോധിച്ചാൽ ഇത് വ്യക്തമാകും. എന്തുകൊണ്ട് ഒരു ഗവൺമെന്റിന് ഇത് തടയാനുള്ള വിൽ പവർ ഉണ്ടായില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ - യു.ഡി.എഫ്. ഗവൺമെന്റിന്റെ ഒന്ന്, ഒന്നൊര മാസക്കാലം ഫലപ്രദമാണെന്നു തെളിഞ്ഞ ഒരു സംവിധാനം പിന്നീട് വന്ന ഗവൺമെന്റ് തുടർന്നു പോയിരുന്നുവെങ്കിൽ ഈ മരണങ്ങളൊന്നും സംഭവിക്കുമായിരുന്നില്ല, ദുരന്തങ്ങളൊന്നും തന്നെ ഉണ്ടാകുമായിരുന്നില്ല. അധികൃതരുടെ പൂർണ്ണമായ സപ്പോർട്ടോടുകൂടിയാണ് കാര്യങ്ങൾ നടന്നിട്ടുള്ളതെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല, ഇനി തെളിയാനിരിക്കുന്ന കാര്യമെന്നു പറയുന്നത് അന്വേഷണത്തിനുശേഷം വരേണ്ടതാണ്. അന്വേഷണത്തിനുശേഷം വരേണ്ട കാര്യങ്ങളെക്കുറിച്ച് ഞാൻ വിശദമായി പറയുന്നില്ല. പക്ഷെ മുഴുവൻ കാര്യങ്ങളും അന്വേഷണത്തിൽ വരാൻ തക്കവിധം അന്വേഷണമേർപ്പെടുത്തിയിട്ടുണ്ടോ എന്നുള്ളതിനെ സംബന്ധിച്ചാണ് പ്രതിപക്ഷത്തു നിന്നും അഭിപ്രായം പറഞ്ഞത്. അതുകൊണ്ടാണ് ഈ അന്വേഷണം തൃപ്തികരമല്ല, ഇതിന്റെ ടേംസ് ഓഫ് റഫറൻസ് തൃപ്തികരമല്ലായെന്ന് പറഞ്ഞത് വളരെ ഗൗരവമായി വന്നിരിക്കുന്ന ഒരു വിഷയമാണ് ഇത്. കുറെ ആളുകൾ മരിച്ചു; കുറെ ആളുകളുടെ കണ്ണ് പോയി; അതുപോലെതന്നെ തോട്ടിൽ നിന്നും വെള്ളം കുടിച്ച കാലിയുടെ കണ്ണ് പോയി. ഇത് നമ്മൾ ടി. വി. യിൽ കണ്ടതാണ്. അത്രമാത്രം മാരകമായ

LIBRARY ARCHIVES Kerala Legislative Assembly

വിഷം ഇവിടെ വിറ്റ് കോടീശ്വരൻമാരായ ആളുകൾ കുറച്ചുകാലം കഴിയുമ്പോൾ കേസിന്റെ നൂലാമാലകളിൽ നിന്നും രക്ഷപ്പെട്ടുപോകുകയും അധികം വൈകാതെ തന്നെ ചാരായം ഇവിടെ നിർബാധം ഒഴുകുകയും, ഇതിലൊന്നും യാതൊരു കുഴപ്പവുമില്ലാത്തവിധം പിന്നെ ഉണ്ടാക്കുകയും ചെയ്യുന്ന സംവിധാനം ഉണ്ടായിക്കൂടായെന്നുള്ളതാണ്. ഏതായാലും ആ കാര്യത്തിൽ കുറ്റകരമായ അനാസ്ഥയുണ്ടായിരിക്കുന്നു. ഒരു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഭൂഷണമല്ലാത്ത കാര്യങ്ങൾ ഉണ്ടായിരിക്കുന്നു. ചാരായ നിരോധനം ഫലപ്രദമായി നടപ്പിലാക്കിയിരുന്നുവെങ്കിൽ ഉണ്ടാകുമായിരുന്ന നേട്ടങ്ങൾ മുഴുവൻ ഈ സംസ്ഥാനത്തിന് നഷ്ടപ്പെട്ടിരിക്കുന്നു. ഇപ്പോൾ വിദ്യാഭ്യാസത്തിലും ആരോഗ്യ പരിപാലനത്തിലും മറ്റുകാര്യങ്ങളിലുമൊക്കെ ശ്രദ്ധേയമായ സ്ഥാനമുണ്ടായിരുന്ന കേരളത്തിന് വാസ്തവത്തിൽ ഇന്ന് ഇന്ത്യാ രാജ്യത്തും പുറത്തും അപഖ്യാതി വന്നിരിക്കുന്നു. കണക്കെടുത്ത് നോക്കിയാൽ നമ്മുടെ പൗരൻമാരുടെ ശരാശരി ആയുസ്സുപോലും, കുറഞ്ഞിട്ടുണ്ടാകും. അതുപോലെ ആരോഗ്യസംരക്ഷണത്തിൽ നമ്മൾ കുത്തനെ താഴോട്ട് പോയിട്ടുണ്ടായിരിക്കും. ഇപ്പോൾ പല പത്രങ്ങളും ഉദരരോഗത്തെക്കുറിച്ചൊക്കെ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത്ര ഗൗരവതരമായ ഒരു വിഷയം ഇവിടെ ഉണ്ടായതിൽ, മൂന്നുനാലു വർഷം ഇത് കൈകാര്യം ചെയ്തിട്ടുള്ള കുറ്റകരമായ അനാസ്ഥയുണ്ടെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. തുടർന്നുള്ള കാര്യങ്ങളിലും അങ്ങനെതന്നെ പോകുമോ എന്ന ഭയാശങ്കയ്ക്ക് അടിസ്ഥാനമുണ്ട്. അതുകൊണ്ടാണ് വിശദമായി ചർച്ച ചെയ്യണമെന്ന് പ്രതിപക്ഷത്തു നിന്നും ആവശ്യപ്പെട്ടത്. ആ ആവശ്യം നിരസിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി ; സർ, 44 പേരുടെ മരണത്തിനും നൂറുകണക്കിനാളുകളുടെ ജീവിത ദുരിതത്തിനും ഇടയാക്കിയ മദ്യദുരന്തത്തെക്കുറിച്ച് ഒരു തുറന്ന ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറാകേണ്ടതായിരുന്നു. അതിന് തയ്യാറാകാതിരുന്നത് വളരെ പ്രതിഷേധാർഹമായ കാര്യമാണ്. മദ്യദുരന്തത്തിൽ മരിച്ചയാളുകളുടെ നമ്പർ പോലും ശരിയായ നിലയിൽ നിയമസഭയിൽ വെളിപ്പെടുത്താൻ ഗവൺമെന്റ് തയ്യാറായില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 14 മദ്യ ദുരന്തങ്ങളുണ്ടായി. 73പേർ മരിച്ചിട്ട് 53 പേർ മാത്രമാണ് മരിച്ചതെന്നാണ് മുഖ്യമന്ത്രി ഇവിടെ സഭയിൽ പറഞ്ഞത്. എത്രയോ വാസ്തവ വിരുദ്ധമായ കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 14 മദ്യ ദുരന്തങ്ങൾ ഉണ്ടായി. എക്സൈസ് വകുപ്പുമന്ത്രി ഇതിന് മറുപടി പറഞ്ഞപ്പോൾ ഇതിനെ നീതികരിച്ചത് പണ്ട് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മദ്യ ദുരന്തമുണ്ടായിട്ടില്ലേ എന്നുള്ള ഒരു ഡിഫൻസ് മാത്രമാണ്. എത്ര ബാലിശമായ ഡിഫൻസാണ് അത്. യു. ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ചാരായ നിരോധനമില്ലായിരുന്നു. ചാരായനിരോധനമില്ലാതിരുന്ന കാലഘട്ടത്തിൽ മദ്യ ദുരന്തങ്ങൾ നടക്കുന്നതുപോലെയല്ല ചാരായ നിരോധനമുള്ള സന്ദർഭത്തിൽ നടക്കുന്നത്. ഇന്നത്തെ കേസ് എന്താണ്? ഇന്നത്തെ കേസിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ കാര്യം ഗവൺമെന്റിന്റെ അനവധാനതയാണ്. ഇവിടെ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പു മന്ത്രി പഴയ മദ്യദുരന്തവുമായി ഇപ്പോഴത്തെ മദ്യദുരന്തത്തെ താരതമ്യപ്പെടുത്തിയത് എന്തർത്ഥത്തിലാണെന്ന് എനിക്ക് മനസിലാകുന്നില്ല. ബഹുമാനപ്പെട്ട വകുപ്പു

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രി ഇവിടെ സംസാരിച്ചപ്പോൾ എക്സൈസ് വകുപ്പിന്റെ കാര്യക്ഷമതയെ ഉയർത്തിക്കാണിക്കുകയുണ്ടായി. കഴിഞ്ഞ മാസം പത്താം തീയതി തിരുവനന്തപുരത്തു നടന്ന പ്രിവന്റീവ് ഓഫീസേഴ്സിന്റെ പാസ്സിംഗ് ഔട്ട് പരേഡിൽ അങ്ങ് നടത്തിയ പ്രസംഗം മാതൃഭൂമി റിപ്പോർട്ട് ചെയ്തത് ഞാൻ കാട്ടുചെയ്യുകയാണ്. വ്യാജമദ്യദുരന്തം തടയുന്നതിൽ എക്സൈസ് വകുപ്പിന് വീഴ്ച വന്നിട്ടുണ്ടെന്നും ജാഗ്രതക്കുറവാണ് അതിന് കാരണമെന്നും എക്സൈസ് വകുപ്പ് മന്ത്രി സമ്മതിച്ചു. ഇക്കാര്യം അങ്ങ് നിയമസഭയ്ക്കകത്ത് പറയണമായിരുന്നു.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ ജാഗ്രതക്കുറവ് കാണിച്ചവരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

ശ്രീ. കെ.എം.മാണി : അങ്ങയുടെ വകുപ്പിൽ ജാഗ്രത കുറവുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം അങ്ങാണ് ഏറ്റെടുക്കേണ്ടത്. ജനാധിപത്യ വ്യവസ്ഥിതിയിൽ ആരാണ് ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത്? എക്സൈസ് വകുപ്പിന് ജാഗ്രതക്കുറവാണെന്ന് അങ്ങുതന്നെ നിയമസഭയിൽ സമ്മതിച്ച സ്ഥിതിക്ക് അതിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അങ്ങ് രാജിവയ്ക്കണമെന്നുള്ളതാണ് ഞങ്ങളുടെ നിലപാട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ജസ്റ്റീസ് ഡി. ശ്രീദേവിയുടെ സ്റ്റേറ്റുമെന്റിൽ പറയുന്നത് "മദ്യദുരന്തങ്ങൾക്കു കാരണം എക്സൈസ് വകുപ്പിന്റെ കെടുകാര്യസ്ഥതയാണ്. തെറ്റായ വിവരങ്ങൾ കേരള ഹൈക്കോടതിയിൽ എക്സൈസ് ഡിപ്പാർട്ടുമെന്റ് സമർപ്പിക്കുന്നതു കൊണ്ടാണ് വ്യാജമദ്യദുരന്തക്കേസിലെ പ്രതികൾ രക്ഷപ്പെടുന്നത് എന്നാണ്. മണിച്ചൻ സ്പിരിറ്റ് സൂക്ഷിക്കുന്നത് രാഷ്ട്രീയക്കാരുടേയും എക്സൈസ് ഉദ്യോഗസ്ഥർമാരുടെയും സഹായത്തോടു കൂടിയാണ്, പോലീസ് ഇതുവരെ ഇതിനെപ്പറ്റി അറിഞ്ഞിട്ടില്ല എന്നുള്ളത് മുഖവിലയ്ക്ക് എടുക്കാൻ കഴിയുകയില്ല" എന്ന് ഡി.ജി.പി. പി.ആർ. ചന്ദ്രന്റെ സ്റ്റേറ്റുമെന്റിൽ തുറന്നു പ്രസ്താവിക്കുന്നു. സിബി മാത്യു ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സമർപ്പിച്ച സ്റ്റേറ്റുമെന്റിൽ രാഷ്ട്രീയക്കാരും അബ്കാരികളും പ്രതികൾക്ക് സംരക്ഷണം നൽകുന്നുവെന്ന് വ്യക്തമായിരിക്കുന്നു. ഇതു വളരെ ഗുരുതരമായ ഒരു സംഗതിയാണ്. ഇതിനു മുമ്പുണ്ടായ മദ്യദുരന്തംപോലെയാണോ ഇത്? ഇവിടുത്തെ മദ്യലോബിയും എക്സൈസ് ഡിപ്പാർട്ടുമെന്റും പോലീസ് ഡിപ്പാർട്ടുമെന്റുമായിട്ടുള്ള അവിശുദ്ധ ബന്ധത്തിന്റേയും കാര്യക്ഷമതാരാഹിത്യത്തിന്റെയും ജാഗ്രതാക്കുറവിന്റെയും ഫലമായിട്ടാണ് മദ്യദുരന്തം നടന്നിട്ടുള്ളതെന്ന് വ്യക്തമായി തെളിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം ആരാണ് ഏറ്റെടുക്കേണ്ടത്? ഒന്നുകിൽ, ഗവൺമെന്റ് ഏറ്റെടുക്കണം അല്ലെങ്കിൽ എക്സൈസ് വകുപ്പു മന്ത്രിയെങ്കിലും ഏറ്റെടുക്കണം എന്നുള്ളതാണ് ഞങ്ങളുടെ നിലപാട് . വ്യാജമദ്യദുരന്തം നിയന്ത്രിക്കുന്നതിൽ സർക്കാർ വീഴ്ചവരുത്തിയെന്ന് ഡി. വൈ. എഫ്. ഐ. സംസ്ഥാന പ്രസിഡന്റ് പി. ആർ. വസന്തകുമാർ കുറ്റപ്പെടുത്തുന്നു. ഇക്കാര്യം കേരളാ കോൺഗ്രസോ പ്രതിപക്ഷമോ പറഞ്ഞാൽ നിങ്ങൾ സമ്മതിക്കണ്ട. വ്യാജ മദ്യത്തെക്കുറിച്ച് അന്വേഷിച്ച ഉദ്യോഗസ്ഥൻമാർ തെറ്റായ റിപ്പോർട്ട് നൽകുന്നു എന്ന് അദ്ദേഹം പത്ര സമ്മേളനത്തിൽ പറഞ്ഞു. മൂന്നു തവണയും തെറ്റായ വിവരം നൽകിയിട്ടും ആ ഉദ്യോഗസ്ഥൻമാർക്കെതിരെ നടപടി സ്വീകരിക്കാനോ വ്യാജ മദ്യവില്പന തടയാനോ കഴിയാത്തത് സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്. ഒരു കൂട്ടം രാഷ്ട്രീയ നേതാക്കൻമാരും ചില ഉദ്യോഗസ്ഥൻമാരും മദ്യമാഫിയയും ചേർന്നു നടത്തിയ ഗൂഢാലോചന മനസിലാക്കാനും തകർക്കാനും കഴിയാ

LIBRARY ARCHIVES Kerala Legislative Assembly

ത്തത് സർക്കാരിന്റെ വീഴ്ചതന്നെയാണ്. "മദ്യലോബിയെ തുണച്ചത് മന്ത്രി, വ്യാജ മദ്യം വ്യാപകമാക്കിയത് സംസ്ഥാന സർക്കാരിന്റെ അബ്കാരി നയത്തിലെ പാളിച്ചകൾ, ഈ പാളിച്ചകളാണ് നാൽപ്പതിലേറെപ്പേരുടെ മരണത്തിനിടയാക്കിയ വ്യാജമദ്യദുരന്തങ്ങൾക്ക് കാരണം" എന്നാണ് ആലപ്പുഴയിൽ ചേർന്ന സി. ഐ. റ്റി. യു. സമ്മേളനത്തിൽ പറഞ്ഞത്. അബ്കാരി നയത്തിലെ പാളിച്ചകൾക്കും വ്യാജമദ്യ ലോബികളുടെ വളർച്ചയ്ക്കും മന്ത്രിക്കുള്ള പങ്ക് നിഷേധിക്കാനാവുകയില്ല. സി. ഐ. ടി യു-ഉം ഡി.വൈ.എഫ്.ഐ.-ഉം ബഹുമാനപ്പെട്ട ഹൈക്കോടതി ജസ്റ്റീസ് ശ്രീദേവിയും ശ്രീ. പി. ആർ. ചന്ദ്രനുമൊക്കെ തുറന്നു സമ്മതിച്ച ഇക്കാര്യം ഒരു ഗുരുതരമായ പ്രശ്നമല്ലേ, സർ? എന്നിട്ട് മന്ത്രി യാതൊരു പുളുപ്പുമില്ലാതെ എക്സൈസ് വകുപ്പ് സംശുദ്ധമെന്നു പറയുമ്പോൾ സത്യത്തിൽ എനിക്ക് ലജ്ജയാണ് തോന്നുന്നത്. അതുകൊണ്ട് ഗുരുതരമായ ഈ വിഷയത്തെ സംബന്ധിച്ച് ഒരു ചർച്ച അനിവാര്യമാണ്. ഇതിന്റെ ഉത്തരവാദിത്വം ഗവൺമെന്റിനാണ്. ഗവൺമെന്റ് ഈ ഉത്തരവാദിത്വം ഏറ്റെടുത്തു കൊണ്ട് എക്സൈസ് വകുപ്പുമന്ത്രി രാജിവയ്ക്കണം. രാഷ്ട്രീയകക്ഷികളും എക്സൈസ് ലോബികളും തമ്മിലുള്ള അവിശുദ്ധമായ കൂട്ടുകെട്ടിനെ സംബന്ധിച്ചിടത്തോളം അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസിൽ ഇതും കൂടി ഉൾപ്പെടുത്തണം. ഇത്തരത്തിൽ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഉളവായിട്ടുള്ള വളരെ ഗുരുതരമായ ഞെട്ടിപ്പിക്കുന്ന, അപകടകരമായ സ്ഥിതിവിശേഷം ചർച്ച ചെയ്യാതെ, ന്യായമായ ആവശ്യങ്ങൾ അനുവദിക്കാതിരിക്കുന്ന ഭരണകക്ഷിയുടെ, ഗവൺമെന്റിന്റെ തെറ്റായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്ത് പോയി)

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, നിരവധി തൊഴിലാളികൾ മരിക്കുകയും അനവധി തൊഴിലാളികൾക്ക് കാഴ്ച നഷ്ടപ്പെടുകയും ലക്ഷക്കണക്കിന് തൊഴിലാളികൾ മരിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഈ വിഷമദ്യദുരന്തത്തെക്കുറിച്ച് ചർച്ച ചെയ്യുകയില്ല എന്നുള്ള ഇടതുപക്ഷ പാർട്ടികൾ ഭരിക്കുന്ന, നേതൃത്വം കൊടുക്കുന്ന ഈ ഗവൺമെന്റിന്റെ നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണെന്നുള്ള കാര്യം ഞാൻ അറിയിക്കുകയാണ്. മഹാനായ പി. കൃഷ്ണപിള്ളയും മഹാനായ സഖാവ് എ. കെ. ജി. യും സഖാവ് ഇ.എം. എസ്സും ആർ. സുഗതനും എം.എൻ. ഗോവിന്ദൻ നായരും ടി.കെ. ദിവാകരനും ശ്രീകണ്ഠൻ നായരും അതുപോലെ അറിയപ്പെടുന്നവരും അറിയപ്പെടാത്തവരുമായി പതിനായിരക്കണക്കിന് സഖാക്കൾ ജീവൻ കൊടുത്ത് നേടിയ കസേരകളിൽ ഇപ്പോൾ സഖാവ് നായനാരും ശിവദാസമേനോനുമാണ് ഇരിക്കുന്നത്. ഒരു ഗവൺമെന്റ് അറിഞ്ഞുകൊണ്ട് മദ്യലോബിയുമായിച്ചേർന്ന് വിഷമദ്യം കൊടുത്ത് കോടികൾ സമ്പാദിക്കുകയും അതിൽ പങ്ക് പറ്റുകയും ചെയ്ത ചരിത്രം ലോകത്ത് ഇതിനു മുൻപുണ്ടായിട്ടുണ്ടോ? നായനാരെയും ശിവദാസമേനോനെയും ഈ കസേരയിൽ കൊണ്ടിരുത്തിയത് ഈ സംസ്ഥാനത്തെ പാവപ്പെട്ട തൊഴിലാളികളാണ്. ആ തൊഴിലാളികൾക്കു തന്നെ വിഷമദ്യം കൊടുത്ത് മദ്യലോബിയുമായി ചേർന്ന് കോടികൾ സമ്പാദിച്ചിരിക്കുന്നു. ലോകത്തെ ഒരു ബൂർഷ്വാ പാർട്ടിയും ചെയ്യാത്ത ഏറ്റവും ഹീനമായ പ്രവർത്തിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ ചെയ്തിരിക്കുന്നത്. 149 കോടി രൂപയുടെ കള്ള് ലേലത്തിൽ പോയത്

LIBRARY ARCHIVES Kerala Legislative Assembly

അതിൽ കൂടുതൽ കള്ള് ഇവിടെ ഉല്പാദിപ്പിക്കുന്നു എന്നതിന്റെ തെളിവാണ് എന്നാണ് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ഇപ്പോഴും പറയുന്നത്. 149 കോടി രൂപയ്ക്കു പുറമെ കള്ള് ചെത്ത് തൊഴിലാളികൾക്ക് കൂലി കൊടുക്കണ്ടേ? ഞാൻ റ്റോഡി വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അന്വേഷിച്ചു, 41,498 തൊഴിലാളികളുണ്ട്. ഒരു വർഷം ഒന്നേകാൽ ലക്ഷം രൂപയുടെ ആനുകൂല്യമടക്കം 512 കോടി രൂപ അതിനു വേണം. 2100 തൊഴിലാളികൾ കള്ള് അളക്കുന്ന വിഭാഗത്തിലുണ്ട്. അവർക്ക് 60 ലക്ഷം രൂപ പ്രതിവർഷം ശമ്പള ഇനത്തിൽ കൊടുക്കണം. അങ്ങനെ 512 കോടി 60 ലക്ഷം രൂപ വേണം. തെങ്ങിന് പാട്ടം ഉദ്യോഗസ്ഥൻമാർ, പോലീസുകാർ, എക്സൈസുദ്യോഗസ്ഥൻമാർ, പാർട്ടി നേതാക്കൻമാർ എന്നിവർക്കുള്ള മാസപ്പടി, പിന്നെ ലാഭം എല്ലാം കൂടി നോക്കിയാൽ 1500 കോടി രൂപയുടെ കള്ള് വിൽക്കണം. ഇവിടെ 400 കോടി രൂപയുടെ കള്ള് ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. 400 കോടി രൂപയുടെ കള്ള് ഉൽപ്പാദിപ്പിക്കപ്പെടുന്ന കേരളത്തിൽ 1500 കോടി രൂപയുടെ കള്ള് വിൽക്കുന്നു. അപ്പോൾ ഇവിടെ ചാരായം അല്ലേ വിൽക്കുന്നത്? കഴിഞ്ഞ വർഷം ഡി. ജി. പി. ഇറക്കിയ സർക്കുലറിൽ, കള്ളുഷാപ്പുകളിൽ കള്ളല്ല, കാലാപാനിയാണ് വിൽക്കുന്നതെന്ന് ഗവൺമെന്റിനെ ഡി. ജി. പി. അറിയിച്ചില്ലേ? മണിച്ചനു പോലും ചാരായം കൊടുക്കുന്നത് കായംകുളത്തു നിന്നാണ്. ഞാൻ എല്ലാ വിവരവും ഡി. ജി. പി. യ്ക്ക് കൊടുത്തു. ശ്രീ. ജി. സുധാകരൻ കായംകുളം എം. എൽ. എ. ഇവിടെ ഉണ്ടല്ലോ. മണിച്ചന്റെ ഗോഡൗണിലെ ടാങ്കുകളെ വെല്ലുന്ന തരത്തിൽ 100 കണക്കിന് ടാങ്കുകൾ അവിടെയുണ്ട്. അവിടെ ഭൂഗർഭ അറകൾ ഉണ്ട്. അതന്വേഷിക്കാൻ ആരെങ്കിലും തയ്യാറായിട്ടുണ്ടോ? ഇവിടുത്തെ മദ്യലോബികൾ സി. പി. ഐ. (എം) ജില്ലാ കമ്മിറ്റിയുടെ കാറാണ് ഉപയോഗിക്കുന്നത്. ഞാൻ കാറിന്റെ നമ്പർ വേണമെങ്കിൽ പറയാം. നിങ്ങൾ അന്വേഷിക്കാൻ തയ്യാറുണ്ടോ? ഗവൺമെന്റ് ഇങ്ങനെ ചെയ്യാറുണ്ടോ? ഞാൻ കല്ലുവാതുക്കലും കൊട്ടാരക്കരയിലും മദ്യദുരന്തം മൂലം മരിച്ച ആളുകളുടെ വീടുകളിൽ പോയിരുന്നു. കൊട്ടാരക്കരയിൽ മരിച്ച 16 പേരിൽ 12 പേരും പട്ടികജാതിക്കാരാണ്. കല്ലുവാതുക്കൽ മരിച്ചവർ പാറമടയിൽ കല്ലടിക്കാൻ പോകുന്ന പാവപ്പെട്ട തൊഴിലാളികളാണ്. ഒരൊറ്റ മുതലാളിയും മരിച്ചിട്ടില്ല. ഒരൊറ്റ ഉദ്യോഗസ്ഥനും മരിച്ചിട്ടില്ല. മരിച്ചതൊക്കെ ഈ രാജ്യത്തെ ഏറ്റവും അടിസ്ഥാന വർഗ്ഗമാണ്. ആ അടിസ്ഥാന വർഗ്ഗത്തിന്റെ പേരിൽ അധികാരത്തിൽ വന്ന ഒരു ഗവൺമെന്റാണിത്. ഇതിൽ കൂടുതൽ ക്രൂരതയുണ്ടോ? ഒരു കാര്യം കൂടി പറയട്ടെ. ധനകാര്യ വകുപ്പു മന്ത്രി ഇവിടെയുണ്ടല്ലോ. ഖജനാവിന്റെ സ്ഥിതിയെന്താണ്? ഒരു വർഷം 10,000 കോടി രൂപയുടെ ട്രാൻസാക്ഷനാണ് മദ്യമേഖലയിൽ കേരളത്തിൽ നടക്കുന്നത്. മൂന്നു കോടി ജനങ്ങളുള്ള കേരളത്തിൽ percapita expenditure on liquor എന്ന് പറയുന്നത് 2500 രൂപയ്ക്ക് മുകളിലാണ്. അതായത് പ്രതിശീർഷ വരുമാനത്തിന്റെ 25 ശതമാനം മദ്യത്തിന് ഉപയോഗിക്കുന്നു. ഈ രീതിയിൽ ലോകത്തിൽ ഏതെങ്കിലും ഒരു രാജ്യം ഉണ്ടോ? ഈ തരത്തിൽ ഈ സംസ്ഥാനത്തെ മദ്യത്തിൽ മുക്കുന്നത് ഈ ഗവൺമെന്റല്ലേ? ഇങ്ങനെ ഒരു ഗവൺമെന്റുണ്ടോ? പതിനായിരം കോടി രൂപ ട്രാൻസാക്ഷൻ നടക്കുന്ന മേഖലയിൽ എന്ത് വരുമാനമുണ്ടായി? ഗവൺമെന്റ് അറിഞ്ഞുകൊണ്ട്, ഇവിടുത്തെ മദ്യ മുതലാളിമാർ ചേർന്ന് ഈ സംസ്ഥാനത്തെ ലക്ഷക്കണക്കിന് പാവപ്പെട്ട തൊഴിലാളികൾക്ക് വിഷം കൊടുത്ത്, അതിന്റെ മറവിൽ എത്രകോടി രൂപയുണ്ടാക്കി? ഞാൻ ഉത്തരവാദിത്വത്തോടുകൂടി ചോദിക്കുന്നു; കൈരളി ചാനലിൽ പതിനായിരം രൂപയ്ക്ക് മുകളിൽ ഷെയർ എടുത്തവരുടെ പേര് വ്യക്ത

LIBRARY ARCHIVES Kerala Legislative Assembly

മാക്കാമോ? വ്യക്തമാക്കിയാൽ ഈ ഗവൺമെന്റും ഈ പാർട്ടിയും ഈ മുന്നണിയും ആരുടെ താൽപ്പര്യങ്ങൾക്ക് നിൽക്കുന്നുവെന്ന് പറയാൻ കഴിയും. ഇതാണോ കമ്മ്യൂണിസം? ഇതാണോ കമ്മ്യൂണിസ്റ്റു പാർട്ടി? ശ്രീ. നായനാർ കമ്മ്യൂണിസ്റ്റാണോ? ശ്രീ. ശിവദാസമേനോൻ കമ്മ്യൂണിസ്റ്റാണോ? ഇതാണോ കമ്മ്യൂണിസം? ഇത്തരത്തിൽ അടിസ്ഥാന തൊഴിലാളി വർഗ്ഗത്തെ ഈ ഗവൺമെന്റ് വഞ്ചിച്ചു. ഞങ്ങൾ ഈ ടേംസ് ഓഫ് റഫറൻസിൽ രാഷ്ട്രീയ പാർട്ടികൾക്ക് കൂടിയുള്ള പങ്ക് ചർച്ചയ്ക്ക് വയ്ക്കണമെന്ന് ഞങ്ങൾ പറഞ്ഞു. ഈ ടേംസ് ഓഫ് റഫറൻസിൽ രാഷ്ട്രീയ പാർട്ടികൾക്കുള്ള പങ്ക്, അത് ഏത് രാഷ്ട്രീയ പാർട്ടിയായാലും ശരി, നിയമത്തിന്റെ മുന്നിൽ കൊണ്ടു വരണം. മാത്രമല്ല, നിരവധി ആളുകൾ മരിക്കാൻ ഇടയായതിന്റെ പേരിൽ ശ്രീ. ശിവദാസമേനോന്റെ പേരിൽ ഐ.പി.സി. 302 അനുസരിച്ച് കൊലക്കുറ്റത്തിന് കേസെടുക്കാൻ തയ്യാറാകണം.

മി.സ്പീക്കർ : ഇത് ചർച്ചയൊന്നുമല്ല. അടിയന്തിരപ്രമേയത്തിന്റെ വാക്കൗട്ടാണ്. പ്ലീസ്..പ്ലീസ്.

പ്രൊഫ. എ.വി. താമരാക്ഷൻ : കൂത്തുപറമ്പ് കേസിൽ ശ്രീ. എം.വി. രാഘവന്റെ പേരിൽ ക്രിമിനൽ കേസെടുക്കാൻ തയ്യാറായ ഗവൺമെന്റ് എക്സൈസ് വകുപ്പു മന്ത്രിയുടെ പേരിലും കൊലക്കുറ്റത്തിന് കേസെടുക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു. (പ്രൊഫ. എ.വി. താമരാക്ഷനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തു പോയി).

മി.സ്പീക്കർ : അടുത്തത് ശ്രീ. ടി.എം. ജേക്കബ്

ശ്രീ. ടി.എം. ജേക്കബ് : - സർ, ബഹുമാനപ്പെട്ട എക്സൈസ് മന്ത്രിയും മുഖ്യമന്ത്രിയും പറഞ്ഞത് ജുഡീഷ്യൽ അന്വേഷണം നടക്കുന്നതു കൊണ്ട് ഇവിടെ ഒരു ചർച്ച ആവശ്യമില്ല എന്നാണ്. ഇവിടെ ഒരു ജുഡീഷ്യൽ അന്വേഷണത്തിന് സർക്കാർ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ എസ്.ആർ.ഒ.യും പുറപ്പെടുവിച്ചിട്ടുണ്ട്. ഇന്ന് മന്ത്രി ചോദ്യത്തിന് മറുപടി നൽകുകയും ചെയ്തു. ഡിസംബർ മാസം 5-ാം തീയതിയാണ് ആ നോട്ടിഫിക്കേഷൻ പുറത്തിറക്കിയിരിക്കുന്നത്. ആ നോട്ടിഫിക്കേഷൻ പ്രകാരമുള്ള നടപടികളിലേക്ക് ഈ ഗവൺമെന്റ് കടന്നിട്ടില്ല. ജഡ്ജി സ്ഥലത്ത് എത്തിയിട്ടില്ല. അദ്ദേഹത്തിന്റെ ഓഫീസുപോലും ആയിട്ടില്ല. അനുബന്ധ സൗകര്യങ്ങൾ ആയിട്ടില്ല. സ്റ്റാഫ് ആയിട്ടില്ല. യാതൊരു തരത്തിലുള്ള നടപടി ക്രമങ്ങളുമാകാത്ത ഒരു വിഷയത്തെ സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതുകൊണ്ട് മാത്രം ഇന്ന് ഈ സഭയിൽ സഭാ നടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യേണ്ടതില്ല എന്ന ഒരു നിലപാട് സർക്കാർ സ്വീകരിച്ചത് ഇവിടെ കൂടുതൽ ചർച്ച വന്നാൽ പല സത്യങ്ങളും പുറത്തുവരും എന്നുള്ളതുകൊണ്ട് ഗവൺമെന്റ് അതിൽ ഭയന്നിട്ടാണ്. അതല്ലെങ്കിൽ ധാർമ്മികമായ ഒരു ഉത്തരവാദിത്വം ഈ ഗവൺമെന്റിനുണ്ട്. ഇത്രയും വലിയ ഗുരുതരമായ ഒരു വിഷയം ഈ സഭാതലത്തിൽ ചർച്ച ചെയ്യാതിരിക്കുന്നത് സഭയോടുള്ള അനാദരവാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മുഖ്യമന്ത്രിയും എക്സൈസ് വകുപ്പുമന്ത്രിയും കഴിഞ്ഞ കാലങ്ങളിൽ നമ്മുടെ രാജ്യത്ത് നടന്ന സംഭവങ്ങളെ ന്യായീകരിച്ചുകൊണ്ടാണ് ഇവിടെ സംസാരിച്ചത്. കഴിഞ്ഞ കാലങ്ങളിലെ സംഭവങ്ങൾ എല്ലാംകൂടി കൂട്ടിയാണ് മരിച്ച ആളുക

LIBRARY ARCHIVES Kerala Legislative Assembly

ളുടെ എണ്ണത്തിനു മുകളിൽ എണ്ണം വന്നെങ്കിലേ ഇതനുസരിച്ച് ഫലപ്രദമായ നടപടി സ്വീകരിക്കുകയുള്ളൂ എന്നാണോ അതിന്റെ അർത്ഥം, അങ്ങനെയാണോ ന്യായീകരിക്കേണ്ടത്? കഴിഞ്ഞ കാലങ്ങളിൽ ഇങ്ങനെ നടന്നു. അതുകൊണ്ട് ഇങ്ങനെ. മുഖ്യമന്ത്രിയുടെ പോലീസ് വകുപ്പിനെക്കുറിച്ച് ചർച്ച നടക്കുമ്പോൾ അദ്ദേഹം പറഞ്ഞു കഴിഞ്ഞ കാലങ്ങളിൽ ഇത്ര കളവുണ്ട് ഇത്ര കൊലപാതകമുണ്ട്, ഇത്ര രാഷ്ട്രീയ കൊലപാതകമുണ്ട് എന്ന്. അത് ഒരു കമ്പാരിസൺ ആയി എടുത്തുകൊണ്ട് മറുപടി പറയുന്നത് തെറ്റാണ്. ഇത്രയും ഗുരുതരമായ വിഷയം, നിരുത്തരവാദപരമായ സർക്കാരിന്റെ പെരുമാറ്റംമൂലം ഇവിടുത്തെ വ്യാജമദ്യ ലോബി, ഇവിടുത്തെ മദ്യ രാജാക്കന്മാർ അഴിഞ്ഞാടി നടത്തിയിരിക്കുന്ന സംഭവങ്ങൾ ചർച്ച ചെയ്യണ്ടേ? ഇവിടെ പത്തനംതിട്ട സംഭവത്തെക്കുറിച്ച് ശ്രീ. ശിവദാസമേനോൻ പറഞ്ഞു. യമഹാ സുരേന്ദ്രൻ കേസിലെ പ്രതിയല്ലേ? ഇതുവരെ യമഹാ സുരേന്ദ്രന്റെ പേരിൽ കേസ് ചാർജ് കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഇതൊക്കെ ന്യായീകരിക്കാൻ കഴിയുന്ന കാര്യങ്ങൾ തന്നെയാണോ? ഇവിടെ എക്സൈസ് മന്ത്രി പറഞ്ഞപ്പോൾ ഞാൻ വിചാരിച്ചു മാസപ്പടി വാങ്ങുന്നതിനെക്കുറിച്ച് പറയുമെന്ന്. ഇവിടെ എല്ലാ ഉദ്യോഗസ്ഥന്മാരും മാസപ്പടി വാങ്ങുന്നവരാണെന്ന അഭിപ്രായം എനിക്കില്ല. മാസപ്പടി വാങ്ങിയെന്ന് ഉയർന്ന ഉദ്യോഗസ്ഥന്മാർ വരെ റിപ്പോർട്ട് ചെയ്തിരിക്കുന്ന മാസപ്പടി കൃത്യമായി വാങ്ങുന്ന ആളുകൾ ഉണ്ട്. ഒരക്ഷരം എക്സൈസ് മന്ത്രി ആ കാര്യങ്ങളെക്കുറിച്ച് പറഞ്ഞോ? കേരളത്തിൽ ഇന്ന് എല്ലാവർക്കുമറിയാവുന്ന ഹയറുന്നീസയുടെ വീട് ഞാൻ പോയി കണ്ടു. ഹയറുന്നീസയുടെ വീടിന്റെ പിൻ വാതിലിൽ മാസപ്പടിക്കുവേണ്ടിയുള്ള ഒരു കിളിവാതിൽ ഉണ്ട്. ഞാൻ അവിടെ പോയി കണ്ടതാണ്. കാരണം നിങ്ങളുടെ ഈ വീരശൂര പരാക്രമം കാണണമെങ്കിൽ അവിടെ പോകണമല്ലോ. അവരുടെ വീട്ടിൽ കയറാൻ സബ് ജയിലിനേക്കാൾ വലിയ ഗേറ്റ്. അതിന്റെ ബാക്ക്സൈഡിൽക്കൂടി വന്നാൽ മാസപ്പടി വാങ്ങാനുള്ള കിളിവാതിൽ കാണാം. സംശയമുണ്ടെങ്കിൽ പോയി നോക്കിയാൽ മതി. അപ്പോൾ അറിയാം മാസപ്പടി വാങ്ങാനുള്ള കിളിവാതിലിനെക്കുറിച്ച്. മാസപ്പടി വാങ്ങുന്ന രാഷ്ട്രീയക്കാരില്ലേ? വിദേശത്തു പോയ ആലസ്യത്തിൽ മുഖ്യമന്ത്രി ഉറങ്ങുകയാണ്. അദ്ദേഹം നവംബർ 4-ന് വിളിച്ചു കൂട്ടിയ യോഗത്തിൽ രാഷ്ട്രീയ കക്ഷികൾക്ക് ഇതുമായിട്ടുള്ള ബന്ധത്തെക്കുറിച്ച് അന്വേഷിക്കണമെന്ന് ഞങ്ങൾ എല്ലാവരും ആവശ്യപ്പെട്ടതാണ്. ഇവിടെ ചെറുതും വലുതുമായ ഒട്ടേറെ കക്ഷികൾ ഉണ്ട്. ഇന്ന് എല്ലാവരേയും അടച്ചല്ലേ ആക്ഷേപിക്കുന്നത്. ഇത് ആര് വാങ്ങിയെന്ന് അന്വേഷിക്കട്ടെ. മോഹൻകുമാർ കമ്മീഷൻ അന്വേഷിക്കട്ടെ. അന്വേഷിച്ചാൽ എന്താണ് കുഴപ്പം? ഇവിടെ ടേംസ് ഓഫ് റഫറൻസിൽ എന്ത് വ്യാഖ്യാനമാണ്. ശ്രീ. ശിവദാസമേനോൻ ഒരു അദ്ധ്യാപകനാണ്. അദ്ദേഹത്തിന് ഇങ്ങനെയൊരു അബദ്ധം പറ്റുമെന്ന് ഞാൻ വിചാരിച്ചില്ല. അദ്ദേഹം പറഞ്ഞത് 9-ാമത്തെ ടേംസ് ഓഫ് റഫറൻസിൽ എല്ലാം ഉൾപ്പെടുമെന്നാണ്. അങ്ങ് കാര്യങ്ങൾ അറിയാവുന്ന ആൾ ആണല്ലോ. ഇവിടെ എൻക്വയറീസ് ആക്ട് പ്രകാരം ഇറക്കിയിട്ടുള്ള നോട്ടിഫിക്കേഷൻ പരിശോധിച്ചാൽ അതിനകത്ത് ഏറ്റവും അവസാനം ഏത് അന്വേഷണത്തിനാണെങ്കിലും അവസാനം പറയുന്നതാണ്. On such other matters incidental to or arising out of the matters under such enquiry. ഇത് പറയാത്ത ഒരൊറ്റ നോട്ടിഫിക്കേഷൻ കാണിച്ചുതരാമോ? ഒരൊറ്റയെണ്ണമില്ല. 7-ാമത്തെ വിഷയം Political personalities. പൊളിറ്റിക്കൽ പേഴ്സണാലിറ്റീസ് എന്നു പറഞ്ഞാൽ പൊളിറ്റിക്കൽ പാർട്ടീസ് എന്നാണോ?

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ പഠിച്ചിട്ടില്ല. Political party represented by a person, that I can understand.

രാഷ്ട്രീയ പാർട്ടിയെ പ്രതിയാക്കുമ്പോൾ-സി.പി.ഐ. (എം) ഉദാഹരണമായി എടുക്കുക. സ്വാഭാവികമായും നിങ്ങളുടെ സെക്രട്ടറിയാണ്. കോൺഗ്രസ് ആണെങ്കിൽ കെ.പി.സി.സി. പ്രസിഡന്റാണ്. അങ്ങനെയേ നടക്കുകയുള്ളൂ. ഡെസിഗ്നേഷൻ അവിടെയുണ്ട്. ഈ ഇൻസിഡന്റുമായി ബന്ധപ്പെട്ടിരിക്കുന്ന പൊളിറ്റിക്കൽ പേഴ്സണാലിറ്റീസിനെക്കുറിച്ച് അന്വേഷിക്കാൻ ഞങ്ങൾ പറഞ്ഞിട്ടുണ്ട്. ഇത് രാഷ്ട്രീയ പാർട്ടികളെക്കുറിച്ചാണെന്ന് ശ്രീ. ശിവദാസമേനോനെപ്പോലുള്ള ഒരു അദ്ധ്യാപകൻ പറഞ്ഞാൽ എന്ത് അസംബന്ധമാണ്..... there was any patronage or involvement of any public or political personalities.. ഇതാണ് എഴുതിയിരിക്കുന്നത്. ഇതിന്റെ അർത്ഥം പൊളിറ്റിക്കൽ പാർട്ടീസ് എന്നല്ല. നിങ്ങൾ ആരോട് വേണമെങ്കിലും ചോദിച്ചുനോക്കൂ. ഇംഗ്ലീഷ് വായിച്ചാൽ ഞങ്ങൾക്കും മനസ്സിലാകുമല്ലോ. നിങ്ങൾക്കും മനസ്സിലാകും. ഒരു കാര്യംകൂടി പറഞ്ഞോട്ടെ. ഇവിടെ വിൽക്കുന്ന ഇൻഡ്യൻ മെയിഡ് ഫോറിൻ ലിക്വർ. ഇവിടെ സെക്കന്റ് ഇപ്പോഴും ബ്രാൻഡിക്കടയിൽ വിൽക്കുന്നില്ലേ? ശ്രീമതി ലളിതാംബികയാണല്ലോ എക്സൈസ് കമ്മീഷണർ. അവരുടെ ഒപ്പിട്ട വ്യാജ സ്റ്റിക്കർ ശിവകാശിയിൽ അടിച്ച് ഇപ്പോഴും കേരളത്തിൽ വിതരണം ചെയ്യുകയാണ്. മണിച്ചന്റെ മണിയറയിൽ നിന്നും ഇത് കണ്ടെടുത്തില്ലേ? മണിച്ചന്റെ ഗോഡൗൺ റെയിഡ് ചെയ്തപ്പോൾ അവിടെനിന്നും സ്റ്റിക്കർ നിങ്ങൾക്ക് കിട്ടിയില്ലേ? എല്ലാ സ്ഥലത്തും ഉണ്ട്. അത് അന്വേഷിക്കുന്നില്ല. അതുപോലെ കള്ളുഷാപ്പിന്റെ ലേലം എങ്ങനെയാണ് നടന്നുകൊണ്ടിരുന്നത്? ലേലം വിളി മാത്രമാണ്. അതിന് ടെണ്ടർ ആക്കിയതല്ലേ നിങ്ങൾക്ക് പറ്റിയ പാളിച്ച ഇതിനെക്കുറിച്ച് പലയാളുകളും നിങ്ങളോട് represent ചെയ്തിട്ടില്ലേ?

ഇവിടെ പല ആളുകളും റെപ്രസന്റ് ചെയ്തു, നിങ്ങൾ ടെൻഡർ വയ്ക്കരുത്, ലേലം മതിയെന്ന് നിങ്ങൾ അത് ചെയ്തില്ല, ആരെ സഹായിക്കാൻ, ഇവിടത്തെ വലിയ മദ്യരാജാക്കന്മാരെ സഹായിക്കാൻ വേണ്ടി. ഹയറുന്നീസയുടെ വീട്ടിൽ ചെന്നപ്പോൾ അറിഞ്ഞത് ഒരു ഗ്ലാസ് കുടിക്കണമെങ്കിൽ 20 രൂപയാണ്. അവരുടെ വീട്ടിൽ പൈപ്പ് തുറന്നാൽ വരുന്നത് വെള്ളമല്ല. ചാരായമാണ്. അവരെ പത്രക്കാർ കണ്ടല്ലോ, ഇലക്ട്രോണിക്സ് മീഡിയ കണ്ടല്ലോ? അവർ പറഞ്ഞു ഞാൻ കൈരളി ചാനലിന്റെ ഷെയർ എടുത്തിട്ടുണ്ട്, പതിനായിരം രൂപ. പതിനായിരം രൂപയാണോ, പതിനായിരം ഷെയറാണോ? പറഞ്ഞതു മുഴുവൻ കേട്ടു. അതിന്റെകൂടെ അവരുടെ ബസ് സ്ഥിരമായിട്ട് സി.പി.എം. പ്രകടനത്തിന് വിളിക്കാറുണ്ട് എന്നും അവർ പറഞ്ഞു. അതും പറഞ്ഞിട്ടുണ്ട്. ഹയറുന്നീസ ഉൾപ്പെടെയുള്ള എത്ര ആളുകളുണ്ട്. ഞാൻ മുഖ്യമന്ത്രിയോട് ഒരു കാര്യം ചോദിക്കുകയാണ്. സിബി മാത്യു ഇവിടെ അന്വേഷിക്കുന്നുണ്ട്, സിബി മാത്യുവിനെ നിങ്ങൾ നിക്ഷ്പക്ഷമായി അന്വേഷിക്കാൻ വിടുമോ? നിങ്ങൾ വിടുന്നില്ല. അവിടെയും നിങ്ങൾ മായം ചേർക്കുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, ഹയറുന്നീസ എന്നുപറയുന്ന സ്ത്രീയുടെ പേർക്ക് ഉണ്ടായിരുന്ന എത്ര കേസുകൾ ഈ ഗവൺമെന്റ് വരുന്നതിനു മുമ്പ് കോംപൗണ്ട് ചെയ്ത് വിട്ടു എന്നുള്ളത് അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി.എം. ജേക്കബ് : - നിങ്ങൾ അന്വേഷിച്ച് പറയുക, ഈ സഭയിൽ ആര് നിങ്ങളെ തടസ്സപ്പെടുത്തുന്നു? ബഹുമാനപ്പെട്ട എക്സൈസ് മന്ത്രിയെ ഞങ്ങളാരെങ്കിലും ഈ കാര്യംപറയാൻ തടസ്സപ്പെടുത്തുന്നുണ്ടോ? ഞങ്ങൾ പറഞ്ഞുവല്ലോ ചർച്ച ചെയ്യാം, ചർച്ച ചെയ്തിട്ട് ബഹുമാനപ്പെട്ട എക്സൈസ് മന്ത്രി ഈ കാര്യങ്ങളൊക്കെ സഭയിൽ പറയുക. നമുക്ക് ഒന്നറിയാം, മുഖ്യമന്ത്രി കേരളത്തിൽ ഉണ്ടായിരുന്നപ്പോൾ കാർട്ടൂണിസ്റ്റ് യേശുദാസ് ഒരു കാർട്ടൂൺ വരച്ചു. അങ്ങ് കണ്ടോ? മനോരമയോടല്ലേ വിരോധമുള്ളൂ. കാർട്ടൂണിസ്റ്റ് യേശുദാസിനോട് വിരോധമില്ലല്ലോ? അദ്ദേഹം വരച്ച കാർട്ടൂൺ എന്താ? നമ്മുടെ മാവേലിത്തമ്പുരാൻ കഴിഞ്ഞ ഓണത്തിന് വന്നിട്ട് പോയിട്ടില്ല. അദ്ദേഹത്തിന്റെ വാസസ്ഥലം പാതാളമാണ്. പുള്ളിക്ക് പാതാളത്തിലേക്ക് പോകാൻ വഴിയില്ല. ഭൂമിക്കടിയിൽ മുഴുവൻ സ്പിരിറ്റാണ്. മുഖ്യമന്ത്രി അത് കണ്ടോ? ആ മാവേലിത്തമ്പുരാനെ ഒന്നു രക്ഷിക്കുമോ? ഇപ്പോൾ അങ്ങയുടെ പോലീസുകാരുടെ പണി എന്താ? മണ്ണുമാന്തൽ ജെ.സി.ബി. ഉപയോഗിച്ച് മണ്ണുമാന്തുക, അതല്ലേ ഇപ്പോൾ അങ്ങയുടെ പോലീസിന്റെ പണി? ഈ സ്ഥിതിയിലേക്ക് നമ്മുടെ സംസ്ഥാനത്തെ കൊണ്ടെത്തിച്ച നിങ്ങൾ, ഈ സംസ്ഥാനത്തിന്റെ ഓരോ ഭാഗത്തും നിങ്ങൾ ഉണ്ടാക്കിയിരിക്കുന്ന ഈ ഇടപാടുകൾ, ഈ വ്യാജമദ്യത്തെക്കുറിച്ച് നിങ്ങൾ അന്വേഷിക്കണം. ഇവിടെ ആനമയക്കി എന്നുപറഞ്ഞ് ഒരു സാധനമുണ്ട്. എട്ടടിവീരൻ എന്നുപറഞ്ഞ് ഒരു സാധനമുണ്ട്, മണവാട്ടി എന്നുപറഞ്ഞ് ഒരു സാധനമുണ്ട്. പടയപ്പ എന്നു പറഞ്ഞ് ഒരു സാധനമുണ്ട്. ഇപ്പോൾ പുതിയ ഒരിനംകൂടി ഇറങ്ങിയിട്ടുണ്ട്. നിലംപൊത്തിമേനോൻ ഇതിനെക്കുറിച്ചൊക്കെ അന്വേഷിച്ചാൽ നിങ്ങൾക്ക് അറിയാം ഇതൊക്കെ ഈ മദ്യലോബിക്ക്, മദ്യ രാജാക്കന്മാർക്ക് ആര് നിർമ്മിച്ചു കൊടുക്കുന്നു എന്ന്. മണിച്ചന്റെ തുരങ്കം തുരന്നുവരുമ്പോൾ സ്പെൻസർ ജംഗ്ഷനിൽവരെ എത്തുമെന്നാണ് കേൾക്കുന്നത്. നിങ്ങൾ അന്വേഷിക്കണം. അതുകൊണ്ട് നിങ്ങൾക്ക് ഈ മദ്യലോബിയുമായിട്ടുള്ള ബന്ധം. ഇവിടത്തെ വ്യാജ മദ്യരാജാക്കന്മാരെ സംരക്ഷിക്കാനുള്ള നിങ്ങളുടെ താൽപ്പര്യം, ഈ കാര്യങ്ങളൊക്കെ ചർച്ചചെയ്യേണ്ടത് ഈ സഭയിലാണ്. ധാർമ്മികമായ ഉത്തരവാദിത്വം ശ്രീ. ശിവദാസമേനോന് ഉണ്ട്. അദ്ദേഹം രാജിവയ്ക്കേണ്ടതാണ്, അദ്ദേഹം രാജിവയ്ക്കാനുള്ള സന്നദ്ധത പ്രകടിപ്പിക്കാത്തതിലും. ഇത് ഇവിടെ ചർച്ചചെയ്യാത്തതിലും പ്രതിഷേധിച്ച് ഞങ്ങളും ഈ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ശ്രീ. ടി.എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തു പോയി).

(ശ്രീമതി ഗൗരി അമ്മയും സഭ വിട്ട് പുറത്തുപോയി).

(വാക്കൗട്ട് നടത്തിയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയം കഴിഞ്ഞ് സഭയിൽ തിരിച്ചെത്തി).

മി.സ്പീക്കർ : റൂൾ 62 ശ്രദ്ധക്ഷണിക്കൽ..... ശ്രീ. പി.പി. തങ്കച്ചൻ..... (ബഹളം)

പ്രതിപക്ഷ നേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, അതിനുമുമ്പ് ഞങ്ങൾ പറഞ്ഞ ഒരു കാര്യമുണ്ട്.

മി.സ്പീക്കർ : അതാണ് ഇത്രയും സമയം ചർച്ച ചെയ്തത്.

ശ്രീ.എ.കെ. ആന്റണി : അതല്ല, മുഖ്യമന്ത്രിയിൽ നിന്ന് ഞാൻ ഔദ്യോഗികമായിട്ട് ഒരു മറുപടി പ്രതീക്ഷിക്കുകയാണ്. ഈ ഗവൺമെന്റിന് യാതൊരു കാര്യവും മറച്ചുവയ്ക്കാനില്ലെങ്കിൽ എന്തുകൊണ്ട് രാഷ്ട്രീയപ്പാർട്ടികളും,

LIBRARY ARCHIVES Kerala Legislative Assembly

വ്യാജമദ്യ ലോബിയും തമ്മിലുള്ള ബന്ധം അന്വേഷിക്കാൻ തയ്യാറാകുന്നില്ല? അതുപോലെ മന്ത്രി ശ്രീ. ടി.ശിവദാസമേനോൻ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്ത് രാജിവയ്ക്കണം.

(ബഹളം.....ബഹളം.....)

ശ്രീ.എ.കെ. ആന്റണി : - ചർച്ചയും ഇല്ല, ചർച്ചയ്ക്ക് തയ്യാറുമില്ല. ഞങ്ങളുടെ അഭിപ്രായത്തിൽ ഇന്നത്തെ ഏറ്റവും വലിയ വിഷയം ഇതാണ്. ഞങ്ങളുടെ അഭിപ്രായത്തിൽ ഇന്ന് ഈ സഭാ നടപടികൾ നിർത്തിവച്ചു കൊണ്ട് ഈ പ്രശ്നം ചർച്ചചെയ്യണം. ഇന്നത്തെ ഏറ്റവും മുഖ്യമായ വിഷയം ഇതാണ്.

മി.സ്പീക്കർ : ശ്രീ.പി.പി. തങ്കച്ചൻ (ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചു പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയുടെ നടുത്തളത്തിലേക്ക് വന്നു).

(ബഹളം....ബഹളം.....)

മി.സ്പീക്കർ : ശ്രീ. പി.പി. തങ്കച്ചൻ..... റിക്കോർഡിൽ ഇതൊന്നും വരില്ല.

(പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

കൊലയാളി മുഖ്യമന്ത്രി രാജിവയ്ക്കുക

ശിവദാസമേനോൻ രാജിവയ്ക്കുക

നാട്ടിലാകെ വ്യാജമദ്യം, കേരളമാകെ വ്യാജമദ്യം

നാറുന്നേ, നാറുന്നേ... കേരളമാകെ നാറുന്നേ

ഇതെന്തു ഭരണം സർക്കാരെ, കൈരളിയ്ക്കായി പിരിക്കും നാട്ടിൽ നാട്ടിലാകെ വ്യാജമദ്യം, കേരളമാകെ വ്യാജമദ്യം

നടപടി ഇല്ല, നടപടി ഇല്ല.

കേരളമാകെ കേഴുന്നു, ഇതെന്തു ഭരണം സർക്കാരെ....

(ബഹളം.... ബഹളം)....)

എക്സൈസ് മന്ത്രി രാജിവയ്ക്കുക.....

മി.സ്പീക്കർ : പ്ലീസ്..പ്ലീസ്...പ്ലീസ്....

പ്രതിപക്ഷാംഗങ്ങൾ : ശിവദാസമേനോൻ രാജിവയ്ക്കുക, എക്സൈസ് മന്ത്രി രാജിവയ്ക്കുക...

മി.സ്പീക്കർ : പ്ലീസ്.... പ്ലീസ്.....പ്ലീസ്...

(തുടർന്നും പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ചു കൊണ്ടേയിരുന്നു)

മി.സ്പീക്കർ : പ്ലീസ്....പ്ലീസ്...പ്ലീസ്.....

സഭാനടപടികൾ മുന്നോട്ടു കൊണ്ടുപോകുന്നതിന് ദയവുചെയ്ത് സഹകരിക്കണം. ദയവു ചെയ്തു സഹകരിക്കണം. പ്ലീസ്.. പ്ലീസ്...

ഇന്ന് വളരെ പ്രധാനപ്പെട്ട ഒരു ബില്ലിനെക്കുറിച്ചുള്ള ചർച്ചയാണ്.....(ബഹളം)... ഇന്ന് പ്രധാനപ്പെട്ട ഒരു ബില്ലിനെക്കുറിച്ച് ചർച്ച നടത്താൻ വേണ്ടിയാണ് തീരുമാനിച്ചിട്ടുള്ളത്. ഒരു പ്രധാനപ്പെട്ട ബിൽ, സ്പോർട്സ് ബിൽ, അത് വേണ്ടേ, സ്പോർട്സ് ബിൽ വേണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

(തുടർന്നും പ്രതിപക്ഷം മുദ്രാവാക്യം വിളിച്ചുകൊണ്ടേയിരുന്നു)

മി.സ്പീക്കർ : ഇന്ന് വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് ചർച്ചയ്ക്ക് വരുന്നത്. എല്ലാപേർക്കും താൽപര്യമുള്ള... അത് ചർച്ച ചെയ്യണ്ടേ? അല്ലെങ്കിൽ ഈ ദിവസം നഷ്ടപ്പെടുകയില്ലേ? നാളത്തേയ്ക്ക് എന്നുള്ളതല്ല, ഈ ദിവസം പോയില്ലേ, പ്ലീസ്....പ്ലീസ്....പ്ലീസ്... ദയവ് ചെയ്ത് സഹകരിക്കണം. സഭാ നടപടികൾ മുന്നോട്ടു കൊണ്ടു പോകുന്നതിനുവേണ്ടി ദയവു ചെയ്ത് സഹകരിക്കണം. പ്രധാനപ്പെട്ട, എല്ലാപേർക്കും യോജിക്കാവുന്ന ഒരു ബില്ലാണ് സ്പോർട്സ് ബിൽ. ആ സ്പോർട്സ് ബില്ലിന്റെ ചർച്ചയ്ക്കുള്ള അവസരം. ഇന്നത്തെ ദിവസം നഷ്ടപ്പെടുകയില്ലേ.

ശ്രീ. ജോണി നെല്ലൂർ : ഇതും സ്പോർട്സാണ്.

മി.സ്പീക്കർ : - ഇതും സ്പോർട്സാണല്ലേ, ചിലപ്പോൾ അതായിരിക്കും, അതേ മുദ്രാവാക്യം വിളിയും സ്പോർട്സിൽപ്പെടുത്താം, പ്ലീസ്..... പ്ലീസ്.. (തുടർന്നും പ്രതിപക്ഷം ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

ശിവദാസമേനോൻ രാജി വയ്ക്കുക... എക്സൈസ് മന്ത്രി രാജിവയ്ക്കുക, കൊലയാളി മേനോൻ രാജിവയ്ക്കുക...

(ബഹളം.....) ശിവദാസമേനോൻ രാജിവയ്ക്കുക.. മുഖ്യമന്ത്രി നീതി പാലിക്കുക, എക്സൈസ് മന്ത്രി രാജിവയ്ക്കുക.. ശിവദാസ മേനോൻ രാജിവയ്ക്കുക... മുഖ്യമന്ത്രി നീതി പാലിക്കുക... എക്സൈസ് മന്ത്രി രാജിവയ്ക്കുക...

മി.സ്പീക്കർ : പ്ലീസ്...പ്ലീസ്.... സഭാനടപടികൾ മുന്നോട്ടു കൊണ്ടു പോകണമെന്നാണ് ചെയറിന്റെ ആഗ്രഹം... സഭാ നടപടികൾ എല്ലാപേരും സഹകരിച്ചുകൊണ്ടു മുന്നോട്ടു കൊണ്ടുപോകണം എന്നാണ് ചെയറിന്റെ ആഗ്രഹം. അതിനോട് സഹകരിക്കണം, അതിനുവേണ്ടിയാണ് പറയുന്നത്. സഭാനടപടികൾ മുന്നോട്ടു കൊണ്ടു പോകുന്നതിനുവേണ്ടി എല്ലാപേരും സഹകരിക്കണം. പ്ലീസ്... പ്ലീസ്... ദയവു ചെയ്ത്... (ബഹളം)... (തുടർന്നും പ്രതിപക്ഷം ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ടേയിരുന്നു.)

മി.സ്പീക്കർ : ദയവ് ചെയ്തു സഹകരിക്കൂ...

(തുടർന്നും പ്രതിപക്ഷം മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

മി.സ്പീക്കർ : സഭാനടപടികൾ അൽപ്പസമയത്തേയ്ക്ക് ചെയർ നിറുത്തിവയ്ക്കുന്നു.

(സഭാ നടപടികൾ സുഗമമായി നടത്തിക്കൊണ്ടു പോകാൻ സാധിക്കാത്ത സാഹചര്യത്തിൽ സഭ രാവിലെ 11.45-ന് നിറുത്തിവച്ചു).

(പ്രതിപക്ഷാംഗങ്ങളുടെ ബഹളം മൂലം 11.45-ന് നിർത്തിവച്ച സഭ ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ 12.47-ന് വീണ്ടും യോഗം ചേർന്നു)

മി.സ്പീക്കർ : ഓർഡർ, ഓർഡർ... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് എന്താണ് പറയാനുള്ളത്?

പ്രതിപക്ഷ നേതാവ് (ശ്രീ.എ.കെ. ആന്റണി) : സർ, ഞങ്ങൾ മൂന്ന് ആവശ്യങ്ങൾ ഇന്ന് ഉന്നയിക്കുകയുണ്ടായി. കേരളത്തിലെ ജനങ്ങൾക്കാകെ പ്രയാസമുണ്ടാക്കിയ, വേദന ഉണ്ടാക്കിയ വ്യാജമദ്യ ദുരന്തത്തെക്കുറിച്ച് ജന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുടെ സഭയായ ഈ സഭയിൽ മറ്റ് വിഷയങ്ങളെല്ലാം നിർത്തിവച്ച് ആദ്യത്തെ വിഷയമായി അവതരിപ്പിക്കണം. അതുകൊണ്ട് ഞങ്ങളുടെ അടിയന്തിരപ്രമേയമായിരിക്കണം ഇന്നത്തെ ചർച്ചയിലെ ആദ്യത്തെ വിഷയമെന്ന് ഞങ്ങൾ പറഞ്ഞു. വളരെ നിർണ്ണായകമായ ഒരു സമ്മേളനം ഡൽഹിയിൽ നടക്കുകയാണ്. പാർലമെന്റ് സമ്മേളനം. ലോകസഭയുടെയും രാജ്യസഭയുടെയും. അവിടെ 8 ദിവസക്കാലമായി തുടർച്ചയായി ഭരണപക്ഷ പ്രതിപക്ഷത്തുള്ളവരെല്ലാം ചേർന്ന് സഭാ സ്തംഭനം ഉണ്ടാക്കിയിരിക്കുകയാണ്. അവിടെ 23-ാം തീയതി തീരും. വളരെ നിർണ്ണായകമായ ഒരുപാട് കാര്യങ്ങൾ ചർച്ച ചെയ്യാനുള്ള ആ സമ്മേളനത്തിൽ പ്രതിപക്ഷം ഉന്നയിച്ച ഒരു കാര്യത്തിനുവേണ്ടി 8 ദിവസം ലോകസഭാ നടപടികൾ നിർത്തി, അതുപോലെ തന്നെ രാജ്യസഭാ നടപടികൾ നിർത്തി. നമ്മളെല്ലാംകൂടി ഒരുമിച്ച് ഭരണകക്ഷിയും പ്രതിപക്ഷവും ഒരുമിച്ച് അവിടെ സഭാനടപടികൾ നിർത്തി. അവസാനം കേന്ദ്രത്തിന് വളരെയധികം ബുദ്ധിമുട്ടും അസ്വസ്ഥതയും ഉണ്ടാക്കുന്ന ഗവൺമെന്റ് വളരെയധികം പ്രയാസപ്പെടാൻ പോകുന്ന ഒരു ചർച്ചയ്ക്ക് സമ്മതിക്കേണ്ടി വന്നു. ഞാനതു ചൂണ്ടിക്കാണിക്കുന്നതിനു കാരണം ലോകസഭയിൽ പ്രതിപക്ഷം ന്യൂനപക്ഷമാണ്. ഭരണകക്ഷിയാണ് ഭൂരിപക്ഷം. രാജ്യസഭയിൽ പ്രതിപക്ഷത്തിനാണ് ഭൂരിപക്ഷം. ഭരണപക്ഷത്തിന് ഭൂരിപക്ഷമുള്ള സഭയിൽപോലും ഒരു പ്രമേയം ചർച്ച ചെയ്യാൻ അവിടെ കേന്ദ്ര ഗവൺമെന്റ് വരെ സമ്മതിച്ചു. ഇവിടെ വോട്ടിംഗ് ഒന്നുമില്ല. ഇവിടെ ഇന്ന് സഭാനടപടികൾ നിർത്തി വച്ച് ചർച്ച ചെയ്യണമെന്ന് മാത്രം ആവശ്യപ്പെടുന്ന, ആ ഒരാവശ്യം അംഗീകരിക്കാൻ ഗവൺമെന്റ് തയ്യാറായില്ല. ഏറ്റവും മിതമായ, പ്രതിപക്ഷം പറയുന്ന തീരെ ചെറിയ ആവശ്യം പോലും അംഗീകരിക്കാൻ തയ്യാറില്ല. മറ്റ് രണ്ടാവശ്യങ്ങൾ, ഒന്ന്; എക്സൈസ് വകുപ്പ് മന്ത്രി രാജിവയ്ക്കുക; അതുപോലെ ഏറ്റവും ഒടുവിലത്തെ ആവശ്യം എന്ത്? ഈ മദ്യദുരന്തത്തിൽ രാഷ്ട്രീയ പാർട്ടികൾക്കുള്ള പങ്കിനെക്കുറിച്ച് അന്വേഷിക്കാൻ എന്തുകൊണ്ട് നിങ്ങൾ തയ്യാറാകുന്നില്ല. എന്തിനാണ് നിങ്ങൾ ശബ്ദമുണ്ടാക്കുന്നത്? എനിക്കു മനസ്സിലാകുന്നില്ല. ഇത്രയും മിതമായ ആവശ്യം അംഗീകരിക്കാത്ത സാഹചര്യത്തിൽ ഞങ്ങൾ എന്തായാലും ഈ സഭാനടപടികളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നില്ല. ഇന്നത്തെ സഭാനടപടികൾ അവസാനിക്കുന്നതു വരെ ഞങ്ങൾ സഭയുടെ കവാടത്തിൽ സത്യാഗ്രഹം അനുഷ്ഠിക്കാൻ ആഗ്രഹിക്കുകയാണ്.

(പ്രതിപക്ഷനേതാവ് ശ്രീ. എ.കെ. ആന്റണിയുടെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചു കൊണ്ട് സഭ വിട്ടിറങ്ങിപ്പോവുകയും സഭാകവാടത്തിൽ സത്യാഗ്രഹം അനുഷ്ഠിക്കുകയും ചെയ്തു).

മി.സ്പീക്കർ : ഓർഡർ... ഓർഡർ...

ഇന്നത്തെ സഭാനടപടികൾ, കാര്യപരിപാടിയനുസരിച്ചുള്ള സഭാ നടപടിയിലേയ്ക്ക് പ്രവേശിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly